# ദീപനാളം

സത്യപ്രകാശമേ നയിച്ചാലും · ESTD-1968


കലാസാംസ്കാരിക ദേശീയവാരിക

2020 ജൂലൈ 2 | ദീപം 53 | നാളം 9 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.com




# സഭയുടെ മുഖം ദരിദ്രമാകണം


■ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി


**ജൂലൈ 3 ദുക്റാനത്തിരുനാൾ**

**മാർ**ത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾദിനമായ ജൂലൈ മൂന്ന് ഒരിക്കൽകൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോ മലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാന തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമ്മാശ്ലീഹായോടു ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്ത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' (മാർ വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനമായി നിലകൊള്ളുന്നു. 'കർത്താവേ', 'ദൈവമേ' എന്ന രണ്ടു വിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്.

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യതകളും നമുക്കു തുറന്നു നൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചുകൊണ്ടിരുന്നതും പല തലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്നതുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്നു നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവുചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിതശൈലിയിൽ നിന്നകലണം. ഉടനെ പുതിയ നിർമ്മാണപദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമനമനോഭാവം നമുക്കുണ്ടാകണം. നിർബന്ധിതപണപ്പിരിവുകൾ നടത്താതിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരു വിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാ കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവ്വഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും തിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റുധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കുംവേണ്ടി നിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവഹണം സഭാമക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയ ചിന്തയിൽനിന്ന് ഉയിർകൊള്ളുന്നതാകട്ടെ.


**ജീവിതനവീകരണം**

ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി യഥാസമയം വേണ്ടതു നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. വ്യക്തികളും സഭാസംവിധാനങ്ങളും ആവശ്യത്തിൽ കവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. സഭ തങ്ങളുടേതാണെന്നും തങ്ങളാണു സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹപ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹികക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശംകൊണ്ട് ഉത്തമക്രൈസ്തവസാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡുകാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹികക്ഷേമവിഭാഗങ്ങളും മറ്റു സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്കു ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ**

2020 കോവിഡുവർഷമായി ലോകചരിത്രത്തിൽ അറിയപ്പെടുമെന്ന് തോന്നുന്നു. ഈ വർഷാവസാനം വരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേണ്ടിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതു വിധേനയും തടയേണ്ടത് മനുഷ്യവംശത്തിന്റെ നിലനില്പിനാവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കിക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്.

നമ്മുടെ രാജ്യവും ഇതേ സമീപനമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപനങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു.




▶▶19







മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 53–ാം വർഷം

# കാർഷികമേഖലയുടെ സമുദ്ധാരണം

**ഹരിതപാഠം 25**



മാർ ജേക്കബ് മുരിക്കൻ

**കാ**ർഷികമേഖലയുടെ ശക്തിയായിരുന്നു കേരളത്തിന്റെ കരുത്ത്. പക്ഷേ, ഇത് ഒരു ഭൂതകാലയാഥാർത്ഥ്യമായി മാത്രമേ നമുക്കു സ്മരിക്കാനാവൂ. ഇന്ന് കാർഷികമേഖല വൻതളർച്ചയാണു നേരിടുന്നത്. പരമ്പരാഗതകാർഷികവിളകളുടെ ഉത്പാദനത്തിൽ വലിയ കുറവു സംഭവിച്ചിരിക്കുന്നു. കേരളത്തിന്റെ നെല്ലറകളായിരുന്ന കുട്ടനാടും പാലക്കാടുമെല്ലാം വൻതിരിച്ചടികളെ നേരിടുകയാണ്. കഴിഞ്ഞ കുറേ ദശകങ്ങളായി നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം സ്ഥിരമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. കൂടാതെ, നെല്ലിന്റെ ഉത്പാദനക്ഷമതയും കുറവാണ്. ലോകത്തിലെ ഏറ്റവും കൂടുതൽ നെല്ലുത്പാദിപ്പിക്കുന്ന രാജ്യമായ ചൈനയിൽ ഉത്പാദനക്ഷമത 67.44 കി.ഗ്രാം/ഹെക്ടറാണ്. ഇത് കേരളത്തിന്റെ ഉത്പാദനക്ഷമതയെക്കാൾ മൂന്നു മടങ്ങു കൂടുതലാണ്. നെൽകൃഷിവിസ്തൃതിയിലുണ്ടായ കുറവു സൂചിപ്പിക്കുന്നത് നെൽപ്പാടങ്ങൾ മറ്റു വിളകൾക്കും കാർഷികേതര പ്രവർത്തനങ്ങൾക്കും കൂടുതലായി ഉപയോഗിക്കപ്പെടുന്നുവെന്നതാണ്. നെൽകൃഷിയുടെ ചെലവു കൂടുന്നതും കർഷകർ നേരിടുന്ന പ്രശ്നമാണ്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിയന്തരനടപടികൾ ആവിഷ്കരിച്ചുനടപ്പാക്കുകയും കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും വേണം.

തെങ്ങ് കേരളത്തിന്റെ കല്പവൃക്ഷമാണ്. നാളികേരകൃഷിയുടെ വിസ്തൃതിയിലും ഉത്പാദനത്തിലും കേരളത്തിന്റെ പങ്ക് ക്രമേണ കുറഞ്ഞുവരുന്നതായി കാണുന്നു. നാളികേരകർഷകർ നേരിടുന്ന പ്രധാനപ്രശ്നം കേടുകളുടെ വൻവർദ്ധനയാണ്. കാറ്റുവീഴ്ചപ്രശ്നം, പലതരം ചെല്ലികളുടെ ആക്രമണം, മണ്ഡരിരോഗം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ കർഷകർ നേരിടുന്നു. നാളികേരകൃഷി പ്രോത്സാഹനത്തിൽ മൂല്യവർദ്ധിതോത്പന്നങ്ങളുടെ സ്ഥാനം പ്രധാനമാണ്. കൊപ്രാ, പാനീയങ്ങൾ, ചിരട്ടകൊണ്ടുള്ള ഉത്പന്നങ്ങൾ, കോക്കനട്ട് ക്രീം, നീര തുടങ്ങിയവയുടെ പ്രചാരം വർദ്ധിപ്പിക്കണം.

കുരുമുളക് - കശുവണ്ടി മേഖലകളിലും കർഷകർ വൻ പ്രതിസന്ധി നേരിടുന്നു. കുരുമുളകുത്പാദനം കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിൽ വളരെ കുറയുന്നു. സംസ്ഥാനത്തെ കുരുമുളകുകൃഷിയുടെ സമുദ്ധാരണത്തിനു നടീൽചെടികളുടെ ലഭ്യത, ഗ്രാഫ്റ്റിംഗ് വിപുലീകരണം, രോഗപരിചരണം, കർഷകകൂട്ടായ്മകൾ എന്നിവ കൂടുതൽ സജീവമാകണം. കശുവണ്ടിയുടെ കാര്യത്തിലും ഉത്പാദനത്തിൽ കേരളത്തിൽ കുറവാണു സംഭവിക്കുന്നത്. മറ്റു സംസ്ഥാനങ്ങൾ വർദ്ധന പ്രകടമാക്കുമ്പോഴും കേരളത്തിൽ കുറവു സംഭവിക്കുന്നു.

തോട്ടവിളകളിൽ പ്രധാനമായ റബർ, തേയില, കാപ്പി, ഏലം എന്നിവയിൽ കേരളത്തിനുള്ള സ്ഥാനം സുപ്രധാനമാണ്. ഏകദേശം 14 ലക്ഷം കുടുംബങ്ങൾ തോട്ടവിളയെ ആശ്രയിച്ചു കഴിയുന്നു. റബർകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വിലയിടിവാണ്. കേരളത്തിലെ കർഷകരുടെ താത്പര്യങ്ങൾ ഹനിച്ചുകൊണ്ടുള്ള ഇറക്കുമതി നയങ്ങളും കാർഷികമേഖലയുടെ സുസ്ഥിരതയ്ക്കാവശ്യമായ ഭാവനാത്മകമായ ആസൂത്രണത്തിന്റെ അഭാവവും കർഷകരെ ഗുരുതരപ്രതിസന്ധിയിലാഴ്ത്തുന്നു.




കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, ചേന, മധുരക്കിഴങ്ങ്, ചേമ്പ്, കൂവ എന്നിവയും വാണിജ്യവിളകളായ പപ്പായ, വാഴ, പേരയ്ക്ക, കൈതച്ചക്ക, പ്ലാവ്, മാമ്പഴം, സപ്പോട്ട, ഞാവൽപ്പഴം എന്നിവയും സുഗന്ധവ്യഞ്ജനങ്ങളിൽപ്പെടുന്ന ഗ്രാമ്പൂ, കറുവ, ജാതി, ഇഞ്ചി, മഞ്ഞൾ, വാനില, വാളൻപുളി, പാനീയവിളയായ കൊക്കോ, പച്ചക്കറികളായ ചീര, വെണ്ട, പാവയ്ക്ക, പടവലം, വഴുതന, തക്കാളി, കാബേജ്, മുളക്, വെളുത്തുള്ളി, കാരറ്റ്, കോളിഫ്ളവർ, വെള്ളരി, തണ്ണിമത്തൻ എന്നിവയും കൂടുതൽ പ്രോത്സാഹനം അർഹിക്കുന്നു. □

# പൗരോഹിത്യം പഴയ നിയമത്തിലും പുതിയ നിയമത്തിലും



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

3




**ബ**നഡിക്ട് പാപ്പായും കർദ്ദിനാൾ സറായും അവരുടെ പ്രധാന പഠനങ്ങൾ വെവ്വേറെയാണ് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്.

ബെനഡിക്ട് പാപ്പായുടെ വിശുദ്ധഗ്രന്ഥവ്യാഖ്യാനവും ദൈവശാസ്ത്ര ഉൾക്കാഴ്ചയും വഴി കത്തോലിക്കാപൗരോഹിത്യത്തിന്റെയും ബ്രഹ്മചര്യത്തിന്റെയും സത്താപരമായ അർത്ഥതലങ്ങൾ സ്വതഃസിദ്ധമായ ബുദ്ധികൂർമ്മതയോടെ അവതരിപ്പിക്കുന്ന ലേഖനത്തിലെ ചില ആശയങ്ങൾ മാത്രം വായനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

**വിശുദ്ധഗ്രന്ഥവ്യാഖ്യാനം**

പൗരോഹിത്യം ഇന്ന് എത്തിനില്ക്കുന്ന ഗൗരവതരമായ സ്ഥിതിവിശേഷത്തിന് അടിസ്ഥാനകാരണം ബൈബിൾ പണ്ഡിതരുടെ വ്യാഖ്യാനരീതിയിലെ ഒരു പിഴവാണ്. വിശുദ്ധഗ്രന്ഥത്തെ ദൈവവചനമായി സ്വീകരിക്കുന്നതിൽ വന്ന ഈ ന്യൂനത എന്തെന്ന് തുടർന്നദ്ദേഹം വിശദമാക്കുന്നുണ്ട്. പഴയനിയമത്തിന് മിശിഹാകേന്ദ്രീകൃതമായ വ്യാഖ്യാനം ഉപേക്ഷിച്ച നിരവധി ആധുനികവ്യാഖ്യാതാക്കൾ ദൈവാരാധനയുടെയും ആചാരാനുഷ്ഠാനങ്ങളുടെയും കാര്യത്തിൽ അപൂർണ്ണവും അപര്യാപ്തവുമായ ദൈവശാസ്ത്രമാണ് ആവിഷ്കരിച്ചത്. പുതിയ ഉടമ്പടിയിൽ ദൈവാരാധനയും ബലികളും കാഴ്ചകളും അർപ്പിക്കുന്ന പൗരോഹിത്യത്തിനു സ്ഥാനമില്ലെന്നുവരെ ചിലർ പ്രഖ്യാപിച്ചു. ദൈവാരാധനയും അനുഷ്ഠാനങ്ങളും നിർത്തലാക്കുകയല്ല ഈശോ ചെയ്തത്. അവയെ തന്റെ സ്നേഹബലിയിലൂടെ പൂർത്തിയാക്കുകയാണു അവിടുന്നു ചെയ്തതെന്ന് ബനഡിക്ട് പാപ്പാ ഉറപ്പിച്ചു പ്രസ്താവിക്കുന്നു.

**പുതിയ നിയമവും പൗരോഹിത്യവും**

മിശിഹായിലും പരിശുദ്ധറൂഹായിലും കേന്ദ്രീകരിച്ചുകൊണ്ട് പൗരോഹിത്യത്തിന് പുതിയനിയമവ്യാഖ്യാനം നല്കുവാനാണ് പാപ്പായുടെ അടുത്ത ശ്രമം. ഓർശ്ലേം ദൈവാലയത്തിലെ പൗരോഹിത്യം പരമ്പരാഗതമായി പുരോഹിതകുടുംബങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. അതുകൊണ്ട്, നസ്രായനായ ഈശോയ്ക്കു ചുറ്റും രൂപംകൊണ്ടത് ഒരല്മായ പ്രസ്ഥാനമായിരുന്നു എന്നു പറയാം. അവസാനത്തെ പെസഹായോടെയാണ് സദുക്കായർ (പുരോഹിതസംഘം) ഈശോയുടെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കുന്നത്. അവസാനത്തെ പെസഹാ അന്ത്യത്താഴമായി മാറുകയും പുതിയ ഉടമ്പടിയിലെ പൗരോഹിത്യത്തിനു നാന്ദി കുറിക്കുകയും ചെയ്തു.

പ്രവാചകന്മാരുടെ വിമർശനങ്ങൾ ഉൾക്കൊണ്ട് പഴയനിയമകാലത്തെ ദൈവാരാധന നിലനിറുത്തുകയും അതിനു സമൂലപരിവർത്തനം വരുത്തുകയും ചെയ്യുന്നുണ്ട്. ഈശോ തന്നെയാണ് ബലിയർപ്പകനും ബലിവസ്തുവും. കർത്താവിന്റെ കുരിശുമരണവും ഉത്ഥാനവുമാണ് ഇതിനർത്ഥം നല്കുന്നത്.



അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് സാക്ഷ്യപ്പെടുത്തുന്നതുപോലെ ആദ്യനൂറ്റാണ്ടിന്റെ അവസാനത്തിൽത്തന്നെ യഹൂദരും വിജാതീയരും ഉൾപ്പെടുന്ന സമൂഹത്തിൽ അപ്പസ്തോലികപിന്തുടർച്ചയോടെ മെത്രാന്മാരും പുരോഹിതന്മാരും ഡീക്കന്മാരും എന്ന ത്രിവിധ ശുശ്രൂഷകർ നിലവിൽവന്നു. മോശയുടെ നിയമത്തിലെ മഹാപുരോഹിതർ, പുരോഹിതർ, ലേവ്യർ എന്നീ സ്ഥാനങ്ങൾക്കു തുല്യമാണിത്. എ.ഡി. 96-ാം നൂറ്റാണ്ടോടുകൂടി റോമിലെ വിശുദ്ധ ക്ലമന്റ് കൊറീന്ത്യർക്കുള്ള തന്റെ പ്രഥമലേഖനത്തിൽ ഇപ്രകാരമെഴുതി: "ഗുരുനാഥൻ നിർവ്വഹിക്കുവാനായി ചുമതലപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെല്ലാം നിശ്ചിതസമയങ്ങളിൽ ചിട്ടയായി നമ്മൾ നിറവേറ്റണം. കർത്താവ് കല്പിച്ച ബലിയർപ്പണവും ആരാധനയും എപ്പോഴെങ്കിലും പ്രത്യേക ക്രമമൊന്നും പാലിക്കാതെ ചെയ്യേണ്ടവയല്ല. അതിന് നിശ്ചിതകാലവും സമയവുമുണ്ട്. എന്തെന്നാൽ മുഖ്യപുരോഹിതന് അദ്ദേഹത്തിന്റേതായ ചുമതലകൾ നിശ്ചയിച്ചിട്ടുണ്ട്. പുരോഹിതന്മാർക്ക് അവരുടേതായ സ്ഥാനമുണ്ട്. ലേവ്യർക്ക് പ്രത്യേകമായ ശുശ്രൂഷകളുണ്ട്. അല്മായർക്കും അവർക്കുള്ള പെരുമാറ്റച്ചട്ടമുണ്ട്." (Clement of Rome Epistle to Corinthians (Chapter VII, 40, 1-5).

ബെനഡിക്ട്പാപ്പാ ഈ ഉദ്ധരണി നല്കുന്നത് പഴയനിയമത്തെയും അതിലെ ആരാധനയെയും ക്രിസ്തുകേന്ദ്രീകൃതവും റൂഹാകേന്ദ്രീകൃതവുമായി വ്യാഖ്യാനിക്കുന്നതിന്റെ ഉദാഹരണമായിട്ടാണ്. അദ്ദേഹം പറയുന്നു: "ഇപ്രകാരമാണു പഴയനിയമം ക്രൈസ്തവരുടെ വേദപുസ്തകമായി മാറുന്നതും അങ്ങനെതന്നെ തുടരുന്നതും" (p.41).

ദൈവത്തിന്റെ സമൂലമായ സ്നേഹത്തിൽനിന്നുദിക്കുന്ന പ്രവൃത്തി ഈശോമിശിഹായുടെ സ്ലീവായിലാണ് നിറവേറുന്നത്. ഈ സ്ലീവായിൽ എല്ലാറ്റിനെയും പരിവർത്തനം ചെയ്യുന്ന പരമസ്നേഹത്തിന്റെ പ്രവർത്തനമാണ് വെളിവാക്കപ്പെടുന്നത്. ഇതിലൂടെയാണ് പാപപങ്കിലമായ ലോകം നിത്യനായ ദൈവത്തോടു രമ്യപ്പെടുന്നത്.

വിശുദ്ധകുർബാനയിൽ സദാ സന്നിഹിതനാകുന്ന മിശിഹായുടെ സ്നേഹമാണ് നവമായ ദിവ്യാരാധന. ഈ ശുശ്രൂഷ സഭയെ ഭരമേല്പിച്ചിരിക്കുന്നു.

പുതിയ നിയമത്തിലെ പുരോഹിതനെ ദൈവവചനത്തിന്റെ ഉപാസകനായിട്ടാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിനു തൊട്ടുപിന്നാലെ നടന്ന ഒരു കോൺഫെറൻസിൽ യുവദൈവശാസ്ത്രജ്ഞനായ ഫാ. ജോസഫ് റാറ്റ്സിംഗർ അവതരിപ്പിച്ചത്. 'ആചാരാനുഷ്ഠാനങ്ങളുടെ പരികർമ്മി' മാത്രമല്ല വൈദികൻ എന്ന് ആ കാലഘട്ടത്തിൽ ഊന്നിപ്പറഞ്ഞിരുന്നെങ്കിലും ഇപ്പോൾ അതേ റാറ്റ്സിംഗർ പറയുന്നു:

"ദൈവവചനം ധ്യാനിക്കുക എന്നത് വൈദികന്റെ പ്രധാന ചുമതലയാണെങ്കിലും ആ വചനം മാംസം ധരിക്കുകയും പരിശുദ്ധ പരമദിവ്യകാരുണ്യത്തിൽ നമുക്കു ഭക്ഷണമായിത്തീരുകയും ചെയ്തു. സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ഈ അപ്പം ഭക്ഷിക്കുന്നവർ കർത്താവിന്റെ സ്ലീവായുടെ ശക്തിയാൽ രൂപാന്തരപ്പെടുന്നു."

പൗരോഹിത്യം പുതിയ നിയമത്തിൽ ഒരു വംശത്തിനു മാത്രമായി പരിമിതപ്പെടുത്തുന്നില്ല, തായ്‌വഴിയായി ലഭിക്കുന്നതുമല്ല എന്നതാണ്. ദൈവവിളിയും അതിന്റെ സ്വീകരണവുമാണ് നിർണായകമായിട്ടുള്ളത്. വി. മത്തായിയുടെ സുവിശേഷത്തിൽ, 'അതിനാൽ, തന്റെ വിശുദ്ധഭൂമിയിലേക്കു വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ' (9,38) എന്നാഹ്വാനം ചെയ്യുന്നത് അതുകൊണ്ടാണ്.

സഭയുടെ ആരംഭത്തിൽത്തന്നെ അപ്പംമുറിക്കൽ ശുശ്രൂഷ അനുദിനശുശ്രൂഷയായി (അന്നന്നുവേണ്ട അപ്പം ഇന്നും തരണമേ) മാറിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് പുരോഹിതശുശ്രൂഷ നയിക്കുന്നവർ പരിപൂർണസമർപ്പണവും വിരക്തിയും പാലിക്കുന്നവരായി മാറി. *(തുടരും)*

# ഗ്രീൻഫീൽഡ് വിമാനത്താവളം ചിറകടിച്ചുയരുന്ന നാടിന്റെ വികസനസ്വപ്നങ്ങൾ



പ്രഫ. റോണി കെ. ബേബി

ശബരിമലവിമാനത്താവളത്തിനുവേണ്ടി ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കാനുള്ള സർക്കാരിന്റെ ഉത്തരവു വന്നതോടുകൂടി മധ്യതിരുവിതാംകൂറിലെ വികസനസ്വപ്നങ്ങൾക്കും ചിറകുകൾ വിരിയുകയാണ്. കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത്, മണിമല വില്ലേജുകളിലെ 2263.18 ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. എ ജയതിലകിന്റെ ഉത്തരവ് കഴിഞ്ഞദിവസം പുറത്തിറങ്ങിയത്. ഹാരിസൺ മലയാളം പ്ലാന്റേഷൻ 2005ൽ ബിലീവേഴ്സ് ചർച്ച് ട്രസ്റ്റിനു കൈമാറിയ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാരുമായി തർക്കം നിലനിൽക്കുന്നതിനാൽ 2013ലെ ലാൻഡ് അക്വിസിഷൻ, റിഹാബിലിറ്റേഷൻ, റീസെറ്റിൽമെന്റ് നിയമത്തിലെ 77(2) വകുപ്പു പ്രകാരമാണ് ഇപ്പോൾ ഭൂമിയേറ്റെടുക്കാനുള്ള ഉത്തരവ് പുറത്തിറങ്ങിയിരിക്കുന്നത്. ഭൂമിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട തർക്കങ്ങളാണ് വിമാനത്താവളപദ്ധതിയെ ഇത്രയും വൈകിപ്പിച്ചത്. പദ്ധതി വരുമെന്ന ശുഭപ്രതീക്ഷകൾക്കിടയിലും തർക്കം ഇപ്പോഴും അവസാനിക്കാതെ കോടതിയിൽ കേസു നടന്നുവരുന്നതുകൊണ്ട് സ്വപ്നങ്ങൾക്കിടയിലും തെല്ല് ആശങ്കകളും ഇല്ലാതില്ല.

**ഭൂമിയുടെ ഉടമസ്ഥത: അവസാനിക്കാത്ത തർക്കങ്ങൾ**

2005 ൽ ഹാരിസണിൽനിന്നു ട്രസ്റ്റ് വാങ്ങിയ ഭൂമിയുടെ പോക്കുവരവ് കാഞ്ഞിരപ്പള്ളി തഹസിൽദാർ റദ്ദാക്കിയിരുന്നു. പാട്ടക്കാലാവധി കഴിഞ്ഞതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണെന്നും സർക്കാർ ഭൂമി കൈമാറാൻ ഹാരിസൺ മലയാളം ലിമിറ്റഡിന് അധികാരമില്ലായെന്നുമാണ് സർക്കാരിന്റെ വാദം. 1999 ഓഗസ്റ്റ് ഏഴിന് സുമിത എൻ. മേനോൻ കമ്മീഷൻ റിപ്പോർട്ടോടുകൂടി ഹാരിസൺ മലയാളം കമ്പനി കേരളത്തിൽ കൈവശം വച്ചിരുന്ന ചെറുവള്ളി തോട്ടം ഉൾപ്പടെയുള്ള തോട്ടഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പ് ബ്രിട്ടീഷ് ഭരണകാലത്ത് തിരുവിതാംകൂറിലെയും കൊച്ചിയിലെയും എല്ലാ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളും ഈസ്റ്റിന്ത്യാ കമ്പനികളുടെ നിയന്ത്രണത്തിലായിരുന്നു. ഏറ്റവും നല്ല മണ്ണ് തേടിപ്പിടിച്ച അവർ തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരിൽനിന്നും അവരുടെ സാമന്തന്മാരിൽനിന്നും പാട്ടം വ്യവസ്ഥയിൽ സ്ഥലം വാങ്ങി ചെറുതും വലുതുമായ നിരവധി തോട്ടങ്ങൾ ആരംഭിച്ചു. തിരുവിതാംകൂർ ലാന്റ് റവന്യൂ മാന്വൽ പ്രകാരം വിദേശികൾക്ക് തിരുവിതാംകൂറിൽ സ്വന്തമായി സ്ഥലം വാങ്ങാൻ അനുമതി ഇല്ലാതിരുന്നതിനാൽ പാട്ടം വ്യവസ്ഥയിലായിരുന്നു വിദേശ കമ്പനികൾക്കു ഭൂമി കൈമാറ്റങ്ങൾ.

1928-ലെ പ്ലാന്റേഷൻ ഡയറക്ടറി പ്രകാരം വിദേശക്കമ്പനികൾ ആ കാലയളവിൽത്തന്നെ തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും കൈവശം വച്ചിരുന്നത് രണ്ടു ലക്ഷത്തിൽപ്പരം ഏക്കർ സ്ഥലമാണ്. പീരുമേട് താലൂക്കിൽമാത്രം അന്ന് 18 വിദേശക്കമ്പനികളുടെ കൈവശം ഉണ്ടായിരുന്നത് 52,000 ഏക്കർ സ്ഥലമാണ്. 1947-നു മുമ്പ് വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന കേരളത്തിലെ മുഴുവൻ ഭൂമിയുടെയും ഇപ്പോഴത്തെ ഉടമസ്ഥാവകാശം പരിശോധിക്കാൻ 2015 ഡിസംബറിൽ എറണാകുളം ജില്ലാകളക്ടറായിരുന്ന ഡോ. എം.ജി. രാജമാണിക്യത്തെ സർക്കാർ സ്പെഷൽ ഓഫീസറായി നിയമിച്ചിരുന്നു . ഇടുക്കി-കോട്ടയം ജില്ലകളുടെ അതിർത്തിയായ മുണ്ടക്കയം പെരുവന്താനംമേഖലകളിൽ ആയിരക്കണക്കിന് ഏക്കർ സർക്കാർഭൂമി കൈവശം വച്ചിരിക്കുന്ന ട്രാവൻകൂർ റബ്ബർ ആന്റ് ടി കമ്പനിക്കെതിരെ (ടി.ആർ. ആൻഡ് ടി കമ്പനി) നടന്ന സമരത്തിന്റെയും റിട്ട് പെറ്റീഷൻ 26230/15 കേസിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് 2015 ഡിസംബർ 30-ന് ഡോ. രാജമാണിക്യത്തെ കേരള ഭൂസംരക്ഷണനിയമം അനുസരിച്ച് സ്പെഷൽ ഓഫീസറായി സർക്കാർ നിയമിക്കുന്നത്. ടി.ആർ. ആന്റ് ടി കമ്പനിക്കെതിരേ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനൊപ്പം സ്വാതന്ത്ര്യത്തിനു മുമ്പ് വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന മുഴുവൻ സ്ഥലത്തിന്റെയും ഇപ്പോഴത്തെ ഉടമസ്ഥാവകാശം പരിശോധിക്കാനാണ് സർക്കാർ രാജമാണിക്യത്തോടാവശ്യപ്പെട്ടത്.

രാജമാണിക്യത്തിന്റെ പ്രാഥമിക പരിശോധനയിൽത്തന്നെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. കേരളത്തിലെ സർക്കാർ റവന്യു ഭൂമിയുടെ 58 ശതമാനം, അതായത് അഞ്ചു ലക്ഷത്തി ഇരുപതിനായിരം ഏക്കർ സ്ഥലം ഇപ്പോഴും വിദേശകമ്പനികളുടെയോ, അവരുടെ ഇന്ത്യക്കാരായ ബിനാമികളുടേയോ കൈവശമാണ് എന്നതാണ് സുപ്രധാനവിവരം. ഉടമസ്ഥാവകാശം കാണിക്കുന്നതിനുവേണ്ടി ഹാജരാക്കിയ ആധാരങ്ങളും രേഖകളും കൃത്രിമമായി വിദേശത്തു ചമച്ചവയാണ് എന്നതാണ് മറ്റൊരു കണ്ടെത്തൽ. വിദേശനാണ്യ ചട്ടങ്ങൾ ലംഘിച്ച് ഓരോ വർഷവും കോടിക്കണക്കിനു രൂപയാണ് വിദേശത്തേക്കു കടത്തുന്നത്. തോട്ടങ്ങളുടെ ഉടമസ്ഥരാണ് എന്നവകാശപ്പെടുന്ന പല ഇന്ത്യൻകമ്പനികളും പഴയ ഈസ്റ്റിന്ത്യാ കമ്പനികളുടെ ബിനാമികളാണ് തുടങ്ങിയ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് രാജമാണിക്യം തന്റെ അന്വേഷണത്തിലൂടെ പുറത്തുകൊണ്ടുവന്നത്.






അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കലിന്റെ ഭാഗമായി സ്പെഷ്യൽ ഓഫീസർ ചെറുവള്ളി തോട്ടം ഉൾപ്പടെ 38171 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭൂമിയേറ്റെടുക്കാൻ കേരള ഭൂസംരക്ഷണനിയമപ്രകാരം സ്പെഷൽ ഓഫീസർക്ക് അധികാരമില്ലെന്ന ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധികൾ വന്നതോടെ ഭൂമി ഏറ്റെടുക്കൽ അനിശ്ചിതത്തിലായി. ഭൂമി ഏറ്റെടുക്കാൻ സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാം എന്ന സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പാലാ സബ് കോടതിയിൽ സർക്കാർ നൽകിയ കേസ് പരിഗണയിൽ ഇരിക്കെയാണ് ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള സർക്കാരിന്റെ ഉത്തരവ് വരുന്നത്.

**വിമാനത്താവളം: ചിറകുവയ്ക്കുന്ന സ്വപ്നങ്ങൾ**

കേരളത്തിൽ നിർദ്ദേശിക്കപ്പെടുന്ന അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളമാണ് ശബരി അന്താരാഷ്ട്രവിമാനത്താവളം. 2017 ജൂൺ 19 ന് സർക്കാർ പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിരുന്നു. വിപുലീകരണത്തിന് അനന്തമായ സാധ്യതകളുള്ള ഒരു ടേബിൾ ടോപ്പ് പീഠഭൂമി വിമാനത്താവളമാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. മധ്യതിരുവിതാംകൂറിൽ പുതിയ വിമാനത്താവളത്തിനുള്ള ആദ്യഘട്ടസാദ്ധ്യതാപഠനം പൂർത്തിയാക്കിയ അമേരിക്കൻ കമ്പനിയായ എയ്കോം ഏജൻസി സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലം എന്നു ചൂണ്ടിക്കാട്ടിയതും ചെറുവള്ളിയെയാണ്. ഈ പ്രദേശത്തെ ഉറച്ച മണ്ണും ഭൂപ്രകൃതിപരമായ അനുകൂല ഘടകങ്ങളും വിമാനത്താവളത്തിന് കുറഞ്ഞ മൂലധനവും പരിപാലനച്ചെലവും മതിയാകുമെന്നു പൊതുവെ വിലയിരുത്തപ്പെടുന്നു. അന്താരാഷ്ട്ര വിമാനത്താവളമായാലും സാമ്പത്തികമായി ലാഭകരമാകുമെന്നും ആവശ്യത്തിനു യാത്രക്കാരെ ലഭിക്കുമെന്നും നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ കൺസൾട്ടൻസിയായ ലൂയിസ് ബ്ഗർ കമ്പനി സമർപ്പിച്ച പ്രാഥമികപഠനറിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.

സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ പഠനങ്ങൾ പ്രകാരം കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലായി രണ്ടു ലക്ഷത്തിലധികം പ്രവാസികളാണുള്ളത്. ഉത്തരമലബാർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വിദേശമലയാളികളുടെ കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പത്തനംതിട്ട, കോട്ടയം, തിരുവല്ല, കോഴഞ്ചേരി, റാന്നി, പാലാ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിലെയും ഇടുക്കി ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലെയും വിദേശമലയാളികൾക്കാകും പദ്ധതി ഏറെ പ്രയോജനമേകുക. മുൻവർഷങ്ങളെ അപേക്ഷിച്ച് കോട്ടയത്തുനിന്ന് കഴിഞ്ഞ വർഷങ്ങളിൽ പ്രവാസികളുടെ എണ്ണത്തിൽ വൻ വർധനവാണുണ്ടായിക്കൊണ്ടിരിക്കുന്നത്. നിലവിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കു പുറമെ മലേഷ്യ, സിംഗപ്പൂർ, ശ്രീലങ്ക ഉൾപ്പെടെ വിദേശരാജ്യങ്ങളിൽ നിന്നുള്ള തീർത്ഥാടകരും ശബരിമലയിലെത്തുന്നുണ്ട്. നിർദ്ദിഷ്ടവിമാനത്താവളം ഇവർക്കും ഏറെ പ്രയോജനം ചെയ്യുമെന്ന് നിസംശയം പറയാം. നിലവിൽ ഇവിടെ നിന്നുള്ള തീർത്ഥാടകർ നെടുമ്പാശ്ശേരി, തിരുവനന്തപുരം എന്നീ വിമാനത്താവളത്തിൽ എത്തി അവിടെ നിന്നു മണിക്കൂറുകൾ യാത്ര ചെയ്ത് എരുമേലിയിൽ വന്നശേഷമാണ് ശബരിമലയ്ക്കു പോവുന്നത്. പുതിയ വിമാനത്താവളം വരുന്നതോടെ തീർത്ഥാടകരുടെ സമയനഷ്ടവും അനാവശ്യ യാത്രാച്ചെലവും, ദീർഘദൂരയാത്രയും ഗണ്യമായി കുറയ്ക്കുന്നു.

വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സ്ഥിതിചെയ്യുന്ന ഭരണങ്ങാനവും, ചേർപ്പുങ്കൽ, അരുവിത്തുറ, രാമപുരം കാഞ്ഞിരപ്പള്ളി അക്കരപ്പള്ളി തുടങ്ങിയ തീർത്ഥാടനകേന്ദ്രങ്ങളും ഇനി ഏറെ ശ്രദ്ധേയമാവും എന്നതിൽ സംശയമില്ല. അതുപോലെ മേഖലയിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസ കേന്ദ്രങ്ങളായ അമൽജ്യോതി, ചൂണ്ടച്ചേരി എൻജിനീയറിങ് കോളേജുകൾ, മരിയൻ കുട്ടിക്കാനം, വലവൂർ എൻഐടി തുടങ്ങിയവയ്ക്കൊക്കെ വലിയ അവസരങ്ങളാണ് ഒരുങ്ങുന്നത്. കൂടാതെ റബ്ബർ സുഗന്ധവ്യഞ്ജനകയറ്റുമതി അടിസ്ഥാനമായ വ്യവസായങ്ങൾക്കും വലിയ സാധ്യതകളുണ്ട്. കേരളത്തിലെ സുവർണ ത്രികോണം എന്നറിയപ്പെടുന്ന മൂന്നാർ, ഇടുക്കി, തേക്കടി എന്നീ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന ഇടുക്കി ജില്ലയും നിർദ്ദിഷ്ടപദ്ധതിയിലൂടെ വികസനം ഏറെ പ്രതീക്ഷിക്കുന്നു. പ്രദേശത്തുനിന്നും ഇടുക്കിയുടെ പ്രമുഖസുഖവാസകേന്ദ്രമായ മൂന്നാറിലേക്ക് 150 കിലോമീറ്ററിൽ താഴെ ദൂരം മാത്രമാണുള്ളത്.

ജലവിനോദസഞ്ചാര മേഖലയുടെ പ്രിയപ്പെട്ട പ്രദേശമായ ആലപ്പുഴയും പദ്ധതിപ്രദേശത്തുനിന്ന് അധിക ദൂരത്തിലല്ല. സഞ്ചാരികൾക്ക് ആലപ്പുഴയിൽ എത്തുവാൻ വിമാനത്താവളം വരുന്നതോടെ എളുപ്പമാകും. ആലപ്പുഴയുടെ പ്രധാന കവാടമായ ചങ്ങനാശേരി പദ്ധതി പ്രദേശത്തുനിന്ന് ഏതാനും കിലോമീറ്റർ ദൂരെ മാത്രമാണ്. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തുനിന്നും വ്യാവസായികനഗരമായ കൊച്ചിയിൽ നിന്നും ചെറുവള്ളിയിലെത്താൻ ഏതാണ്ട് സമദൂരമാണ്. സ്വപ്നങ്ങൾ ഏറെയുണ്ടെങ്കിലും ഇനിയും കടക്കാൻ നിരവധി കടമ്പകൾ മുന്നിലുണ്ട് എന്നത് പദ്ധതിയുടെ മുമ്പിലെ വെല്ലുവിളികൾ തന്നെയാണ്.

□

# പഠനരീതികൾ മാറുമ്പോൾ



അഡ്വ. ചാർളി പോൾ

മനുഷ്യജീവിതത്തിന്റെ എല്ലാ ക്രമങ്ങളെയും കോവിഡ്-19 മാറ്റിമറിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനം വിദ്യാഭ്യാസ മേഖലയിൽ സംഭവിക്കുന്ന മാറ്റങ്ങളാണ്. ക്ലാസ്സ് മുറികളിൽ വിദ്യാർത്ഥികൾ കൂട്ടമായിരുന്നു പഠിക്കുന്നതും അവരെ നേരിൽ കണ്ട് അധ്യാപകർ പഠിപ്പിക്കുന്നതുമായ പരമ്പരാഗത രീതികളിൽനിന്നു മാറി ഓൺലൈൻ ഡിജിറ്റൽ വിദ്യാഭ്യാസത്തിലേക്കു നമ്മൾ മാറുകയാണ്. സർവകലാശാലകൾ, കോളജുകൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിലൊക്കെ ഓൺലൈൻ പഠനം വ്യാപകമായിക്കഴിഞ്ഞു. കോവിഡ്-19 ഉയർത്തുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ഓൺലൈൻ പഠനം പുതിയ വഴികൾ തുറന്നു തരുന്നുണ്ട്. ആ സാധ്യതകളെ നാം പ്രയോജനപ്പെടുത്തുകതന്നെ വേണം. അതേ ഇപ്പോൾ മാർഗ്ഗമുള്ളൂ. അതേസമയം ഓൺലൈൻ പഠനം ഉയർത്തുന്ന വലിയ വെല്ലുവിളികളെ ഈ സന്ദർഭത്തിൽ നാം കാണാതിരുന്നുകൂടാ. പ്രതിസന്ധികളെ മറികടക്കാനുള്ള വഴി എന്നതി



നപ്പുറം ഓൺലൈൻ പഠനത്തെ വിദ്യാഭ്യാസ പ്രക്രിയയുടെ അടിസ്ഥാനഘടകമാക്കാനുള്ള ശ്രമം ഗുരുതരമായ സാമൂഹികപ്രത്യാഘാതം സൃഷ്ടിക്കും.

സംസ്ഥാനപ്രോജക്ട്ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 2020 മേയ് 10 ന് സംസ്ഥാനത്തെ 41.3 ലക്ഷം വിദ്യാർത്ഥികളിൽ 2.61 പേർക്ക് ഓൺലൈൻ ക്ലാസിനുള്ള സാങ്കേതിക സൗകര്യം ഇല്ലായിരുന്നു. ജൂൺ ഒന്നിലെ സ്ഥിതിയനുസരിച്ച് അത് 1.15 ലക്ഷമായി. ജൺ 8 ലുള്ള റിപ്പോർട്ട് പ്രകാരം വിദ്യാർത്ഥികളുടെ എണ്ണം 42,412 ആയി കുറഞ്ഞു. ജൂൺ 18നു നൽകിയ റിപ്പോർട്ട് പ്രകാരം ഇനി 82 പേർ മാത്രമേ അവശേഷിക്കുന്നുള്ളൂ. അതു പരിഹരിക്കാനുള്ള ശ്രമം നടക്കുമ്പോഴും വളരെയേറെ പരിമിതികൾ നമ്മൾ നേരിടുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സ്മാർട്ട് ഫോൺ, ടാബ്ലറ്റ്, ലാപ്ടോപ് എന്നിവ വാങ്ങാനാവുക, അതിന്റെ നെറ്റ് ചാർജ് നൽകാൻ കഴിയുക, ഉപയോഗരീതി പഠിപ്പിക്കുക എന്നിവയെല്ലാം ക്ലേശകരമാണ്. ഫോൺ ഉണ്ടായാലും നെറ്റ്‌വർക്ക് തകരാറുകളും സിഗ്നൽ പ്രശ്നങ്ങൾ മൂലം പഠനം നടത്താനാകുന്നില്ല. ഡിജിറ്റൽ സാങ്കേതിക പരിജ്ഞാനം, ആശയവിനിമയ ഉപകരണങ്ങൾ, ശൃംഖലകൾ തുടങ്ങിയവ കണ്ടെത്താനും ഉപയോഗിക്കാനും വിലയിരുത്താനുമുള്ള ശേഷി(ഡിജിറ്റൽ സാക്ഷരത) നമുക്കു കുറവാണ്. ഒരു ഡിജിറ്റൽ അസമത്വം ഇവിടെ സംജാതമാകുന്നുണ്ട്. അതൊരു വെല്ലുവിളിയാണ്.

അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള സർഗ്ഗാത്മകവിനിമയം ഓൺലൈൻ വിദ്യാഭ്യാസത്തിൽ നഷ്ടപ്പെടുന്നുണ്ട്. അത് അധ്യയനത്തിൽ ഉൾച്ചേർന്ന സർഗ്ഗാത്മകതയും നിർവാഹകത്വവും ഇല്ലാതാക്കും. സമ്പൂർണവും സമഗ്രവുമായ ഒരു വ്യക്തിത്വവളർച്ച വിദ്യാർത്ഥികളിൽ സംജാതമാകുന്നതിനു പകരം വിവരവിതരണത്തിന്റെ ഒരു ഇടനില സഹായിയുടെ (fecilitator) നിലയിലേക്ക് അധ്യാപനം ചുരുങ്ങും. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന പ്രകൃതം വിവരവിതരണത്തിനും നൈപുണ്യ നിർമ്മാണത്തിനും പ്രാധാന്യം നൽകുന്നതാണ്. അത് ജൈവികവിനിമയശേഷിയും സർഗ്ഗാത്മക സംവാദശേഷിയും നഷ്ടപ്പെടുത്തും. വ്യാഖ്യാനാത്മകവും വിമർശനാത്മകവുമായ അവബോധ രൂപവത്കരണം നടക്കാതെ പോകും.

ക്യാമ്പസും കൂട്ടുകാരും അധ്യാപകരുമൊന്നുമില്ലാതെ ഒറ്റപ്പെടുന്ന അവസ്ഥ വിദ്യാർത്ഥികളിൽ ഏകാന്തതയും അസ്വസ്ഥതയും പിരിമുറുക്കവും ഉണ്ടാക്കാം. പാഠഭാഗങ്ങൾ മുഖാമുഖം ചർച്ചചെയ്യുമ്പോൾ കിട്ടുന്ന പഠനാനുഭവവും സംശയനിവാരണവും ഊർജ്ജവും ഓൺലൈനിൽ ലഭ്യമാക്കാനാവില്ല. മറ്റ് അനേകം പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. അതെല്ലാമാണ് ഒരു വിദ്യാർത്ഥിയെ ഉത്തമമനുഷ്യനായി രൂപാന്തരപ്പെടുത്തുന്നത്. ആ രൂപാന്തരപ്രക്രിയ ഓൺലൈനിലൂടെ സാധ്യമല്ല.

ഭിന്നശേഷിക്കാരായ കുട്ടികൾ, ശ്രവണ-കാഴ്ച പരിമിതിയുള്ളവർ, പഠന വൈകല്യങ്ങളുള്ളവർ എന്നിവർക്ക് വ്യക്തിപരമായ അടുപ്പവും ശ്രദ്ധയും ആവശ്യമുണ്ട്. ബൗദ്ധികവൈകല്യമുള്ള 9,000 കുട്ടികൾ കേരളത്തിലുണ്ട്. ഇവർക്കുള്ള ഓൺലൈൻ പാഠ്യപദ്ധതി തയ്യാറാക്കുക എന്നത് ഏറെ ശ്രമകരമാണ്. ചുരുക്കത്തിൽ രണ്ട് വസ്തുതകൾ കണക്കിലെടുക്കണം. ഒന്നാമത് സ്കൂൾ നൽകുന്ന സാമൂഹികാന്തരീക്ഷത്തിൽ വളരാനുള്ള അവസ്ഥ നഷ്ടമാകുന്നത് കുട്ടികളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേക്കാം. അത് മുൻകൂട്ടി കാണണം. രണ്ടാമത് യുനെസ്കോ റിപ്പോർട്ട് പ്രകാരം 47 ദശലക്ഷം കുട്ടികൾ പത്താം ക്ലാസ് എത്തുന്നതിനുമുമ്പ് പഠനം ഉപേക്ഷിച്ചുപോകുന്ന രാജ്യത്ത്, വിദ്യാഭ്യാസം ഓൺലൈനിലേക്ക് മാറുന്നതിലൂടെ വിദ്യ അഭ്യസിക്കാനുള്ള സൗകര്യം സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്ക് അന്യം നിന്നാൽ വലിയൊരു വിഭജനത്തിനും സാമൂഹികാരക്ഷിതാവസ്ഥയ്ക്കും അത് കാരണമായേക്കാം. ഈ അസമത്വം പരിഹരിക്കപ്പെടണം. ഓൺലൈൻ താൽക്കാലികപരിഹാരമാണ്. അത് പ്രയോജനപ്പെടുത്തുകതന്നെവേണം.

□

---

എംബിബിഎസും ഹൗസ് സർജൻസിയും പൂർത്തിയാക്കിയ

## ഡോ. ഡീന അന്ന ജേക്കബ്

# സന്ന്യാസജീവിതത്തിലേക്ക്

സന്ന്യാസജീവിതത്തിനും സന്ന്യാസിനികൾക്കും എതിരേയുള്ള കുപ്രചരണങ്ങളും അപവാദങ്ങളും വ്യാപകമായി പ്രചരിക്കുമ്പോഴും അവയെല്ലാം അതിജീവിക്കുന്ന വിശ്വാസതീക്ഷ്ണതയോടെയാണ് സന്ന്യാസത്തിലേക്ക് യുവസമൂഹം



ഡോ. ഡീന

ഇന്നാളുകളിൽ കടന്നുവരുന്നത്. അതിന് ഏറ്റവും വലിയ തെളിവാണ് സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട് സന്ന്യാസിനീസമൂഹത്തിലെ സന്ന്യാസാർത്ഥിനി ഡീന അന്ന ജേക്കബ്. കേവലം പ്ലസ്ടുവിനുശേഷമല്ല, എംബിബിഎസും ഹൗസ് സർജൻസിയും കഴിഞ്ഞതിനുശേഷമാണ് ഡീന അന്ന ജേക്കബ് സന്ന്യാസജീവിതത്തിലേക്കു പ്രവേശിച്ചിരിക്കുന്നത്. ക്രിസ്തീയവിശ്വാസങ്ങൾക്ക് ഏറെ മൂല്യങ്ങൾ നൽകുന്ന കുടുംബത്തിൽനിന്നാണ് എസ്.ഡി. സന്ന്യാസിനീസമൂഹത്തിലേക്കുള്ള ഡീനയുടെ കടന്നുവരവ്.

പാലക്കാട് രൂപതയിലെ ചന്ദ്രനഗർ ഇടവകയിലെ നൽപുരപറമ്പിൽ ജേക്കബ് - ജോമോൾ ദമ്പതികളുടെ മൂന്നു മക്കളിൽ രണ്ടാമത്തവളാണ് ഡീന. കർണാടകയിലെ റായ്ച്ചൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് മെഡിക്കൽ കോളേജിൽനിന്നായിരുന്നു എംബിബിഎസ് പഠനം പൂർത്തിയാക്കിയത്. എന്നാൽ, സന്ന്യാസജീവിതത്തിനായുള്ള ആഗ്രഹം അവളുടെ മനസിൽ നേരത്തെ തന്നെ നാമ്പിട്ടിരുന്നു. സിസ്റ്ററാകണമെന്ന ആഗ്രഹം മാതാപിതാക്കളെ അറിയിച്ചപ്പോൾ ആ തീരുമാനത്തിൽ നിന്നു പിന്തിരിപ്പിക്കാനാണ് അവർ ആദ്യം ശ്രമിച്ചത്. പക്ഷേ, തീരുമാനത്തിൽ ഉറച്ചു നിന്നപ്പോൾ തനിക്ക് അവർ പൂർണപിന്തുണ നല്കിയെന്ന് ഡീന പറയുന്നു.



അഗതികളുടെ സന്ന്യാസിനീസഭയിൽ രണ്ടാം വർഷ നൊവിഷ്യേറ്റ് പഠനത്തിലാണ് ഡീന ഇപ്പോൾ. അടുത്ത വർഷം പ്രഥമവ്രതവാഗ്ദാനം നടത്തും. പാവങ്ങളുടെ അമ്മയായ മദർ തെരേസയും, ദൈവം നൽകിയ ഉന്നതപദവികൾ വിട്ടെറിഞ്ഞ ആഫ്രിക്കയിലെ ആൽബർട്ട് ഷൈറ്റ്സറുടെ ജീവിതവും സന്ന്യാസജീവിതത്തിലേക്കു പ്രവേശിക്കുന്നതിന് തനിക്കു പ്രചോദനമേകിയിരുന്നെന്നും ഡീന പറയുന്നു. പൊതുസമൂഹത്തിലെ ഒറ്റപ്പെട്ട സംഭവങ്ങൾ ചൂണ്ടിക്കാട്ടി സന്ന്യാസത്തെയും സന്ന്യാസജീവിതത്തിലേക്കു കടന്നുവരാനിരിക്കുന്നവരെയും പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നവർക്കുള്ള മറുപടി കൂടിയാണ് 'ഡോ. ഡീന'യുടെ ദൈവവിളി അനുഭവം.

■

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**കർത്താവേ, എന്നെ സുഖപ്പെടുത്തണമേ; അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും. എന്നെ രക്ഷിക്കണമേ; അപ്പോൾ ഞാൻ രക്ഷപ്പെടും; അങ്ങു മാത്രമാണ് എന്റെ പ്രത്യാശ.**

ജറെമിയ 17:14

**എഡിറ്റോറിയൽ**

# പ്രവാസികളുടെ ആശങ്കയകറ്റണം

കോവിഡ് പ്രതിസന്ധി രൂക്ഷമായതിനെത്തുടർന്ന് വിദേശമലയാളികളുടെ മടങ്ങിവരവിനുള്ള അനുകൂലസാഹചര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ഒരുക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണെന്നിരിക്കേ, അപ്രായോഗികനയങ്ങളും നിബന്ധനകളുമിറക്കി പ്രവാസികളെ പ്രയാസപ്പെടുത്തുന്നതു ന്യായീകരിക്കാനാവില്ല.

ഏകദേശം അഞ്ചുലക്ഷം പ്രവാസികളാണ് തങ്ങളുടെ മാതൃദേശത്തേക്കു മടങ്ങാൻ നോർക്ക വഴി രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതിൽ ഒരുലക്ഷത്തിൽ താഴെ ആളുകൾക്കേ, ഉറ്റവരുടെയും ഉടയവരുടെയും തണലുപറ്റാൻ കഴിഞ്ഞിട്ടുള്ളൂ. ഗർഭിണികൾക്കും രോഗികൾക്കും കുട്ടികൾക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും മറ്റും ആദ്യയാത്രകളിൽ മുൻഗണനകൾ ലഭിച്ചുവെന്നതൊഴിച്ചാൽ, പ്രതീക്ഷയോടെ കാത്തിരിക്കുന്ന ലക്ഷക്കണക്കിനു പ്രവാസിമലയാളികളുടെ ആശങ്കയകറ്റാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ഭാഗത്തുനിന്ന് പ്രായോഗികവും കാര്യക്ഷമവുമായ അടിയന്തര ഇടപെടലുകളുണ്ടാകുന്നില്ലെന്നതു തീർത്തും ലജ്ജാകരമാണ്.

വന്ദേഭാരത് ദൗത്യത്തിന്റെ ഭാഗമായുള്ള വിമാനങ്ങളിലും ചാർട്ടേഡ് വിമാനങ്ങളിലും എത്തുന്നവർക്ക് കോവിഡ് പോസിറ്റീവ് അല്ലെന്ന സർട്ടിഫിക്കറ്റ് വേണമെന്ന കേരളസർക്കാരിന്റെ നിബന്ധന വലിയ എതിർപ്പിനിടയാക്കിയിരിക്കുകയാണ്. യുഎഇ, ഖത്തർ എന്നിവിടങ്ങളിലൊഴികെ മറ്റൊരിടത്തും 'കോവിഡില്ലാ സർട്ടിഫിക്കറ്റ്' ലഭിക്കാനുള്ള സൗകര്യങ്ങൾ നിലവിലില്ല. പ്രതിപക്ഷവും പ്രവാസികളും സർക്കാർ തീരുമാനം അപ്രായോഗികമാണെന്നു ചൂണ്ടിക്കാണിച്ചിട്ടും പ്രയോജനമുണ്ടാകുന്നില്ല. 'കോവിഡില്ലാ സർട്ടിഫിക്കറ്റ്' വേണമെന്ന സർക്കാർ നിബന്ധനയുടെ കാര്യത്തിൽ ഇടപെടാനാവില്ലെന്നു സുപ്രീംകോടതിയും വ്യക്തമാക്കിയിരിക്കുന്നു. കോവിഡ്ബാധിതർക്കു പ്രത്യേകവിമാനം വേണമെന്ന കേരളനിർദ്ദേശം കേന്ദ്രം തള്ളുകയും ചെയ്ത സാഹചര്യത്തിൽ പ്രവാസികളുടെ മടങ്ങിവരവ് തീർത്തും അനിശ്ചിതത്വത്തിലായിരിക്കുന്നു.

റാപ്പിഡ് ടെസ്റ്റ് സൗകര്യം ലഭിക്കാത്ത സൗദി, കുവൈത്ത് അടക്കമുള്ള രാജ്യങ്ങളിൽനിന്നുള്ള വന്ദേഭാരത്-ചാർട്ടേഡ് വിമാനങ്ങളിൽ വരുന്നവർക്കായി ട്രൂനെറ്റ് പരിശോധന നടത്തുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കാമെന്ന സംസ്ഥാനസർക്കാരിന്റെ വാഗ്ദാനം അഭിനന്ദനാർഹമാണ്. എന്നാൽ, അത് ആ രാജ്യങ്ങൾ അംഗീകരിക്കുകയും വിമാനക്കമ്പനികളുടെ സഹകരണമുണ്ടാവുകയും വേണം. ഒപ്പം, കേന്ദ്രസർക്കാരിന്റെ അനുമതിയും എംബസിയുടെ മേൽനോട്ടവും അനിവാര്യമാണുതാനും.

വിദേശരാജ്യങ്ങളിൽനിന്നു വരുന്നവർ ഒരുമിച്ചു വിമാനയാത്ര ചെയ്യുമ്പോൾ രോഗപ്പകർച്ചയ്ക്കുള്ള സാധ്യതയുണ്ടെന്ന സർക്കാരിന്റെ ആശങ്ക ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. അതു പരിഹരിക്കാൻ സാമൂഹികാകലം പാലിക്കാനുള്ള കർശനനിർദ്ദേശവും അതു നടപ്പിലാക്കാനുള്ള സംവിധാനവുമാണുണ്ടാകേണ്ടത്.

ജൂലൈ 15 നകം വന്ദേഭാരത് മിഷന്റെ ഭാഗമായി മാത്രം 148 വിമാനങ്ങളാണ് കേരളത്തിലേക്കെത്തുന്നത്. 700 ചാർട്ടേർഡ് വിമാനങ്ങൾക്കും അനുമതി നല്കിയിട്ടുണ്ട്. ചാർട്ടേർഡ് വിമാനങ്ങളൊരുക്കാൻ മുൻകൈയെടുക്കുന്ന പ്രവാസിസംഘടനകളെ സർക്കാർ പ്രോത്സാഹിപ്പിക്കണം. കേരളത്തിലെത്തുന്ന പ്രവാസികളുടെ ക്വാറന്റീൻ നടപടികൾ സർക്കാർചെലവിൽത്തന്നെ കാര്യക്ഷമമാക്കണം.

രോഗപ്പകർച്ച രൂക്ഷമായ സാഹചര്യത്തിൽ, നാടിന്റെ സാന്ത്വനസ്പർശം തേടി കൂടണയാൻ ശ്രമിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവരെ കരുതലോടെ സ്വീകരിക്കാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തീവ്രയത്നം നടത്തിയേ തീരൂ. അവർക്കു മതിയായ ചികിത്സയും പരിചരണവും നല്കുന്നതിൽനിന്ന് സർക്കാരുകൾക്ക് ഒഴിഞ്ഞുമാറാനാവില്ല.

□

# മാലിന്യനിർമ്മാർജ്ജനത്തിൽ സ്വീഡൻ മാതൃക



**പ്രതികരണം**

തോമസ് കുഴിഞ്ഞാലിൽ


**പ്രകൃതിക്കു ഭീഷണിയായി പ്ലാസ്റ്റിക്ക്**

മാർ ജേക്കബ് മുരിക്കൻ

പെട്രോളിയത്തിൽനിന്നു വേർതിരിച്ചെടുക്കുന്ന രാസപദാർത്ഥങ്ങളിൽനിന്നാണ് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുന്നത്. എളുപ്പത്തിൽ രൂപം മാറ്റാൻ കഴിയുന്ന എന്നർത്ഥമുള്ള 'Plastikos' എന്ന ഗ്രീക്കു പദത്തിൽനിന്നാണ് പ്ലാസ്റ്റിക് എന്ന ഇംഗ്ലീഷുപദത്തിന്റെ ഉദ്ഭവം. പ്രകൃതിയിലെ സൂക്ഷ്മജീവികളായ ബാക്ടീരിയയ്ക്കൊന്നും നശിപ്പിക്കാൻ സാധ്യമല്ല എന്നതാണ് പ്ലാസ്റ്റിക്കിന്റെ പ്രത്യേകത. അതായത്, ജൈവവിഘടനത്തിനു വിധേയമാകില്ലാത്തതാണ് പ്ലാസ്റ്റിക്. അതു ... നൂറിലേറെ വർഷങ്ങൾ ... അഴുകാതെ ... ് പ്ലാസ്റ്റിക്ക്.

സ്തുവാണ്. ഇതു മനുഷ്യരിൽ ഉളവാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ഗുരുതരമാണ്. തൈറോയിഡ് ഗ്രന്ഥികൾക്കു ക്ഷതം, ശ്വാസകോശരോഗങ്ങൾ, തലച്ചോറിലെ നാഡീവ്യൂഹങ്ങൾക്കു ക്ഷതം, പ്രത്യുത്പാദനശേഷി ഇല്ലാതാകൽ തുടങ്ങിയവ മുതൽ ഗുരുതരമായ അർബുദരോഗത്തിനുവരെ കാരണമാകുന്നതാണ് 'ഡയോക്സിൻ'. പോളിവിനയൽ ക്ലോറൈഡ്' (പിവിസി) എന്ന ഉത്പന്നം കത്തിച്ചാൽ അന്തരീക്ഷത്തിൽ മാരകരോഗങ്ങൾക്കു കാരണമാകുന്ന ഹാലജൻ കുടുംബത്തിൽപ്പെട്ട രാസപദാർത്ഥങ്ങൾ ഉണ്ടാകുന്നു. പ്ലാസ്റ്റിക്കിലുള്ള 'പോളിസ്റ്റെറിനുകൾ' എന്ന രാസവസ്തുവും ആരോഗ്യത്തിനു ഹാനികരമാണ്.

നമ്മുടെ സംസ്ഥാനത്തു ... 2020 ജനുവരി ...ന്നുമുതൽ പ്ലാസ്റ്റിക് നിരോ... നമുണ്ടാ... എന്നത് അഭിന...ർഹമാ... എന്നാലും ന... ദൈന... നജീവിതത്ത... പകമ... സ്വാധീനം ... രിക്ക... പ്ലാസ്റ്റിക്കി... ാക... ഭഗീരഥപ്ര... ന

**പ്ലാ**സ്റ്റിക് എന്ന മാരകവിപത്തിനെക്കുറിച്ചു പാലാ രൂപതയുടെ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ദീപനാളം ജൂൺ 17 ലക്കത്തിലെഴുതിയ ലേഖനം സശ്രദ്ധം വായിച്ചു. പ്രകൃതിക്കു ദോഷകരമായ മനുഷ്യസൃഷ്ടിയാണ് പ്ലാസ്റ്റിക്കെന്ന് ലേഖനത്തിലൂടെ സമർത്ഥിക്കാൻ പിതാവിനു കഴിഞ്ഞിട്ടുണ്ട്. പതിവുലേഖനങ്ങളെക്കാൾ ചെറുതെങ്കിലും, വിദ്യാർത്ഥികൾക്കും പഠിതാക്കൾക്കും കൂടുതൽ അറിവു നൽകാൻ ലേഖനം ഉപകരിക്കും.

യൂറോപ്യൻ രാജ്യമായ സ്വീഡൻ പ്ലാസ്റ്റിക് ഭീഷണിയെ അതിജീവിച്ച രാജ്യമാണെന്നു പിതാവ് സൂചിപ്പിച്ചതാണ് ഈ കുറിപ്പെഴുതാൻ കാരണമായത്. സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക്ഹോമിൽ രണ്ടുതവണ സന്ദർശനം നടത്തിയ അവസരത്തിൽ പ്ലാസ്റ്റിക്കിൽനിന്നു വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനെപ്പറ്റി മുൻപൊരിക്കൽ 'ദീപനാള'ത്തിലെഴുതിയ ഒരു ലേഖനത്തിൽ പരാമർശിച്ചതോർക്കുന്നു. ഇതിന്റെ സാങ്കേതികവിദ്യ എങ്ങനെയെന്നറിയാൻ ആഗ്രഹിച്ച വൈ.ജെ. അലക്സ് യോഗ്യാവീടിന് തൃപ്തികരമായ മറുപടി നൽകാൻ അന്നു കഴിഞ്ഞതുമില്ല. തുടരന്വേഷണത്തിൽ ശേഖരിച്ച വിവരങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കാനാഗ്രഹിക്കുന്നു.

പ്ലാസ്റ്റിക്കിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിച്ച് വലിയ വരുമാനം നേടുന്ന രാജ്യമായി സ്വീഡൻ മാറിക്കഴിഞ്ഞു. പ്ലാസ്റ്റിക് മാലിന്യങ്ങൾ 900 ഡിഗ്രി സെന്റീഗ്രേഡിൽ കത്തിക്കുമ്പോഴുണ്ടാകുന്ന ഊഷ്മാവിൽ ടർബൈനുകൾ പ്രവർത്തിപ്പിച്ചാണ് വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. ഇത്രയും ഉയർന്ന ഊഷ്മാവിൽ ചൂടാക്കുമ്പോൾ വിഷലിപ്തമായ കാർബൺ വാതകങ്ങൾ മുഴുവൻ നശിച്ചുപോകുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പുറത്തേക്കു വമിക്കുന്ന പുക അപകടകാരിയല്ലെന്നാണ് സ്വീഡന്റെ അവകാശവാദം. അയൽരാജ്യങ്ങളായ ഫിൻലൻഡ്, നോർവേ എന്നിവിടങ്ങളിൽനിന്നും യുകെയിൽനിന്നുമെല്ലാം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇറക്കുമതി ചെയ്തു ഖജനാവു നിറയ്ക്കാൻ സ്വീഡനു കഴിയുന്നു. ഇറക്കുമതി ചെയ്യുന്ന ഒരു ടൺ പ്ലാസ്റ്റിക് മാലിന്യത്തിന് 36 യൂറോ ചെലവാകുമെങ്കിലും ഉത്പാദനത്തിനുശേഷം 50 യൂറോ നേടാൻ കഴിയുന്നുണ്ടത്രേ!




ഉറവിടത്തിൽവച്ചുതന്നെ പ്ലാസ്റ്റിക്കിനെ മറ്റു മാലിന്യങ്ങളിൽനിന്ന് വേർതിരിച്ച് സംസ്കരണപ്ലാന്റുകളിലെത്തിക്കുന്ന സംവിധാനമാണു സ്വീഡനിൽ കണ്ടത്. വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ഭക്ഷ്യാവശിഷ്ടങ്ങളും പ്ലാസ്റ്റിക്കും വെവ്വേറെ കൂടുകളിലിടുകയും സർക്കാരിന്റെ മേൽനോട്ടത്തിൽ മാലിന്യനിർമ്മാർജ്ജനവകുപ്പ് സ്ഥാപിച്ചിട്ടുള്ള പെട്ടികളിൽ നിക്ഷേപിക്കുകയുമാണ്. ജനവാസകേന്ദ്രങ്ങളിൽ നിന്ന് അധികം അകലെയല്ലാതെ മാലിന്യങ്ങൾ ശേഖരിക്കുന്ന കേന്ദ്രങ്ങളോ സംസ്കരണപ്ലാന്റുകളോ ക്രമീകരിച്ചിരിക്കുന്നതിനാൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് അധികം ആയാസപ്പെടേണ്ടതുമില്ല. ഭക്ഷ്യാവശിഷ്ടങ്ങൾ ജൈവവളമാക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനർസംസ്കരിച്ച് പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുകയും ശേഷിക്കുന്നവ വൈദ്യുതോത്പാദനത്തിന് ഉപയോഗിക്കുകയുമാണു ചെയ്യുക. ആകെയുള്ള പ്ലാസ്റ്റിക് മാലിന്യത്തിന്റെ 30 ശതമാനം പുനർനിർമ്മിക്കുകയും 70 ശതമാനം ഊർജ്ജോത്പാദനത്തിന് ഫർണസുകളിലേക്കെത്തിക്കുകയും ചെയ്യുന്നു. വൻമുതൽമുടക്കുള്ള 34 വൈദ്യുതോത്പാദനനിലയങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു.

പ്ലാസ്റ്റിക്കില്ലാത്ത ഒരു ലോകത്തെക്കുറിച്ചു സങ്കല്പിക്കാൻപോലും ആവില്ലെങ്കിലും അതു പരിസ്ഥിതിക്ക് ഏല്പിക്കുന്ന ആഘാതം വലുതാണെന്ന് മുരിക്കൻപിതാവിന്റെ ലേഖനത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. വായുവിനെയും ജലത്തെയും മണ്ണിനെയും പ്ലാസ്റ്റിക് നശിപ്പിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. സമുദ്രജലത്തിലെത്തുന്ന അജൈവമാലിന്യങ്ങൾ കാലക്രമത്തിൽ പൊടിഞ്ഞു ചെറുതാവുകയും ജലജീവികളുടെ ഉള്ളിൽ ദഹിക്കാതെ കിടന്ന് അവയുടെ മരണത്തിൽ കലാശിക്കുകയും ചെയ്യും. ഒരു പ്ലാസ്റ്റിക് കൂട് മണ്ണിൽ ദ്രവിച്ചുതീരാൻ 500 വർഷമെടുക്കുമെന്നാണ് ഗവേഷകർ കണ്ടെത്തിയിട്ടുള്ളത്.

ഈ വർഷം ജനുവരി മുതൽ പ്രഖ്യാപിച്ച പ്ലാസ്റ്റിക് നിരോധനം പ്രഖ്യാപനത്തിൽത്തന്നെ ഒതുങ്ങിയ മട്ടാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാനും പുനരുപയോഗിക്കാനും പുനർസംസ്കരിക്കാനും വൈദ്യുതി ഉത്പാദിപ്പിക്കാനും സ്വീഡൻ എന്ന ചെറിയ രാജ്യത്തിനു കഴിയുമെങ്കിൽ ആ മാതൃക സ്വീകരിക്കാൻ ഇവിടത്തെ ഭരണകർത്താക്കൾ തയ്യാറാകണം.

□

# ദൈവസംരക്ഷണത്തിന്റെ അദ്ഭുതവഴികൾ






സഞ്ചാരം

ഫാ. ഫിലിപ്പ് ഞരളക്കാട്ട്

**രാ**ത്രി ഞങ്ങളുടെ വാഹനം കടന്നുപോയ ചില സ്ഥലങ്ങൾ ഇസ്രായേൽക്കാരുടെ കാനാൻദേശത്തേക്കുള്ള യാത്രയിൽ വളരെ പ്രധാനപ്പെട്ട സംഭവങ്ങൾ നടന്ന സ്ഥലങ്ങളാണ്. ഇസ്രായേൽജനം സീൻ മരുഭൂമിയിൽ എത്തിയപ്പോൾ അവർ മോശയ്ക്കും അഹറോനുമെതിരേ പിറുപിറുക്കാൻ തുടങ്ങി. ഈജിപ്തിലെ ഇറച്ചിക്കറിയെപ്പറ്റിയും രുചികരമായ അപ്പത്തെപ്പറ്റിയുമായി അവരുടെ സംസാരം. ഇവിടെ സമൂഹം മുഴുവൻ പട്ടിണികിടന്നു നരകിക്കുന്നതിനെക്കാൾ ഭേദം ഈജിപ്തിൽ കിടന്നു മരിക്കുന്നതായിരുന്നു എന്ന് അവർ പരസ്പരം പറഞ്ഞു (പുറ 16:2-3). ഈ പിറുപിറുപ്പിന്റെ സ്വരം കർത്താവു കേട്ടു. അപ്പോൾ കർത്താവിന്റെ സ്വരം മോശയുടെ കാതുകളിൽ മുഴങ്ങി. "അവരോടു പറയുക. സായംകാലത്ത് നിങ്ങൾ മാംസം ഭക്ഷിക്കും. പ്രഭാതത്തിൽ തൃപ്തിയാകുവോളം അപ്പവും ഭക്ഷിക്കും. കർത്താവായ ഞാനാണ് നിങ്ങളുടെ ദൈവമെന്ന് അപ്പോൾ നിങ്ങൾ മനസ്സിലാക്കും (പുറ 16:11-12).

സന്ധ്യയായപ്പോൾ പക്ഷികളുടെ കളകളാരവം അന്തരീക്ഷത്തിൽ മുഴങ്ങി. ലക്ഷക്കണക്കിനു കാടപ്പക്ഷികൾ താഴ്ന്നുപറന്ന് പാളയം മൂടി. ജനം പക്ഷികളെപ്പിടിച്ച് ഇഷ്ടംപോലെ മാംസം ഭക്ഷിച്ചു. പിറ്റേദിവസം പ്രഭാതത്തിൽ പാളയത്തിനുചുറ്റും വീണുകിടന്ന വെളുത്തുരുണ്ട് ലോലമായ ഒരു വസ്തു ജനം കണ്ടു. അവർ തങ്ങളുടെ മാതൃഭാഷയിൽ പരസ്പരം ചോദിച്ചു: "മന്നു" ഇതെന്താണ്? അതിൽനിന്നാണ് മന്നാ എന്ന വാക്കുണ്ടായത്. ദൈവം ഇസ്രായേൽജനത്തിനായി ആകാശത്തുനിന്നു പൊഴിച്ച വിശിഷ്ടമായ ഭക്ഷണമായിരുന്നു അത്. മോശ നൽകിയ നിർദ്ദേശങ്ങളനുസരിച്ച് അവർ മന്ന ശേഖരിച്ചു. അതുപയോഗിച്ച് അപ്പമുണ്ടാക്കി ഭക്ഷിച്ചു. "അത് കൊത്തമ്പാലരി പോലെയിരുന്നു. വെളുത്തതും തേൻ ചേർത്ത അപ്പത്തിന്റെ രുചിയുള്ളതുമായിരുന്നു.'' ഇസ്രായേൽ കാനാൻദേശത്ത് എത്തുന്നതുവരെ എല്ലാ ദിവസവും മന്നാ ഭക്ഷിച്ചു (പുറ. 16:35).

കാടപ്പക്ഷിയുടെയും മന്നായുടെയും അദ്ഭുതത്തെപ്പറ്റി ബൈബിൾപണ്ഡിതന്മാർ നല്കുന്ന ഒരു വ്യാഖ്യാനമുണ്ട്. ഈ രണ്ട് അദ്ഭുതസംഭവങ്ങളിലും ദൈവം പ്രകൃതിയിലെ ചില പ്രതിഭാസങ്ങളെ ഇസ്രായേൽജനത്തിനുവേണ്ടി ഉപയോഗിച്ചു എന്നാണ് ആ വ്യാഖ്യാനം. വിന്ററിന്റെ ആരംഭത്തിലും വസന്തകാലത്തും ആഫ്രിക്കയിലും അറേബ്യയുടെ ചില ഭാഗങ്ങളിലും ജീവിക്കുന്ന കാടപ്പക്ഷികൾ മിതമായ ശീതോഷ്ണാവസ്ഥയും ഭക്ഷ്യലഭ്യതയും നോക്കി മെഡിറ്ററേനിയൻ കടൽത്തീരത്തേക്കു ദേശാടനം നടത്തുന്ന പതിവുണ്ട്. ഇപ്രകാരം ദേശാടനം നടത്തുന്ന പക്ഷികൾ ഇടയ്ക്ക് സീനായ് ഉപദ്വീപിന്റെ തീരദേശങ്ങളിൽ വിശ്രമിക്കാറുണ്ട്. താഴ്ന്നുപറന്ന് ക്ഷീണമകറ്റാനും അനുയോജ്യമായ സ്ഥലങ്ങളിൽ തങ്ങി ഭക്ഷണം തേടാനും അവയ്ക്കു സാധിക്കുന്നു.




ഇപ്പോൾപ്പോലും ഈ പക്ഷികളെ തദ്ദേശവാസികൾ പിടിച്ചെടുക്കാറുണ്ട്. മന്നായുടെ കാര്യത്തിലും ഇതുപോലെ പ്രകൃതിയുടെ ഒരു പ്രതിഭാസത്തെ ഉപയോഗപ്പെടുത്തിയതാണത്രേ. സീനായ് ഉപദ്വീപിന്റെ ചില ഭാഗങ്ങളിൽ വളരുന്ന ഒരിനം ടാമരിക്ക് മര(Tameric mannifera)മുണ്ട്. ആറേഴുമീറ്റർവരെ ഉയരത്തിൽ അതു വളരും. ചില സ്ഥലങ്ങളിൽ അവ വനംപോലെ ഇടതൂർന്നു വളരും. മേയ് മാസത്തിനും ഓഗസ്റ്റുമാസത്തിനുമിടയിൽ അവയുടെ ഇളംശിഖരങ്ങളിൽ വെളുത്ത ഒരു ദ്രാവകം ഊറിവരും. അതു വായുവുമായുള്ള സമ്പർക്കത്തിൽ ഘനീഭവിച്ച് മല്ലിയുടെ ആകൃതി സ്വീകരിക്കും. അതു തേൻപോലെ മധുരിക്കുന്നതും പോഷകസമൃദ്ധവും ആസ്വാദ്യവുമാണ്. മരുഭൂമിയിലെ ഉയർന്ന ചൂടിൽ സൂര്യപ്രകാശം പരക്കുന്നതോടെ അവ ഉരുകി അപ്രത്യക്ഷമാകും. അതുകൊണ്ടായിരിക്കണം എല്ലാ ദിവസവും പ്രഭാതത്തിൽത്തന്നെ അതു ശേഖരിക്കുവാൻ മോശ നിർദ്ദേശിച്ചത്. ഇസ്രായേൽജനം ജറീക്കോയിൽക്കൂടി കാനാൻദേശത്തു പ്രവേശിക്കുന്നതുവരെ മന്നാ ഭക്ഷിച്ചു. ദൈവത്തിന്റെ അദ്ഭുതകരമായ സംരക്ഷണത്തെപ്പറ്റി ഓർക്കുവാനായി കുറേ മന്നാ എടുത്ത് മോശ വാഗ്ദാനപേടകത്തിൽ സൂക്ഷിച്ചു.

ഞങ്ങൾ രാത്രിയിൽ കടന്നുപോയ റഫീദിമിൽ ഇസ്രായേൽജനം ദൈവത്തിന്റെ കരങ്ങൾ തങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതു കണ്ട ഒരു സ്ഥലമാണ്. ഇസ്രായേൽജനം വരണ്ടുണങ്ങിയ റഫീദിമിൽ വെള്ളം കിട്ടാതെ വലഞ്ഞു. ഞങ്ങൾക്കു വെള്ളംതരൂ എന്ന് അവർ മുറവിളിച്ചു. ചെറിയ മരുപ്പച്ചയിലും കുന്നിൻചെരുവുകളിലുമെല്ലാം തേടിയെങ്കിലും ഒരു തുള്ളി വെള്ളംപോലുമില്ല എന്ന് അവർ മനസ്സിലാക്കി. മോശ കർത്താവിനോടു നിലവിളിച്ചപേക്ഷിച്ചു. ഈ ജനത്തോട് ഞാനെന്താണു ചെയ്യുക? ഏറെത്താമസിയാതെ അവർ എന്നെ കല്ലെറിയും. ദൈവം പറഞ്ഞു: ഇസ്രായേൽ ശ്രേഷ്ഠന്മാരോടൊത്ത് നീ ജനത്തിനുമുമ്പേ പോകുക. ചെങ്കടലിന്റെമേൽ അടിക്കാൻ ഉപയോഗിച്ച വടിയും എടുത്തുകൊള്ളുക. ഇതാ നിനക്കുമുമ്പിൽ ഹോറേബിലെ പാറമേൽ ഞാൻ നില്ക്കും. നീ ആ പാറമേൽ അടിക്കണം. അപ്പോൾ ആ പാറയിൽനിന്ന് ജലം പുറപ്പെടും. ഇസ്രായേൽ ശ്രേഷ്ഠന്മാരുടെ സാന്നിധ്യത്തിൽ മോശ തന്റെ വടികൊണ്ട് പാറമേൽ അടിച്ചു. പാറയിൽനിന്ന് വെള്ളമൊഴുകി. ഇസ്രായേൽ മക്കളും അവരുടെ ആടുമാടുകളും അതിൽനിന്ന് മതിവരെ കുടിച്ചു. ഇസ്രായേൽക്കാർ എന്നും അനുസ്മരിച്ചിരുന്ന ഒരു സംഭവമാണിത്. അവരുടെ പ്രാർത്ഥനാഗീതമായ സങ്കീർത്തനങ്ങളിൽ ഈ സംഭവം അനുസ്മരിച്ച് ദൈവത്തെ സ്തുതിക്കുന്നതു കാണാം.

"മരുഭൂമിയിൽ പാറ തുറക്കുകയും
ആഴത്തിൽനിന്ന് എന്നപോലെ
അവർക്കു ജലം നൽകുകയും ചെയ്തു.
പാറയിൽനിന്ന് അരുവികൾ ഒഴുകി
അവിടെനിന്ന് നദികൾ പുറപ്പെട്ടു" (സങ്കീ. 78:19-20)

ദൈവത്തിന്റെ അദ്ഭുതകരങ്ങൾ പ്രവർത്തിച്ച പാറയെ സംബന്ധിച്ച് നിലനില്ക്കുന്ന ഒരു ഐതിഹ്യമുണ്ട്. ആ പാറ ഇസ്രായേൽജനം സഞ്ചരിച്ചിടത്തെല്ലാം അവരോടൊപ്പം സഞ്ചരിച്ചുവെന്നാണ് ഐതിഹ്യം. 'ഇസ്രായേലിന്റെ പാറ' എന്ന് ദൈവത്തെ ഇസ്രായേലിലെ വേദപണ്ഡിതന്മാർ വിളിച്ചത് ഇക്കാരണത്താലാണ്. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ആദ്യലേഖനത്തിൽ ഈ സംഭവം സൂചിപ്പിക്കുന്നുണ്ട്: "എല്ലാവരും ഒരേ ആത്മീയപാനീയം കുടിച്ചു. തങ്ങളെ അനുഗമിച്ച ആത്മീയശിലയിൽനിന്നാണ് അവർ പാനം ചെയ്തത്. ആ ശില ക്രിസ്തുവാണ്" (1 കോറി. 10:4). മരുഭൂമിവാസികളായ ബെഡൂയിനുകൾ ഇസ്രായേലിനുവേണ്ടി വെള്ളം പുറപ്പെടുവിച്ച പാറ എന്നു പറഞ്ഞ് ഹെസി എൽ കത്താത്തിൻ (Hesi el Katatin) എന്ന സ്ഥലത്ത് ഒരു പാറ ചൂണ്ടിക്കാണിക്കുന്നു. ആ പാറയുടെ മുമ്പിലൂടെ കടന്നുപോകുമ്പോൾ അവർ ഒരു പുഷ്പത്തിന്റെ പ്രതീകമായി ഒരു ചെറിയ കല്ല് സമർപ്പിക്കുന്ന പതിവുണ്ട്. പാറയിൽനിന്ന് അദ്ഭുതകരമായ വെള്ളം ഒഴുകിയ സ്ഥലത്തിന് മോശ, 'മാസ്സാ' എന്നു പേരുവിളിച്ചു. മാസ്സായുടെ അർത്ഥം പരീക്ഷിക്കൽ എന്നാണ്. ദൈവം ഞങ്ങളോടൊപ്പമുണ്ടോ എന്നു ചോദിച്ച് ദൈവത്തെ പരീക്ഷിച്ച സ്ഥലമായതുകൊണ്ടാണ് ഈ പേരു കൊടുത്തത്. സീനാമലയിലെ ഏറ്റവും ഉയർന്ന കൊടുമുടിയുടെ താഴെയും ചെമന്ന ഒരു കല്ല് കിടപ്പുണ്ട്. നടുവേ പിളർന്നതുപോലെ ഒരു പാട് ആ കല്ലിലുണ്ട്. സീനായിലുള്ള സന്ന്യാസികൾ പറയുന്നത് ഇസ്രായേൽ ജനത്തെ പിൻതുടർന്ന പാറയാണിത് എന്നാണ്.

ഇന്നത്തെ ഞങ്ങളുടെ യാത്രാലക്ഷ്യം സീനാമലയുടെ താഴെയുള്ള 'മോർഗൻ ലാൻഡ് ഹോട്ട'ലാണ്. ബസ് സീനാ മലയോട് അടുക്കുകയാണ്. പുറമേ നോക്കിയിട്ട് ഒന്നും കാണാൻ കഴിയുന്നില്ല. അകലെയുള്ള മലകളിൽ നേരിയ വെളിച്ചം പരത്തുന്ന ഒന്നോ രണ്ടോ വിളക്കുകൾ കണ്ടു.

ഏകാന്തവാസികളായ സന്ന്യാസിമാരുടെ ഗുഹകളോ കുടിലുകളോ ആകാം. കെയ്റോയിൽനിന്ന് ഞങ്ങൾ 560 കിലോമീറ്ററുകൾ സഞ്ചരിച്ചുകഴിഞ്ഞു. സീനാമലയുടെ സമീപത്തുകൂടി കടന്നുപോകുകയാണ്. നേരേ അത്താഴത്തിനായി ഹോട്ടലിലേക്കു നീങ്ങി. തുടർന്നു താമസസ്ഥലത്തേക്ക്. അപ്പോഴേക്കും ഞങ്ങളുടെ ഗ്രൂപ്പ് ലീഡറുടെ അനൗൺസ്മെന്റ് ഉണ്ടായി. സീനാമലയിൽ കയറാൻ താത്പര്യമുള്ളവർ ഒരു മണിക്കൂറിനുള്ളിൽ തയാറെടുപ്പുകളോടെ ഹോട്ടലിന്റെ മുമ്പിൽ ഒന്നിച്ചുകൂടേണ്ടതാണ് എന്നായിരുന്നു അറിയിപ്പ്.

(തുടരും)

## കവിത

പുത്തൻവേലിക്കര സുകുമാരൻ

### സന്ധ്യ

ചൈത്രസായന്തനമായി മുഴുവർണ്ണ-
ചിത്രങ്ങൾ ചാർത്തുന്നു നീലവാനം!
കൂരിരുട്ടിന്റെ രഥോത്സവമായ് സ്വർണ്ണ-
ത്താരകൾ മിന്നിത്തിളങ്ങിടുന്നു.
ആഴിയിൽ മുങ്ങിമറയുന്ന സൂര്യനെ-
യൂഴി സകൗതുകം നോക്കിനില്പൂ!
അന്തിയടുത്തു ചേക്കേറും പറവക-
ളെന്തിനോ തേങ്ങിക്കരഞ്ഞിടുന്നു.
വാടിക്കൊഴിയുന്ന പുഷ്പദലങ്ങളി-
ലോർമ്മകൾ പേമഴത്തുള്ളികളായ്!
പിന്നെയുമാരെയോ തേടിവന്നെത്തുന്നു
തൂവെണ്ണിലാവിൻ നനുത്ത കൈകൾ
ബന്ധുരമാം ശരദംബരവീഥിയിൽ
സന്ധ്യ കവിത കുറിച്ചുവച്ചു;
അക്കാവ്യതല്ലജത്തിന്നർത്ഥമോരാതെ
പൂക്കളേ, നിങ്ങൾ വിരിഞ്ഞുനില്പൂ!

# ചൈനയ്ക്കിഷ്ടം പഞ്ചദുശ്ശീലങ്ങൾ






ഡോ. കുര്യാസ് കുമ്പളക്കുഴി

നമ്മുടെ പഴയ വീക്ഷണമനുസരിച്ചു കർഷകരുടെ ശത്രുക്കൾ ആറു കൂട്ടരാണ്. അതിവൃഷ്ടി, വരൾച്ച, എലികൾ, പക്ഷികൾ, കീടങ്ങൾ, അയൽരാജാവ്. ഇവയ്ക്ക് ഈതിബാധകൾ എന്നാണു പൊതുവിൽ പേര്. അവസാനം പറഞ്ഞ അയൽരാജാവ് കർഷകരുടെ ശത്രുവാകുന്നത്, വിളവെടുക്കാറാകുന്ന സമയത്ത് രാജ്യത്ത് അതിക്രമിച്ചുകയറി കാർഷികോത്പന്നങ്ങളെല്ലാം അപഹരിച്ചുകൊണ്ടുപോകുന്ന പതിവുണ്ടായിരുന്നതുകൊണ്ടാണ്. ഭക്ഷണമുണ്ടായാൽ എല്ലാമായി എന്ന സാഹചര്യമാണല്ലോ അന്നുണ്ടായിരുന്നത്.

ഇന്നു രാജ്യഭരണവും രാജ്യബന്ധങ്ങളും രാഷ്ട്രവീക്ഷണവുമൊക്കെ ഏറെ മാറിമറിഞ്ഞെങ്കിലും അയൽരാജ്യം ഈതിബാധയാകുന്ന അനുഭവത്തിനു വലിയ മാറ്റമൊന്നുമില്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം നമ്മുടെ രണ്ട് അയൽരാജ്യങ്ങൾ, ചൈനയും പാക്കിസ്ഥാനും നമുക്കെന്നും തലവേദനയാണ്. നിരന്തരം അതിർത്തിപ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് സ്വൈരജീവിതത്തിനും രാഷ്ട്രസ്വാതന്ത്ര്യത്തിനും അവർ ഭീഷണി ഉയർത്തിക്കൊണ്ടേയിരിക്കുന്നു.

ഇപ്പോളിതാ മഞ്ഞക്കടുവ വീണ്ടും ഇന്ത്യയ്ക്കുമേൽ ചാടിവീഴാനൊരുങ്ങുന്നു. അന്ത്യമില്ലാത്ത അതിർത്തിത്തർക്കത്തിന്റെ പേരിലാണ് അവർ യുദ്ധഭീഷണി മുഴക്കുന്നത്. ജൂൺ 15 തിങ്കളാഴ്ച കിഴക്കൻ ലഡാക്കിലെ ഗാൽവാൻ താഴ്വരയിൽ നമ്മുടെയും ചൈനയുടെയും സൈനികർ തമ്മിൽ ഏറ്റുമുട്ടലുണ്ടായി. ആയുധമില്ലാത്ത സംഘർഷമായിരുന്നിട്ടും നമ്മുടെ 20 സൈനികർ വീരമൃത്യു മരിച്ചുവെന്നത് ഒട്ടും ക്ഷന്തവ്യമായ സംഭവമല്ല.

യഥാർത്ഥ നിയന്ത്രണരേഖ (Line of actual control) യുടെ സമീപത്താണു പ്രശ്നമുണ്ടായത്. ചൈനീസ് പട്ടാളക്കാർ അതിർത്തിരേഖ ലംഘിച്ച് ഇന്ത്യൻ മണ്ണിലേക്കു കടന്നുകയറുകയായിരുന്നു. നിയന്ത്രണരേഖയ്ക്കുസമീപം ആയുധങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്ന്, 1996ലും 2005ലും ഒപ്പുവച്ച രണ്ടു കരാറുകളിലൂടെ ഇരുരാജ്യങ്ങളും ധാരണയായിട്ടുള്ളതാണ്. സമീപത്തെന്നല്ല, ഇരുവശത്തും രണ്ടു കിലോമീറ്ററിനുള്ളിൽ തോക്കുകളോ സ്ഫോടകവസ്തുക്കളോ ഉപയോഗിക്കാൻ പാടില്ല എന്നാണു വ്യവസ്ഥ.

അതു ലംഘിച്ചുകൊള്ളാനും അതിക്രമമുണ്ടായാൽ ആയുധങ്ങൾകൊണ്ടു മറുപടി കൊടുക്കാനും ഇന്ത്യൻസൈനികർക്കു പ്രതിരോധവിഭാഗം അനുമതി കൊടുത്തുകഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ ഞായറാഴ്ച (ജൂൺ 21) പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങും സംയുക്തസേനാമേധാവിയും മൂന്നുവിഭാഗം സൈനികമേധാവികളും ചർച്ച ചെയ്താണ് കരാർവ്യവസ്ഥകൾ ആവശ്യമെന്നുകണ്ടാൽ അവഗണിച്ചുകൊള്ളാൻ സൈന്യത്തിനു നിർദ്ദേശം നല്കിയിരിക്കുന്നത്.

ഇപ്പോൾ ചൈന വീണ്ടും അനന്ത്നാഗിലും പ്രകോപനം സൃഷ്ടിക്കുകയാണ്. ഗാൽവാൻതാഴ്വര മുഴുവൻ അവരുടേതാണെന്ന് അവർ വാദിക്കുന്നു. ഇപ്പോൾ നിയന്ത്രണരേഖയ്ക്കപ്പുറവും ഇപ്പുറവുമായി ഇരുരാജ്യങ്ങളും താഴ്വര പങ്കിടുകയാണ്.

അയൽരാജ്യങ്ങളിലേക്ക് അതിക്രമിച്ചുകടക്കുന്ന സ്വഭാവം ചൈനയ്ക്കു പുതിയതല്ല. 1950ൽ അവർ തിബത്ത് ആക്രമിച്ചു കീഴടക്കി. ലോകരാഷ്ട്രങ്ങളൊന്നും പ്രശ്നത്തിൽ ഇടപെട്ടില്ല. 1954 ലെ ഒരു കരാർപ്രകാരം ഇന്ത്യ, തിബത്തിനുമേൽ ചൈനയ്ക്കുള്ള അവകാശം അംഗീകരിച്ചുകൊടുത്തു. 1959 ൽ തിബത്തിലെ നാമമാത്രഗവണ്മെന്റിനെയും ചൈന അധികാരത്തിനു വെളിയിലാക്കി. രാഷ്ട്രനേതാവായ ദലൈലാമ അനുയായികളോടൊപ്പം ഇന്ത്യയിൽ അഭയം തേടി. അതു ചൈനയ്ക്കിഷ്ടപ്പെട്ടില്ല. അഭയം തേടി വരുന്നവരെ ആട്ടിയോടിക്കുന്ന പാരമ്പര്യം ഇന്ത്യയ്ക്കില്ലാതിരുന്നതുകൊണ്ട്, പ്രധാനമന്ത്രി ജവഹർലാൽനെഹ്റു ദലൈലാമയ്ക്കും സംഘത്തിനും അഭയം നല്കി. അതോടെ ചൈന ഇന്ത്യയുടെ ശത്രുവായി.

തിബത്തു കൈവശമാക്കിയതോടെ ഇന്ത്യയുമായി ഏറ്റവുമധികം അതിർത്തി പങ്കിടുന്ന രാജ്യമായിത്തീർന്നു ചൈന. 3488 കിലോമീറ്റർ വരും അതിർത്തിദൈർഘ്യം. പാക്കിസ്ഥാനുമായുള്ള അതിർത്തിദൈർഘ്യവും ഒട്ടും കുറവല്ല. 3323 കിലോമീറ്റർ. എന്നും പ്രശ്നക്കാരായ ഈ രണ്ടു രാജ്യങ്ങളുടെയും ആക്രമണഭീഷണിയിൽനിന്നു മാതൃഭൂമിയെ സംരക്ഷിക്കാൻ നമ്മുടെ സൈനികർ കുറച്ചൊന്നുമല്ല കഷ്ടപ്പെടുന്നത്. എത്രയോ തവണ എത്രയോ സൈനികസഹോദരന്മാർ ഈ ഉദ്യമത്തിൽ ജീവൻതന്നെ ബലി നല്കിയിരിക്കുന്നു.

ഇത്തവണ ഗൽവാൻ നദിക്കു കുറുകെ ആറുമീറ്റർ വരുന്ന ഒരു പാലം ഇന്ത്യൻ സൈനികർ, ചൈനയുടെ എതിർപ്പിനെ മറികടന്നു പണിതീർത്തിരുന്നു. ജൂൺ 11 വ്യാഴാഴ്ചയാണതു പൂർത്തിയാക്കിയത്. ഇതാണിപ്പോൾ ചൈന കാരണമാക്കിയിരിക്കുന്നത്. അങ്ങനെയാണ് 15 തിങ്കളാഴ്ച സംഘർഷമുണ്ടായത്.

മഹാത്മാഗാന്ധിയുടെ ഇന്ത്യ എന്നും സമാധാനപക്ഷത്താണ്. ആദ്യപ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ലോകസമാധാനത്തിന്റെ വക്താവായിരുന്നു. അയൽരാജ്യങ്ങളുമായി സൗഹൃദത്തിലും സഹകരണത്തിലും കഴിയാൻ അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെയാണദ്ദേഹം ചൈനയുമായി പഞ്ചശീലതത്ത്വങ്ങളിൽ അധിഷ്ഠിതമായ നയതന്ത്രബന്ധം സ്ഥാപിച്ചത്. ഇന്ത്യാ– ചീനാ ഭായി ഭായി എന്ന മുദ്രാവാക്യം നമുക്കു തന്നത്.

അത് 1954 ൽ ആയിരുന്നു. ഇന്ത്യൻ പ്രധാനമന്ത്രി ജവർഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗഎൻലായിയും കൂടി ഒരു മേശയ്ക്കുചുറ്റുമിരുന്നു തയ്യാറാക്കിയതാണ് പഞ്ചശീലതത്ത്വങ്ങൾ. 1955 ൽ നടന്ന ആഫ്രോ – ഏഷ്യൻ കോൺഫെറൻസ് ഇതിന് അംഗീകാരവും നല്കി.

ബുദ്ധമതത്തിലെ പഞ്ചശീലങ്ങളായിരുന്നു ആധുനികപഞ്ചശീലതത്ത്വങ്ങൾക്കു മാതൃക. അത് ഇന്ത്യയുടെയും ചൈനയുടെയും പൊതുപൈതൃകമാണല്ലോ. പരസ്പരം പരമാധികാരത്തെ മാനിക്കുക, പരസ്പരം ആക്രമിക്കാതിരിക്കുക, പരസ്പരം ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക – ഇവയായിരുന്നു പുതിയ പഞ്ചശീലങ്ങൾ.

ഇതിന്റെ വെളിച്ചത്തിൽ ഇന്ത്യ ചൈനയെ സഹോദരനായി കണ്ടു. ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദവും സഹകരണവും ലോകസമാധാനത്തിനു പ്രചോദകമാകുമെന്നു നെഹ്റു വിശ്വസിച്ചു. സാമ്പത്തികസ്രോതസ്സുകൾ ആയുധങ്ങൾ വാങ്ങാനും സൈനികശക്തി വിപുലീകരിക്കാനും ഉപയോഗിക്കുന്നതിനുപകരം വികസനപ്രവർത്തനങ്ങളിലേക്കു തിരിച്ചുവിടാൻ അദ്ദേഹം ആഗ്രഹിച്ചു.

പക്ഷേ, അദ്ദേഹം നിർദയം വഞ്ചിക്കപ്പെട്ടു. 1955 ജൂണിൽത്തന്നെ ചൈന മക്മോഹൻരേഖ ലംഘിച്ച് അന്നത്തെ ഉത്തരപ്രദേശിലെ സാരാഹട്ടിയിലേക്കു കടന്നുകയറി. തുടർന്നു നീലാംഗ്, ഷാഷ്കിചുരം എന്നിവിടങ്ങളിലേക്കും അതിക്രമിച്ചു കയറി. 1957 ൽ ലഡാക്കിലെ അക്സായിയിൻ പ്രദേശത്തുകൂടി ടിബറ്റിലേക്കു ചൈന ഏകപക്ഷീയമായി റോഡുവെട്ടി.

അന്നു ലഡാക്കിലും നേഫ (ഇന്നത്തെ അരുണാചൽ പ്രദേശ്)യിലുമായി അവർ കൈയേറിയ അമ്പതിനായിരത്തിലധികം ചതുരശ്ര കിലോമീറ്റർ ഇന്ത്യൻ ഭൂമി ഇന്നും അവരുടെ കൈവശമാണ്. അതും പോരാഞ്ഞ്, അരുണാചൽപ്രദേശ് മുഴുവൻ അവർക്കവകാശപ്പെട്ടതാണെന്നു വാദിക്കുകയും ചെയ്യുന്നു.



1914 ലാണ് ടിബറ്റും ഇന്ത്യയുമായുള്ള അതിർത്തിനിർണയം നടന്നത്. അതാണു മക്മോഹൻ രേഖ. ബ്രിട്ടീഷ് സ്റ്റേറ്റുസെക്രട്ടറിയായിരുന്ന സർ ഹെൻറി മക്മോഹന്റെ നേതൃത്വത്തിൽ നടന്ന സിംലാകോൺഫെറൻസിലാണ് ഈ അതിർത്തിരേഖയ്ക്ക് അന്തിമരൂപം നല്കിയത്. പക്ഷേ, ഈ രേഖ ചൈന ഒരിക്കലും അംഗീകരിച്ചിരുന്നില്ല.

ഒടുവിൽ അതും സംഭവിച്ചു. ആദ്യ ഇന്തോ – ചൈനാ യുദ്ധം. പഞ്ചശീലതത്ത്വങ്ങൾ ഹിമാലയൻതാഴ്വരയിലെ തണുത്ത കാറ്റിൽ പറന്നുപോയി. 1962 സെപ്റ്റംബർ എട്ടിന് വടക്കുകിഴക്കൻ അതിർത്തിയിലെ തക്ളാമലഞ്ചെരുവിലൂടെ ചെമ്പട ഇന്ത്യൻ മണ്ണിലേക്കു കുതിച്ചുകയറി. അപ്രതീക്ഷിത ആക്രമണത്തിൽ ഇന്ത്യ നടുങ്ങി. ലോകരാഷ്ട്രങ്ങൾ അമ്പരന്നു. ഒരു ഇന്തോ – ചൈന യുദ്ധം ആരും പ്രതീക്ഷിച്ചിരുന്നില്ല.

ഇന്ത്യൻസേന ഒരു യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ ചൈനയുടെ മുന്നേറ്റം ഏകപക്ഷീയമായിരുന്നു. രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം അവർ സ്വയം പിൻവാങ്ങിയെങ്കിലും ഒക്ടോബർ 20 നു ചൈനീസ് സൈന്യം ലഡാക്കിലേക്കും നേഫയിലേക്കും ഇരച്ചുകയറി. അക്ഷരാർത്ഥത്തിൽത്തന്നെ ഇന്ത്യ പരാജയമറിഞ്ഞു. എങ്കിലും അന്താരാഷ്ട്രാഭിപ്രായം എതിരായതോടെ ചൈന നവംബർ 21 ന് ഏകപക്ഷീയമായി വെടി നിർത്തി.

അന്ന് ഇന്ത്യയ്ക്കു നഷ്ടപ്പെട്ടത് 1383 ജവാന്മാരുടെ ജീവനാണ്. 1696 പേരെ കാണാതായി. 1047 പേർക്കു മുറിവേറ്റു. 3968 പേർ ചൈനയുടെ തടവിലായി.

അടുത്ത ആക്രമണം 1967 ലായിരുന്നു. ചൈനാ – സിക്കിം അതിർത്തിയിൽ. സെപ്റ്റംബർ 11 –14 തീയതികളിൽ നാത്തുലായിലും ഒക്ടോബർ ഒന്നിനു യോലായിലും അവർ സൈനികാക്രമണം നടത്തി. പക്ഷേ, 1962 ലെ ഇന്ത്യൻ സൈന്യമായിരുന്നില്ല 1967 ലേത്. നമ്മളും ശക്തമായി തിരിച്ചടിച്ചു. ഒക്ടോബർ രണ്ടിനു യോലായിൽനിന്നു ചൈന പിന്മാറി. 88 ഇന്ത്യൻ സൈനികർ വീരമൃത്യു വരിച്ചു. 163 പേർക്കു പരിക്കു പറ്റി. ചൈനീസ്പക്ഷത്ത് 340 പേർ കൊല്ലപ്പെട്ടുവെന്നും 450 പേർക്കു പരിക്കുപറ്റിയെന്നുമാണു കണക്ക്.

ഇതിനെല്ലാം പിന്നാലെ ഇപ്പോൾ ഇന്ത്യയുടെ സൈനികശക്തി വികസിതരാഷ്ട്രങ്ങളുടേതിനൊപ്പം മെച്ചപ്പെട്ടു എന്നു മാത്രമല്ല വടക്കൻ അതിർത്തിയിൽ നമ്മൾ കൂടുതൽ കരുതലും എടുത്തിരിക്കുന്നു. 1975 മേയിൽ സിക്കിമിനെ നമ്മൾ സംസ്ഥാനമാക്കി മാറ്റി. 1987 ൽ നീഫയും അരുണാചൽപ്രദേശ് എന്ന പേരിൽ സംസ്ഥാനമായി. 2019 ഒക്ടോബറിൽ ലഡാക്കിനെ ജമ്മുകാശ്മീരിൽ നിന്നു വിടുവിച്ചു കേന്ദ്രഭരണപ്രദേശമാക്കി.

എന്തെല്ലാം കരുതലുകളെടുത്താലും, എത്ര സൗഹൃദഹസ്തം നീട്ടിയാലും എത്ര കരാറുകൾ ഒപ്പിട്ടാലും ചൈന നമുക്കു നിരന്തരം തലവേദന തന്നെ. ഒരു വിധത്തിലും മെരുക്കാനാവാത്ത മഞ്ഞക്കടുവ. കടുവായെ പുല്ലു തീറ്റാം എന്നു വ്യാമോഹിക്കേണ്ട. അവനുവേണ്ടി എന്നും വെടിയുണ്ടകൾതന്നെ കരുതിവയ്ക്കണം.

പഞ്ചശീലങ്ങളല്ല, പഞ്ചദുശ്ശീലങ്ങളാണല്ലോ ചൈനയ്ക്കിഷ്ടം! ■

# എനിക്കു ശ്വസിക്കാൻ കഴിയുന്നില്ല



എസ്.പി. നമ്പൂതിരി

''എനിക്കു ശ്വസിക്കാൻ കഴിയുന്നില്ല... ദയവായി...''

വെള്ളക്കാരനായ ഒരു അമേരിക്കൻ പോലീസുകാരന്റെ കാൽമുട്ടുകൾക്കിടയിൽ ഞെരിഞ്ഞമർന്നു പിടയുന്ന ആഫ്രിക്കൻവംശജനായ ജോർജ് ഫ്‌ളോയിഡിന്റെ അന്ത്യാഭിലാഷമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. കറുത്തവർഗ്ഗക്കാരനായിപ്പോയി എന്നതുമാത്രമാണ് അയാളുടെ അപരാധം.

**ഗാന്ധിജി-ഒരതിഥിത്തൊഴിലാളി?**

ജോർജ് ഫ്‌ളോയിഡിന്റെ ദാരുണാന്ത്യം അനുസ്മരിക്കുമ്പോൾ നമുക്ക് മഹാത്മജിയിലേക്കു മടങ്ങിപ്പോകേണ്ടിവരുന്നു. 1893 ജൂൺ ഏഴാം തീയതി രാത്രിയിലാണ് ഗാന്ധിജി സൗത്ത് ആഫ്രിക്കയിൽ





ഒരു തീവണ്ടിയിൽനിന്നു ചവിട്ടിപ്പുറത്താക്കപ്പെടുന്നത്. ഗാന്ധിജി പ്രതിഷേധിച്ചില്ല. വെള്ളക്കാരനല്ലെന്ന ഒറ്റക്കാരണത്താലാണ് ഒരു വെള്ളക്കാരനുദ്യോഗസ്ഥൻ ഗാന്ധിജിയെ ചവിട്ടിപ്പുറത്താക്കിയത്. ആ രംഗം വർണ്ണിക്കുമ്പോൾ മഹാകവി വള്ളത്തോളുപയോഗിച്ച ശൈലി ശ്രദ്ധേയമാണ്. ക്രൂരമായ മർദ്ദനത്തിനിരയായ ആൾ പ്രതിഷേധിച്ചില്ലെന്നു മാത്രമല്ല, "നൊന്തിതോ ഭവൽപ്പാദം" എന്നു ചോദിക്കുകയും ചെയ്തുവത്രേ. ഇതിൽ കവിസഹജമായ അതിശയോക്തിയുടെ ആകർഷകപരിവേഷം മാറ്റിവച്ചാലും ഗാന്ധിജിയുടെ മനുഷ്യസ്നേഹപ്രതിബദ്ധതയും അഹിംസാവ്രതവും അവിടെ തിളങ്ങി നിൽക്കുന്നതുകാണാം.

സൗത്താഫ്രിക്കയിലെ അതിഥിത്തൊഴിലാളികളായ ഇന്ത്യക്കാരുടെ ക്ഷേമം മുൻനിർത്തി ഗാന്ധിജി അവിടെ ടോൾസ്റ്റോയി ഫാം എന്നൊരു കൂട്ടായ്മ സംഘടിപ്പിച്ചു. ഇന്ന് ഗാന്ധിജി ഉണ്ടായിരുന്നെങ്കിൽ ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിലും സമാനമായ പ്രസ്ഥാനങ്ങൾക്കു നേതൃത്വം കൊടുക്കുമായിരുന്നു എന്നു തോന്നിപ്പോകുന്നു. ഇന്ത്യാവിഭജനവേളയിലും പ്ലേഗ് പടർന്നുപിടിച്ച സന്ദർഭത്തിലും ഗാന്ധിജി നടത്തിയ ധീരോദാത്തവും സ്നേഹമാത്രപ്രചോദിതവുമായ ഇടപെടലുകൾ പ്രസിദ്ധമാണല്ലോ-ഇപ്പോഴതു ചരിത്രഭാഗവുമാണ്. ഈ കൊറോണക്കാലത്ത് അതൊക്കെ ഓർത്തുപോകുന്നു. ഗ്രാമീണഭാരതത്തെ ലോകസമക്ഷം അവതരിപ്പിക്കുന്ന കാര്യത്തിൽ 'ക്ഷീണിക്കാത്ത മനീഷയും മഷി ഉണങ്ങിടാത്ത പൊൻപേനയും' ആയി കർമ്മനിരതനായ ഒരു പത്രലേഖകൻ നമുക്കുണ്ട്- സാമൂഹികപ്രതിബദ്ധതയുടെ പ്രതിരൂപമായ ശ്രീ പി. സായ്നാഥ്. അദ്ദേഹവും സഹപ്രവർത്തകരും അവതരിപ്പിക്കുന്ന അനുഭവകഥകളിൽ ഒരു പെൺകുട്ടിയുടെ കഥയുണ്ട് - ജംലോ മഡ്കം എന്ന പന്ത്രണ്ടുകാരിയായ ഒരാദിവാസിപ്പെൺകുട്ടി- ഛത്തീസ്ഗഡിലെ മുരിയാ ഗോത്രത്തിൽപ്പെട്ടവൾ. തെലുങ്കാനയിലെ മുളകുപാടങ്ങളിൽ പണിയെടുക്കാൻ ഗ്രാമവാസികളോടൊപ്പം പോന്നതാണവൾ. കൊറോണക്കാലത്തെ അടച്ചുപൂട്ടലിൽ പണി നഷ്ടപ്പെട്ടു. സ്കൂൾ യൂണിഫോം ധരിച്ച് കൂട്ടുകാരികളോടൊപ്പം ആടിയും പാടിയും കളിച്ചും ചിരിച്ചും വളരേണ്ട പെൺകിടാവിന് മുളകുപാടത്തു പണിയെടുക്കേണ്ടിവരുന്നു. കാരുണ്യമില്ലാത്ത കൊറോണ അവളുടെ പണി നഷ്ടപ്പെടുത്തുന്നു. നാട്ടിലേക്കു തിരിച്ചുപൊയ്ക്കൊള്ളാൻ മുളകുപാടത്തിന്റെ ഉടമസ്ഥൻ പറയുന്നു. അതിനപ്പുറം ഒരുത്തരവാദിത്വവും അദ്ദേഹത്തിനില്ല. ഗ്രാമവാസികളോടൊപ്പം അവൾ നടക്കുകയാണ്. 140 കിലോമീറ്ററോളം അവൾ നടന്നുകഴിഞ്ഞു. ഇനിയും 60 കിലോമീറ്റർ നടന്നാൽ വീട്ടിലെത്താമെന്നു പറഞ്ഞ് അവളെ ഒപ്പമുള്ളവർ ആശ്വസിപ്പിക്കുന്നു. നടക്കാൻ തുടങ്ങിയിട്ട് എത്രദിവസമായി എന്നുപോലും അവൾക്കറിയില്ല. അവൾക്കു തുടർന്നു നടക്കാൻ കഴിയുന്നില്ല. അവൾ തളർന്നുവീണു മരിച്ചു. ഗോത്രപരദേവതയായ അമ്മയെ വിളിച്ച് ആത്മനിവേദനം നടത്തിയിട്ടാണവൾ പോയത്... "അമ്മേ!... എനിക്കു വയ്യ..." ഹായ് റാം എന്നായിരുന്നു ഗാന്ധിജിയുടെ അന്ത്യയാത്രാമൊഴി. 'എനിക്കു ശ്വാസം കിട്ടുന്നില്ല' എന്നായിരുന്നു ജോർജ് ഫ്‌ളോയിഡിന്റെ അന്ത്യരോദനം. എല്ലാമെല്ലാം നിസ്സഹായതയുടെ ഓരോ നിലവിളികൾ.

ഫ്‌ളോയിഡിനെ ഞെരിച്ചുകൊന്ന വെള്ളക്കാരന്റെ രക്തത്തിൽ കൊറോണയെക്കാൾ കരാളഭീകരമായ വർണ്ണമേധാവിത്വത്തിന്റെ വൈറസുണ്ടായിരുന്നു-ഗാന്ധിജിയെ ചവിട്ടിപ്പുറത്താക്കിയവന്റെ രക്തത്തിലും. കൊറോണയ്ക്കു മരുന്നു കണ്ടെത്തിയേക്കാം; കണ്ടെത്തും. അതിനേക്കാളെത്രയോ ശ്രമകരമാകും ഈ വർണ്ണവിദ്വേഷത്തിനു പ്രതിവിധി കണ്ടെത്തുക?

**ഒരു ആംസ്റ്റർഡാം അനുഭവം**

ആംസ്റ്റർഡാമിൽ പോയപ്പോൾ ആൻ ഫ്രാങ്ക് മ്യൂസിയം സന്ദർശിക്കാനിടയായി. ആൻഫ്രാങ്കെന്ന പതിനഞ്ചുകാരി നാസിഭീകരതയ്ക്കിരയായിത്തീർന്ന രക്തസാക്ഷിയാണ്. ആ പെൺകുട്ടിയുടെ ഡയറിക്കുറിപ്പുകളിന്ന് ലോകപ്രസിദ്ധമാണ്. മലയാളമുൾപ്പെടെ എല്ലാ ലോകഭാഷകളിലേക്കും അതു പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്. ജംലോ മഡ്കത്തിന്റെ കഥ കേട്ടപ്പോൾ ആൻ ഫ്രാങ്കിനെ ഓർത്തുപോയി. ആൻ ഫ്രാങ്കിന്റെ വീടുതന്നെയാണ് മ്യൂസിയമായി വേഷം മാറിയിരിക്കുന്നത്. അവിടെ അവളുടെ ഡയറിക്കുറിപ്പുകളുടെ കയ്യെഴുത്തുപ്രതി ലാമിനേറ്റുചെയ്ത് ചില്ലുകൂട്ടിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഏതൊരു എഴുത്തുകാരനും അതൊരു ശ്രീകോവിലാണ്. ആ ചില്ലുകൂടിനു മുമ്പിൽ ഞാൻ തൊഴുതുനിന്നുപോയി. ആൻ ഫ്രാങ്ക് എന്നു മരിച്ചെന്നോ എവിടെവച്ചു മരിച്ചെന്നോ ബാഹ്യലോകത്തിനറിയില്ല. ഏതോ ഒരു കോൺസെൻട്രേഷൻ ക്യാമ്പിലേക്ക് അവളെ കൊണ്ടുപോയി എന്നുമാത്രമറിയാം. ആ ക്യാമ്പിൽനിന്ന് ജീവനോടെ രക്ഷപ്പെട്ടവരാരുമില്ലത്രേ. ഈ ആദിവാസിപ്പെൺകിടാവ് വീട്ടിലെത്തിയിരുന്നെങ്കിൽ, ഗോത്രവർഗ്ഗസ്കൂളിൽ അവൾ പഠിച്ചിരുന്നെങ്കിൽ ഈ യാത്രാനുഭവങ്ങൾ അവളെഴുതുമായിരുന്നു. ലോകത്തിലെ സഞ്ചാരസാഹിത്യത്തിന് അതൊരു മുതൽക്കൂട്ടാവുകയും ചെയ്യും. പക്ഷേ, വഴിമധ്യേ അവൾ വീണുപോയി. തെലുങ്കാനയിലെയും ഛത്തീസ്ഗഡിലെയും സർക്കാരുകളോ കേന്ദ്രം ഭരിക്കുന്ന സുൽത്താന്മാരോ അല്പം ദയകാണിച്ചിരുന്നെങ്കിൽ ആ പെൺകുട്ടിക്കു പെരുവഴിയിലുണ്ടായി ഈ ദുർമരണം സംഭവിക്കുകയില്ലായിരുന്നു. കേരളത്തിലെ ഒരു പെൺകുട്ടിക്കോ കേരളത്തിലേക്കു വരുന്ന ഒരു പെൺകുട്ടിക്കോ ഇത്തരമൊരു ദുരന്തം നേരിടേണ്ടിവരില്ലെന്നു തീർച്ച. ഈ കൊറോണാദുരന്തവേളയിൽ കേരളത്തിനകത്തേക്കും പുറത്തേക്കും ലക്ഷക്കണക്കിനാളുകൾ പ്രവഹിക്കുകയുണ്ടായി. ഈ പെൺകുട്ടിക്കുണ്ടായതുപോലുള്ള ഒരു ദുരന്തം ആർക്കുമുണ്ടായിട്ടില്ല. കാരണം, വന്നവരെയെല്ലാം തിരികെയെത്തിയ വീട്ടുകാരെപ്പോലെയാണു സ്വീകരിച്ചത്. പോയവരെല്ലാം മടങ്ങുന്ന അതിഥികളായിരുന്നു.

ഇതാണ് കേരളം-സാക്ഷരകേരളം-സംസ്കാരസമ്പന്നമായ കേരളം-സാമൂഹികനവോത്ഥാനപ്രസ്ഥാനങ്ങൾ ഉഴുതുമറിച്ച സവിശേഷകേരളം. ■

# സാത്താൻ സേവകർ കൊലപ്പെടുത്തിയ സി. മരിയ ലൗറ മായിനെത്തി അൾത്താരവണക്കത്തിലേക്ക്



വത്തിക്കാൻസിറ്റി: സാത്താൻ സേവകരായ മൂന്നു പെൺകുട്ടികൾ ക്രൂരമായി കൊലപ്പെടുത്തിയ മരിയ ലൗറ മായിനെത്തി എന്ന കത്തോലിക്കാസന്ന്യാസിനിയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്നതിന് ഫ്രാൻസീസ് പാപ്പായുടെ അനുമതി. സിസ്റ്ററിന്റെ മരണം രക്തസാക്ഷിത്വമായി പാപ്പാ അംഗീകരിച്ചതായി വത്തിക്കാൻ പത്രക്കുറിപ്പിൽ അറിയിച്ചു.

2000 ജൂൺ ആറിനാണ് ഇറ്റലിയിലെ ചിയാവന്നയിലുള്ള പാർക്കിൽ അറുപതു വയസുള്ള സിസ്റ്റർ മരിയ കൊലചെയ്യപ്പെടുന്നത്. പിന്നീട് മൂന്ന് പെൺകുട്ടികളും പോലീസ് പിടിയിലാവുകയും, വിചാരണയ്ക്കുശേഷം തടവുശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്തു. മൂവരെയും സൺഡേസ്കൂളിൽ സിസ്റ്റർ മരിയ ലൗറ പഠിപ്പിച്ചിരുന്നു. ആ പരിചയം മുതലെടുത്താണ് പെൺകുട്ടികൾ സിസ്റ്ററിനെ പാർക്കിലേക്കു ക്ഷണിച്ചത്.

പെൺകുട്ടികളിൽ ഒരാൾ പീഡിപ്പിക്കപ്പെട്ടുവെന്നും, അവൾ ഗർഭിണിയാണെന്നും, ഗർഭച്ഛിദ്രം നടത്താൻ പോവുകയാണെന്നും ഉപദേശം ആവശ്യമാണെന്നും പറഞ്ഞായിരുന്നു സിസ്റ്ററിനെ പ്രതികൾ വിളിച്ചുവരുത്തിയത്. പാർക്കിൽവച്ച് അവർ ബലപ്രയോഗത്തിലൂടെ സിസ്റ്ററുടെ തല സമീപത്തെ ഭിത്തിയിൽ പലപ്രാവശ്യം ഇടിപ്പിച്ചും മുട്ടുകുത്തി നിർത്തി കട്ട ഉപയോഗിച്ച് അടിച്ചും ആക്രമണം തുടരുകയായിരുന്നു. ഇതിനുശേഷം മൂന്നു പെൺകുട്ടികളും മാറിമാറി മരിയ ലൗറയെ പലപ്രാവശ്യം കുത്തി. 19 കുത്തുകളാണ് സിസ്റ്റർ മരിയയ്ക്ക് ഏറ്റത്. മൂവരും ആറു പ്രാവശ്യം വീതം കുത്താനായിരുന്നു പദ്ധതിയിട്ടിരുന്നതെന്ന് ഇറ്റാലിയൻ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ഇത് 666 എന്ന പൈശാചികസംഖ്യ രൂപപ്പെടുത്താൻ വേണ്ടിയായിരുന്നു.

മരണസമയത്തും സിസ്റ്ററുടെ അവസാനവാക്കുകൾ പ്രാർത്ഥനയായിരുന്നു. തനിക്കെതിരേ ആക്രമണം നടക്കുന്ന സമയത്തെല്ലാം പെൺകുട്ടികൾക്കു മാപ്പു നൽകണമെന്ന് സിസ്റ്റർ മരിയ ലൗറ പ്രാർത്ഥിക്കുകയായിരുന്നു. പ്രതികൾ ആദ്യം ഇടവകവൈദികനെയാണ് കൊലപ്പെടുത്താൻ പദ്ധതിയിട്ടതെങ്കിലും, അതു ബുദ്ധിമുട്ടായിരിക്കുമെന്നു മനസ്സിലാക്കി പിന്മാറുകയായിരുന്നു. പിന്നീടു നടന്ന അന്വേഷണത്തിൽ മൂന്നു പെൺകുട്ടികളുടെയും നോട്ട്ബുക്കുകളിൽനിന്നു സാത്താനിക കുറിപ്പുകൾ പോലീസ് കണ്ടെത്തി. കൊലപാതകം നടത്തുന്നതിന് ഏതാനും മാസങ്ങൾക്കുമുമ്പ് അവർ രക്തപ്രതിജ്ഞ ചെയ്തിരുന്നതായും പോലീസ് സ്ഥിരീകരിച്ചു. ശിക്ഷാകാലയളവ് കഴിഞ്ഞു മൂന്നുപേരും ജയിലിൽനിന്നു മോചിപ്പിക്കപ്പെട്ട് ഇറ്റലിയുടെ വിവിധ ഭാഗങ്ങളിൽ കുടുംബജീവിതം നയിക്കുകയാണെന്നാണ് 'കോറെറി ഡെല്ലാ സേറാ' റിപ്പോർട്ട് ചെയ്യുന്നത്.

1939 ഓഗസ്റ്റ്മാസം ഇരുപതാംതീയതി ഇറ്റലിയിലെ കൊളിക്കോ പട്ടണത്തിലാണ് സിസ്റ്റർ മരിയ ലൗറയുടെ ജനനം. പതിനെട്ടാമത്തെ വയസ്സിൽ സന്ന്യാസിനീസഭയിൽ പ്രവേശിച്ച അവർ ചിയാവന്നയിലുള്ള സിസ്റ്റേഴ്സ് ഓഫ് ദി ക്രോസ് സന്ന്യാസിനീമഠത്തിന്റെ സുപ്പീരിയർപദവി വഹിച്ചുവരികെയാണ് മരണം വരിച്ചത്. പാവങ്ങളുടെ ഇടയിൽ സിസ്റ്റർ മരിയ നടത്തിയ പ്രവർത്തനങ്ങൾ അനേകർക്ക് ഇന്നും മറക്കാനാവാത്ത ഓർമ്മയാണ്. സർവ്വതും ത്യജിച്ച സിസ്റ്റർ മരണസമയത്തുപോലും അക്രമികൾക്കുവേണ്ടി പ്രാർത്ഥിച്ച് തന്റെ ജീവൻ ബലികൊടുത്തുവെന്ന് എമിരിറ്റസ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ നേരത്തേ അനുസ്മരിച്ചിരുന്നു.








# സൈബർ ലോകം

# അവസരങ്ങളും അപകടങ്ങളും









അപർണ എം.

അനന്തമായ അവസരങ്ങളും അത്രതന്നെ അപകടങ്ങളും ഒളിഞ്ഞിരിക്കുന്ന ഇടമാണ് ഓൺലൈൻ ലോകം. പഞ്ചസാരയും മണൽത്തരികളും ഇടകലർന്നു കിടക്കുമ്പോൾ അതിൽനിന്നു പഞ്ചസാര മാത്രമേ ഉറുമ്പുകൾ കണ്ടെത്തുകയുള്ളൂ. ആ വിവേചനശേഷി നമുക്കും ഓൺലൈൻ ലോകത്താവശ്യമാണ്.

**ഫേയ്സ് ഇല്ലാത്ത ഫേയ്സ്ബുക്ക്**

ഫേയ്സ്ബുക്ക് എന്നാണു പേരെങ്കിലും ഇതിൽ 'ഫേയ്സ്' ഉപയോഗിക്കാത്ത ഒരു വിഭാഗമുണ്ട്. പല കാരണങ്ങളാണ് ഇതിനുള്ളത്. ചിലർക്ക് അതു തമാശയായിരിക്കാം. ചിലർ മനഃപൂർവ്വമുള്ള തട്ടിപ്പിനാണ് ഇത്തരം മാധ്യമങ്ങളിൽ അക്കൗണ്ടെടുക്കുന്നത്. ഇങ്ങനെ തമാശയ്ക്കോ തട്ടിപ്പിനോ ഉദ്ദേശ്യമുള്ളവർ വളരെ വിശ്വാസയോഗ്യമായ തരത്തിൽ വ്യാജവിവരങ്ങൾ നൽകും. ഇത്തരം വ്യാജഅക്കൗണ്ടുകളും ശരിയായ അക്കൗണ്ടുകളും കണ്ടെത്തുക അത്ര എളുപ്പമല്ല. അതിനാൽ, സ്കൂൾവിദ്യാർത്ഥികളും മറ്റും ഇവ ഉപയോഗിക്കുമ്പോൾ മാതാപിതാക്കളുടെ മേൽനോട്ടം ഉറപ്പുവരുത്തുന്നതാകും ഉചിതം.

**സ്വകാര്യതയില്ല**

ഓൺലൈനിൽ സ്വകാര്യത എന്നൊന്നില്ല. അടച്ചിട്ട മുറിയിൽ നാം ഒറ്റയ്ക്കിരുന്നു ചെയ്യുന്ന കാര്യങ്ങൾ ആർക്കും അനായാസം ചോർത്തിയെടുക്കാവുന്നതാണ്. ഫോണിലല്ല, വെർച്വൽ പ്ളാറ്റ്ഫോമിലാണ് നമ്മുടെ ഓൺലൈൻ പ്രവർത്തനങ്ങൾ റെക്കോർഡ് ചെയ്യപ്പെടുന്നതെന്ന് ഓർക്കുക. അതുകൊണ്ടാണ് ഫോൺ നഷ്ടപ്പെട്ടാലും ഡാറ്റ കണ്ടെടുക്കുവാൻ സൈബർ പോലീസിനു കഴിയുന്നത്.

**അരുത്, ആൾമാറാട്ടം**

വളരെ സാധാരണം എന്ന മട്ടിലാണ് ആളുകൾ ഓൺലൈൻ മാധ്യമത്തിൽ സഭ്യമല്ലാത്ത വാക്കുകൾ ഉപയോഗിക്കുന്നതും കളിയാക്കുന്നതും. എന്നാൽ, സൈബർ നിയമപ്രകാരവും ഇന്ത്യൻ പീനൽകോഡ് പ്രകാരവും ശിക്ഷാർഹമായ കുറ്റകൃത്യങ്ങളാണിവയെന്നറിയുക.

സൈബർ ആൾമാറാട്ടം ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ 66 ഡി വകുപ്പുപ്രകാരം മൂന്നുവർഷംവരെ തടവു ലഭിക്കാവുന്ന കുറ്റമാണ്. അതിനാൽ വ്യാജ അക്കൗണ്ടുകൾ നിർമ്മിച്ച് 'ഇന്റർനെറ്റ് സ്പേസ്' ദുരുപയോഗം ചെയ്യാതിരിക്കുക. പലപ്പോഴും കൗതുകത്തിനും തമാശയ്ക്കുംവേണ്ടിയാണ് ഇത്തരം പ്രവണതകൾ തുടങ്ങുന്നതെന്നതുകൊണ്ട് ഇത് ഒരു കുറ്റകൃത്യം അല്ലാതാകുന്നില്ല.


**പണത്തിനായി നെയ്യുന്ന വലകൾ**

'വെബ്' എന്ന വാക്ക് അന്വർത്ഥമാക്കുന്ന കുരുക്കുകളാണ് തട്ടിപ്പുകാർ പടച്ചുവിടുന്നത്. ഒരിക്കൽ പെട്ടുകഴിഞ്ഞാൽ മാനഹാനിയും ധനനഷ്ടവും ഇല്ലാതെ പുറത്തിറങ്ങുക ക്ലേശകരമാണ്. 'ലോകം മുഴുവൻ പരന്നുകിടക്കുന്ന വെബ്' എന്നാണല്ലോ നാം ഇന്റർനെറ്റിനെ പറയുന്നത് (world wide web). അതിനാൽ തട്ടിപ്പുകാരും ഇപ്പോൾ 'ഇന്റർനാഷണൽ' ആണ്. ആധുനികവത്കരണം വളർന്നുവളർന്ന് ഇപ്പോൾ വ്യക്തികളുടെ സ്വകാര്യവിവരങ്ങൾവരെ പണം വാങ്ങി വിൽക്കുന്ന കാലമാണ്.

ഓൺലൈൻ കച്ചവടം ഇന്നു കോടികൾ മറിയുന്ന മാഫിയകളുടെ കൈകളിലാണ്. രാജ്യങ്ങളോളം വ്യാപിച്ചുകിടക്കുന്ന ബിസിനസ് ശൃംഖലയാണിത്. ഇത്തരം വലകളിൽ അകപ്പെടാതിരിക്കാൻ സ്വയം പ്രദർശനമോഹം അടക്കി സമൂഹമാധ്യമങ്ങളിൽ പക്വത പാലിക്കുക എന്നതേ വഴിയുള്ളൂ. ഒരു വിവരവും സ്വകാര്യവും സുരക്ഷിതവും അല്ല എന്ന് വീണ്ടും ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

*ലേഖിക എറണാകുളം ഗവ. ലോ കോളജ് ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്*

# ഞങ്ങൾ തിരക്കിലാണ്...



**കോവിഡ്കാലം പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർസെക്കൻഡറി സ്കൂളിലെ കുട്ടികൾ നടത്തിയ സർഗ്ഗാത്മകപ്രവർത്തനങ്ങളെക്കുറിച്ച് ആറാംക്ലാസ് വിദ്യാർത്ഥി തോമസ് ടോണി എഴുതുന്നു:**

**തോമസ് ടോണി**

**കോ**വിഡ് 19 പകർച്ചവ്യാധി പടർന്നുപിടിച്ചത് പെട്ടെന്നായിരുന്നു. പരീക്ഷകൾ നിർത്തിവച്ചു. വീട്ടിൽനിന്നു പുറത്തിറങ്ങാൻ വയ്യാതായി. ലോക്ഡൗൺ പ്രഖ്യാപിച്ചു. സ്കൂളും ടീച്ചർമാരും കൂട്ടുകാരുമൊക്കെ ശരിക്കും നഷ്ടപ്പെട്ടുപോയതുപോലെ! വല്ലാത്ത വിഷമം തോന്നി. പക്ഷേ, ആ വിഷമം അധികം നീണ്ടില്ല.. വീട്ടിലിരിക്കുന്ന ഞങ്ങളെ ഓൺലൈനിൽ ചേർത്തുപിടിക്കുന്ന പല പരിപാടികളുമായി ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകരെത്തി. അകലെയെന്നു തോന്നിയ കൂട്ടുകാരും സാറുമ്മാരും ഒക്കെ ഓരോ ദിവസവും തൊട്ടടുത്തത്തെത്തിയതുപോലെ..

**ലോക്ഡൗൺ വീട്ടുവിശേഷങ്ങൾ യൂട്യൂബിലൂടെ..**

ഇതു ശരിക്കും 'കിടു' ആയിരുന്നു. ഞങ്ങൾ വീട്ടിലിരുന്നു ചെയ്ത പ്രവർത്തനങ്ങൾ വീഡിയോയായി ചിത്രീകരിച്ച് അയച്ചുകൊടുക്കണം. അതു പ്രത്യേക പരിപാടിയായി സ്കൂളിന്റെ യൂട്യൂബ് ചാനലിൽ വരും. പാട്ട്, പ്രസംഗം, ഡാൻസ്, ടിക്ടോക് വീഡിയോകൾ, കരകൗശലവസ്തുക്കളുടെ നിർമ്മാണം, പാഴ്വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണം, യോഗ, കരാട്ടെ, ചിത്രരചന.. തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ വീട്ടിലിരുന്നു ഞങ്ങൾ ചെയ്തു. മൊബൈൽഫോണിൽ അതു ചിത്രീകരിച്ചത് ഞങ്ങളുടെ മാതാപിതാക്കളാണ്. ആദ്യമായി ക്യാമറാമാന്റെ പണി ചെയ്ത അവരും കുറച്ചു വിഷമിച്ചു കേട്ടോ.

ഈ വീഡിയോ വാട്സാപ്പിൽ അയച്ചു കൊടുക്കും. അതിനിടെ, ചാനലിൽ പരിപാടി അവതരിപ്പിക്കാനുള്ള അവസരമുണ്ട് എന്ന അറിയിപ്പുമായി സാറിന്റെ വിളി വരും. അതോടെ ഞങ്ങൾ മാറി മാറി അവതാരകരും ആകും. കുറച്ചു ദിവസത്തേക്ക് ടിവി കണ്ടപ്പോൾ, പരിപാടികൾ അവതരിപ്പിക്കുന്നവരുടെ സംസാരവും രീതികളും ഒക്കെ നോക്കി പഠിച്ചു. സ്കൂളിൽനിന്നു കൃത്യമായ നിർദ്ദേശവും ലഭിച്ചു. പറ്റുന്നതുപോലെയൊക്കെ അവതരണവും നടത്തി അയച്ചു കൊടുത്തു. ഞങ്ങളുടെ അധ്യാപകർ അത് എഡിറ്റ് ചെയ്ത് പ്രോഗ്രാമാക്കി യൂട്യൂബിൽ അപ്ലോഡ് ചെയ്തു. യൂട്യൂബ് ചാനലിൽ പ്രോഗ്രാം വന്നപ്പോൾ ശരിക്കും അദ്ഭുതം തോന്നി. ഒരു ടിവി ചാനൽ കാണുന്നതുപോലെതന്നെ. ഞങ്ങൾ ഒരു ചാനലിൽ അവതരണം നടത്തുന്നു, പരിപാടികൾ ചെയ്യുന്നു എന്നുതന്നെ തോന്നി. അങ്ങനെ അന്റോണിയൻ ന്യൂസ് യൂട്യൂബ് ചാനൽ ഞങ്ങൾക്ക് ഏറെ പ്രിയപ്പെട്ടതായി. ഓരോ പ്രോഗ്രാം കഴിയുമ്പോഴും അടുത്ത എപ്പിസോഡിനായി കാത്തിരിക്കാൻ തുടങ്ങി. ഞങ്ങളുടെ കൂട്ടുകാരെ കാണാൻ.. അവരുടെ മാതാപിതാക്കളെ പരിചയപ്പെടാൻ.. കൂടാതെ, നല്ല രസകരമായ പരിപാടികൾ കാണാനും.

**'എന്റെ കൃഷി എന്റെ ഭക്ഷണം'**

കഴിഞ്ഞവർഷം സ്കൂളിലെ വിവിധ പരിപാടികളിലൂടെ ഞങ്ങൾ മനസ്സിലാക്കിയ ഒരു കാര്യമുണ്ട്. നമുക്കാവശ്യമായ ഭക്ഷണം നമ്മുടെ തൊടിയിൽത്തന്നെ കൃഷി ചെയ്യണം. കടകളിൽ ലഭിക്കുന്ന പലതും വിഷമയമാണ്. അതിനാൽ ജൈവകൃഷിത്തോട്ടം വീട്ടിൽ വേണം. ഇത് നടപ്പിലാക്കാനുള്ള അവസരമായി മാറി ഈ ലോക്ഡൗൺ അവധിക്കാലം. സ്കൂളിൽനിന്ന് ഇതൊരു മത്സരമായി പ്രഖ്യാപിച്ചു. 'എന്റെ കൃഷി എന്റെ ഭക്ഷണം' – ജൈവ അടുക്കളത്തോട്ടനിർമ്മാണമത്സരം'. ധാരാളം കൂട്ടുകാർ ഈ മത്സരത്തിൽ പങ്കെടുക്കുകയും വീട്ടിൽ ജൈവകൃഷി ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു. ഞാൻ മൈക്രോഗ്രീൻ കൃഷിയാണ് പ്രധാനമായും ചെയ്തത്.


**പൊതുവിജ്ഞാനപരിശീലനം**

എല്ലാ രക്ഷിതാക്കളെയും ഉൾപ്പെടുത്തിയ വാട്സാപ്പ് ഗ്രൂപ്പുകൾ രണ്ടു വർഷമായി ഞങ്ങളുടെ സ്കൂളിലുണ്ടായിരുന്നു. ഈ ഗ്രൂപ്പിലൂടെ എല്ലാ ദിവസവും പൊതുവിജ്ഞാനചോദ്യങ്ങളും ഉത്തരങ്ങളും സ്കൂളിൽനിന്നയച്ചു തരും. പത്തു ദിവസം കൂടുമ്പോൾ അതുവരെ നൽകിയ നൂറു ചോദ്യങ്ങളുടെ പരീക്ഷ ഓൺലൈനിൽ നടത്തും. ഉയർന്ന മാർക്കുകൾ നേടുന്നവരുടെ പേരുകൾ ഓൺലൈനിൽത്തന്നെ പ്രസിദ്ധീകരിക്കും. ലിസ്റ്റിൽ പേരു വരാൻ ഞങ്ങൾ മത്സരിച്ചു പഠിക്കും. ഇതുവരെ ആയിരത്തോളം പുതിയ അറിവുകൾ ഞങ്ങൾ നേടിക്കഴിഞ്ഞു.

**'വീട്ടെഴുത്ത്' – കയ്യെഴുത്തുമാസികമത്സരം**

വീട്ടിലെ എല്ലാവരും പങ്കെടുക്കേണ്ട കയ്യെഴുത്തുമാസികമത്സരത്തിൽ ഞങ്ങൾ ആവേശത്തോടെയാണ് ചേർന്നത്. അപ്പൻ, അമ്മ, സഹോദരങ്ങൾ, വല്യപ്പൻ, വല്യമ്മ.. ഇവരെല്ലാം പങ്കുചേർന്നു. വളരെ രസകരമായ അനുഭവമായിരുന്നു. പല കൂട്ടുകാരുടെയും രക്ഷിതാക്കൾ ആദ്യമായാണ് ഒരു മാസികയിൽ എഴുതുന്നത്. നല്ല കലാകാരന്മാരായ മുതിർന്നവരിൽ പലർക്കും ഇതുവരെ അവരുടെ കഴിവുകൾ പ്രകടിപ്പിക്കുവാൻ ഒരവസരം ലഭിച്ചിരുന്നില്ല. സ്കൂൾ ഒരുക്കിയ ഈ 'വീട്ടെഴുത്തിലൂടെ' എല്ലാവർക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള അവസരങ്ങൾ തുറന്നുകിട്ടി. ജൂൺ മാസത്തെ വായനവാരത്തിൽ ഈ കൈയെഴുത്തു മാസികകൾ പ്രകാശനം ചെയ്യും.

ഇങ്ങനെ കഴിഞ്ഞ രണ്ടു മാസം പൂഞ്ഞാർ സെന്റ് ആന്റണീസിലെ കുട്ടികൾക്കും രക്ഷിതാക്കൾക്കും തിരക്കിന്റെ നാളുകളായിരുന്നു. വിനോദവും വിജ്ഞാനവും നൽകുന്ന, കഴിവുകൾ വളർത്തുന്ന, നിരവധി പ്രവർത്തനങ്ങൾകൊണ്ട് നിറഞ്ഞതായിരുന്നു ആ ദിനങ്ങൾ. ഇപ്പോഴുള്ള ഓൺലൈൻ ക്ലാസുകൾക്കൊപ്പം, പഠനത്തിനു തടസമുണ്ടാകാത്തതുപോലെ, ആ പ്രവർത്തനങ്ങൾ ഞങ്ങൾ ഇപ്പോഴും തുടരുകയാണ്.






ഫോട്ടോ : സാംസൺ പാലാ

# പ്രെയിംഗ് വിത്ത് കാർസൺ

**ഗുരുതരമായ രോഗത്തിനു നടുവിൽ പ്രാർത്ഥനവിപ്ലവം സൃഷ്ടിച്ച് 13 വയസുള്ള അമേരിക്കൻ ബാലൻ**

ഒഹിയോ: കഠിനമായ സഹനങ്ങളിലൂടെ കടന്നുപോകുമ്പോഴും യാതൊരു പരാതിയും കൂടാതെ തന്റെ വേദന ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി സമർപ്പിച്ച് അമേരിക്കയിൽ ഒരു ബാലൻ. ചർമ്മം ദുർബലമാകുകയും കുമിളകൾ രൂപപ്പെടുകയും ചെയ്യുന്ന 'എപ്പിഡർമോളിസിസ് ബുള്ളോസ്' എന്ന ഗുരുതരമായ ത്വഗ്രോഗം ബാധിച്ച 13 വയസുള്ള കാർസൺ കിസെൽ എന്ന ബാലനാണ് സോഷ്യൽ മീഡിയയിലെ തന്റെ പ്രാർത്ഥനാശുശ്രൂഷയിലൂടെ അനേകർക്കു പ്രചോദനമായി മാറുന്നത്.



അമേരിക്കൻ സംസ്ഥാനമായ ഒഹിയോയിൽ താമസിക്കുന്ന ഡേവിഡ്-ക്രിസ്റ്റി ദമ്പതികളുടെ മൂന്നു മക്കളിൽ ഒരാളായ കാർസണിന്റെ പ്രചോദനത്തിനു പിന്നിൽ ക്രിസ്തീയമൂല്യങ്ങൾക്കു പരമപ്രാധാന്യം നൽകുന്ന മാതാപിതാക്കൾതന്നെയാണ്.

കൊറോണയെ പ്രതിരോധിക്കാൻ 'പ്രെയിംഗ് വിത്ത് കാർസൺ' എന്ന ഫേസ്ബുക്ക് പേജിലൂടെ കാർസൺ നടത്തുന്ന തത്സമയ കരുണക്കൊന്തയിൽ നൂറു കണക്കിനു ആളുകളാണ് ഓരോ ദിവസവും പങ്കെടുക്കുന്നത്. വളരെ ചെറിയ ആഘാതമോ മുറിവോപോലും ചർമ്മത്തെ ദുർബലമാക്കി രോഗാവസ്ഥ വഷളാക്കുന്ന ജനിതക രോഗത്തിന്റെ അസഹനീയമായ വേദനയെ പൂർണ്ണമായും മറന്നുകൊണ്ടാണ് ഈ ബാലൻ പ്രാർത്ഥനകൊണ്ട് അദ്ഭുതം സൃഷ്ടിക്കുന്നത്. കോവിഡ് കാലത്ത് കാർസൺ സൃഷ്ടിക്കുന്ന പ്രാർത്ഥനവിപ്ലവത്തിൽ അമ്മ ക്രിസ്റ്റിയും പങ്കുചേരുന്നത് വീഡിയോയിൽ കാണുവാൻ കഴിയുന്നു. കാർസണിനു പ്രാർത്ഥനകൾ അറിയിച്ചും പ്രാർത്ഥനാസഹായം യാചിച്ചും ശരാശരി മുന്നൂറോളം പേരാണ് ഓരോ പ്രാർത്ഥനാശുശ്രൂഷയിലും വീഡിയോയ്ക്കു താഴെ കമന്റ് ഇടുന്നത്.

# നില തെറ്റുന്ന നിലപാടുകൾ



ആൽബിൻ ജിജോ

**നീ**തിക്കുവേണ്ടി പോരാടുന്ന നീതിമാന്മാരാകാൻ ഇച്ഛിക്കുന്നവരാണ് മനുഷ്യരിൽ സിംഹഭാഗവും. നമുക്കുചുറ്റും നടമാടുന്ന സംഭവവികാസങ്ങളിൽ നിലപാടു സ്വീകരിക്കാൻ നാം അറിഞ്ഞോ അറിയാതെയോ നിർബന്ധിതരാകുന്നു. സമൂഹത്തോടുള്ള പ്രതിബദ്ധതയാണോ, മനഃസാക്ഷിയോടുള്ള ആത്മാർത്ഥതയാണോ മറ്റെന്തെങ്കിലുമാണോ ഈയൊരു സമീപനത്തിനു കാരണമെന്നു വ്യക്തമല്ല.

എന്താണെങ്കിലും നാം സ്വീകരിക്കുന്ന നിലപാടിനെക്കുറിച്ച് ഒന്നു പരിശോധിക്കാം. തത്ത്വശാസ്ത്രമനുസരിച്ച് ഒബ്ജക്ടിവിസം, റിലേറ്റിവിസം, ഇമോഷിവിസം എന്നിങ്ങനെ മൂന്നു രീതികളാണുള്ളത്.

ഒബ്ജക്ടിവിസം ഏതൊരു കാര്യത്തെയും യുക്തിയുടെ കോണിലൂടെ നോക്കിക്കാണുന്ന ഒരു രീതിയാണ്. ശരിതെറ്റുകളെ നിർണയിക്കുന്നത് യുക്തിപരമായ ചിന്തകളുടെ ഫലങ്ങളിൽനിന്നാണ്. പക്ഷേ, മനുഷ്യയുക്തിയുടെ പൂർണത ഇതിനൊരു വെല്ലുവിളിയായി നിലനിൽക്കുന്നു.

റിലേറ്റിവിസം ആപേക്ഷികമായ ചിന്തയാണ്. ഉദാഹരണത്തിന് 'വാഹനമോടിക്കുന്നത് റോഡിന്റെ ഇടതുവശത്തുകൂടിയാണ്' എന്ന കാര്യം ഇന്ത്യയെ സംബന്ധിച്ചു ശരിയും അമേരിക്കയെ സംബന്ധിച്ചു തെറ്റുമാണ്.

ഇമോഷിവിസം എന്നത് വികാരങ്ങളെ താങ്ങുന്ന ഒരു വാദമാണ്. നമ്മുടെ നിലപാട് നമ്മുടെ വികാരങ്ങളിൽനിന്നു വരുന്നു.

ഇതൊക്കെപ്പറഞ്ഞത് എന്തിനാണെന്നു ചിന്തിക്കാം. നമ്മുടെ നിലപാടുകളെ പരിശോധിക്കാൻ ഒരുപക്ഷേ, ഇതു സഹായിച്ചേക്കും.

ആദ്യമേ പറയട്ടെ, മുകളിൽ പ്രസ്താവിച്ച മൂന്നു വാദങ്ങൾക്കും അതിന്റേതായ വെല്ലുവിളികളുമുണ്ട്. ഗർഭിണിയായ ഒരു ആന സ്ഫോടകവസ്തു കടിച്ച് വലിയൊരു ദുരന്തമായപ്പോൾ മലയാളികളുടെയെല്ലാം മനസ്സിൽ അതൊരു വേദനയായി. എന്റെ അഭിപ്രായത്തിൽ, സമൂഹമാധ്യമങ്ങൾ ഈ വാർത്തയെ നമ്മിലേക്കെത്തിച്ചതിന്റെ രീതിയാണ് ഈയൊരു സങ്കടത്തിന്റെയും വാർത്താപ്രാധാന്യത്തിന്റെയും അടിസ്ഥാനം.



ഇനി നിലപാടിനെക്കുറിച്ചു ചിന്തിക്കാം. ആനയോടു ചെയ്ത ക്രൂരതയോർത്ത് മനുഷ്യരെ കുറ്റം പറയുന്നത് വികാരവുമായി (ഇമോഷിവിസം) ചേർന്നുപോകുന്നു. കർഷകർ സ്ഫോടകവസ്തു മറ്റു മൃഗങ്ങൾക്കു വച്ചതാണെന്നു ചിന്തിക്കുമ്പോൾ അവിടെ യുക്തിയുടെ വാദമാണുയരുന്നത്. അപ്പോൾ ഏതാണു ശരി? അത് ആപേക്ഷികമാണോ? ഉത്തരം സ്വയം കണ്ടെത്തേണ്ടിയിരിക്കുന്നു.

ആനയുടെ കാര്യത്തിലുണ്ടായ മുറിവ് ഒരു കടുവ മനുഷ്യനെ ആക്രമിച്ചപ്പോൾ ഉണ്ടായില്ല.

പത്രങ്ങളും സമൂഹമാധ്യമങ്ങളും വരച്ചിടുന്ന ചിത്രങ്ങളിലേക്കു ചിന്തയെ അടിമയായി നൽകുന്ന നിലപാടു മാറണം. തെളിവുകളുടെ അടിസ്ഥാനത്തിൽ ഒരാൾ പറയുന്നതു വിശ്വസിക്കണമെന്നു തത്ത്വശാസ്ത്രജ്ഞനായ ഹ്യൂം പറയുന്നു. എന്നാൽ തെളിവുകൾ മാത്രമല്ല, മനുഷ്യന്റെ ഉള്ളിലുള്ള വിവേകവും പ്രേരണയുംകൂടി ആവശ്യമാണെന്ന് ഇമ്മാനുവൽ കാന്റ് അഭിപ്രായപ്പെടുന്നു.

ചുരുക്കത്തിൽ, ഏതൊരു കാര്യവും അതേപടി സ്വീകരിക്കരുത്. ഭൂരിപക്ഷത്തിനൊപ്പം നിൽക്കുന്നതാണ് സുരക്ഷിതമായ നിലപാടെന്ന ചിന്ത ശരിയല്ല. സ്വന്തമായ വിലയിരുത്തലിനും ബോധ്യപ്പെടലിനും ശേഷംമാത്രം നിലപാടെടുക്കുക. എല്ലാറ്റിനുമുപരി, പരിശുദ്ധാത്മപ്രേരണകളെ ഉൾക്കൊള്ളുക.

*ലേഖകൻ പാലാ സെന്റ് തോമസ് കോളജ് ബിഎസ്‌സി (മാത്‌സ്) രണ്ടാം വർഷ വിദ്യാർത്ഥിയാണ്.*

# കെ.സി.എസ്.എൽ. ഓൺലൈൻ മത്സരവിജയികൾ

കെ.സി.എസ്.എൽ. സംസ്ഥാനതലത്തിൽ നടത്തിയ ഓൺലൈൻ മത്സരങ്ങളുടെ വിജയികളെ പ്രഖ്യാപിച്ചു.

ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ വിജയികളുടെ പേരുവിവരം യഥാക്രമം താഴെക്കൊടുത്തിരിക്കുന്നു.

**ഡാൻസ്:** (I) മരിയ ഡിൽന – അസ്സീസി വിദ്യാനികേതൻ പബ്ലിക് സ്കൂൾ പെരുമ്പിള്ളി, (II) സാനിയ സ്റ്റെല്ലാസ് – സെന്റ് ക്രിസോസ്തം ജി.എച്ച്.എസ്.എസ്. നെല്ലിമൂട് (III) പാർവ്വതി ചന്ദ്രൻ & അഞ്ജന വി.ജെ. – സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്. രാമപുരം.

**മോണോആക്ട്:** (I) ആൻ റോവിന റോയി – മൗണ്ട് കാർമ്മൽ കോൺവെന്റ് എ.ഐ.ജി.എച്ച്.എസ്.എസ്. തങ്കശ്ശേരി, (II) അമൽന സൈമൺ വി – ലിറ്റിൽ ഫ്ളവർ കോൺവെന്റ് യുപിഎസ് മമ്മിയൂർ (III) തെരേസ ബേബി – ഹോളി ക്രോസ് എച്ച്.എസ്.എസ്. ചേർപ്പുങ്കൽ.

**ഷോർട്ട് ഫിലിം:** ഹയർ സെക്കൻഡറി വിഭാഗം: (I) എസ്.ജെ.എച്ച്.എസ്.എസ്. വെള്ളയാംകുടി (ഇടുക്കി രൂപത), (II) എസ്.എം.എച്ച്.എസ്.എസ്. മുരിക്കാശേരി (ഇടുക്കി രൂപത), (III) സെന്റ് ആന്റണീസ് എച്ച്.എസ്.എസ്. വരാപ്പുഴ (വരാപ്പുഴ അതിരൂപത). ഹൈസ്കൂൾവിഭാഗം: (I) ഹോളി ഫാമിലി സി.ജി.എച്ച്.എസ്.എസ്. ചെമ്പുക്കാവ് (തൃശൂർ അതിരൂപത), (II) ഔവർ ലേഡി കോൺവെന്റ് ജി.എച്ച്.എസ്. കൊച്ചി (കൊച്ചി രൂപത), (III) സെന്റ് ജറോം എച്ച്.എസ്. വെള്ളയാംകുടി (ഇടുക്കി രൂപത).

**അധ്യാപകർക്കായുള്ള ലേഖനമത്സരം**

(I) നൈസി മാത്യു – വിമല എച്ച്.എസ്. വിമലഗിരി (ഇടുക്കി രൂപത), (II)ഷാന്റിമോൾ ജോസഫ് – സെന്റ് മേരീസ് എച്ച്.എസ്. തെക്കേമല (കാഞ്ഞിരപ്പള്ളി രൂപത), (III) സ്റ്റാർലിൻ ഷിന്റോ – സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.അമ്മാടം (തൃശൂർ അതിരൂപത).



# വിലാപം



വിദ്യ വിജയകുമാർ

സർക്കാരാശുപത്രിയുടെ
ചെളിപിടിച്ച വരാന്തയിൽ
രാവിലെമുതൽ
ഒരു വല്യമ്മ കൂനിക്കൂടിയിരിക്കുന്നുണ്ട്.
അവരുടെ നരച്ച തലമുടി മുഖത്തിനുചുറ്റും
ചിതറിക്കിടക്കുന്നുണ്ട്.
പീളകെട്ടിയ കണ്ണിൽനിന്നു
വെള്ളമൊലിക്കുന്നുണ്ട്.
നഖങ്ങൾ പോറലുണ്ടാക്കിയ
കവിളിൽനിന്നു രക്തം കിനിഞ്ഞുവരുന്നുണ്ട്.
മൂക്കള ചീറ്റി അവർ
ആശുപത്രിയുടെ ചായമിളകിയ ഭിത്തിയിൽ തേച്ചു.
ദേഹത്തെ ചിരങ്ങു മാന്തിപ്പൊളിച്ചതിൽനിന്ന്
വെള്ളവും ചലവും പുറത്തുചാടി
നരച്ചു നിറംമങ്ങിയ പച്ചസാരി
ആകെ കീറിപ്പോയിരുന്നു.
നീരുവന്നു വീർത്ത കാല്പാദങ്ങൾ
അവർ വരാന്തയിലേക്കു നീട്ടിവച്ചു.
വീൽച്ചെയർ ഉരുട്ടിക്കൊണ്ടുപോയ
ആശുപത്രി ജീവനക്കാരൻ അലറി:
"കാലിത്തിരി മാറ്റിവെച്ചേ തള്ളേ..."
പേടിച്ചുപോയ 'തള്ള' മുറ്റത്തേക്കു മറിഞ്ഞു.
ആരൊക്കെയോ ചേർന്ന് 'അതിനെ'
വരാന്തയിലേക്ക് എടുത്തുകിടത്തി.
ഒരു നേഴ്സ് ഉദാസീനതയോടെ
അറച്ചറച്ച് നാഡിമിടിപ്പ് പരിശോധിച്ചു.
"കാറ്റുപോയോ" പുറകിൽനിന്നൊരു കമന്റ്
വൃദ്ധ വിഷമിച്ച് കണ്ണുകൾ തുറന്നു.
പേരെന്താ? എവിടുന്നാ? കൂടെയാരുമില്ലേ?
ഡോക്ടർ തമ്പുരാൻ കുറിപ്പടിയെഴുതി:
എക്സ് റേ, സ്കാൻ, ഇസിജി...
ഒന്നും ഇവിടെയില്ല, പുറത്തൂന്നാ...
വൃദ്ധ തലയാട്ടി.
അഡ്മിറ്റ് ചെയ്തേക്കാം,
ദാ അവിടെക്കിടന്നോ...
നേഴ്സ് വാർഡിന്റെ നാറുന്ന മൂലയിലേക്ക്
വിരൽ ചൂണ്ടി.
മേൽവിലാസം പറ...
'തള്ള' ചുരുട്ടിക്കൂട്ടിയ റേഷൻ കാർഡ്
പുറത്തെടുത്തു:
പേര്: ഭൂമി,
വയസ്സ്: അറിയില്ല
വിലാസം: സൗരയൂഥപ്പുറമ്പോക്കിലെ മൂന്നാമത്തെ വീട്
ഡോക്ടർ നേഴ്സിനെയും
നേഴ്സ് അറ്റൻഡറെയും തുറിച്ചുനോക്കി.

*കവയിത്രി കോട്ടയം സി.എം.എസ്. കോളജിൽ മലയാളം മൂന്നാംവർഷ വിദ്യാർത്ഥിനിയാണ്.*

# നീതിസമരത്തിലെ ചരിത്രനായിക



ആൻ മരിയ തോമസ്

**ജീ**വിതത്തിന്റെ കടമ്പകളെ സാഹസികമായി കീഴടക്കിയ നിരവധി സ്ത്രീകഥാപാത്രങ്ങൾ നമുക്കുണ്ട്. അത്തരത്തിലുള്ള ഒരു തളരാത്ത പോരാളിയായിരുന്നു ലീലാകുമാരിയമ്മ. എൻഡോസൾഫാനെ ആദ്യമായി 'ജീവനാശിനി' എന്നു വിശേഷിപ്പിച്ചുകൊണ്ട് നമ്മുടെയെല്ലാം കണ്ണു തുറപ്പിച്ച ലീലാകുമാരിയമ്മ.

കണ്ണൂർ ജില്ലയിൽ പയ്യാവൂർ ഗ്രാമത്തിലെ ഒരു സാധാരണ കുടുംബത്തിലാണ് ലീലാകുമാരിയമ്മ ജനിച്ചത്. 2010 ൽ ഇന്ത്യാവിഷൻ ന്യൂസ് ചാനലിന്റെ 'പേഴ്സൺ ഓഫ് ദി ഇയർ' പുരസ്കാരം നേടിയ ഈ ധീരവനിതയുടെ രാഷ്ട്രീയപശ്ചാത്തലത്തെക്കുറിച്ച് അവർതന്നെ പറയുന്നതിങ്ങനെയാണ്: "രാഷ്ട്രീയമോ സംഘടനാപ്രവർത്തനമോ ഇല്ലാത്ത ആളായിരുന്നു ഞാൻ. നാടു നന്നാക്കുക എന്ന ലക്ഷ്യത്തോടെ രാവിലെതന്നെ വസ്ത്രം മാറി പുറപ്പെടുന്ന ഒരു സ്ത്രീയായിരുന്നില്ല ഞാൻ. സർക്കാർ ശമ്പളംകൊണ്ടു ജീവിക്കുന്ന ഒരു സാധാരണ വീട്ടമ്മ. എന്റെ ഭർത്താവ്, മക്കൾ – അതായിരുന്നു എന്റെ ലോകം. ജീവിക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടാണ് സമരത്തിനിറങ്ങിയത്."

1992 വരെ സാധാരണജീവിതം നയിച്ചുവെങ്കിലും ജോലിയോടുള്ള സത്യസന്ധതയും മനസ്സാക്ഷിയോടു നീതി പുലർത്താനുള്ള ഉൾവിളിയും അവരെ വെറുതെയിരിക്കാൻ അനുവദിച്ചില്ല. ജ്യേഷ്ഠസഹോദരന്റെ അകാലത്തുള്ള മരണം കൂടിയായപ്പോൾ ഒരു ഫീനിക്സായി മാറുകയായിരുന്നു. കാസർഗോഡുള്ള പുതിയ വീട്ടിലേക്കു താമസം മാറിയതിനുശേഷമുള്ള അവരുടെ ജീവിതം ഒരിക്കലും പഴയതുപോലെ ആയില്ല. കശുമാവിൻതോട്ടങ്ങളിൽ എന്നും രാവിലെ ഹെലികോപ്ടർകൊണ്ടുവന്നു മരുന്നു തളിക്കുമായിരുന്നു. സമീപത്തുള്ള വീടുകളിലും കിണറുകളിലുമൊക്കെ മരുന്നു വീഴാറുമുണ്ടായിരുന്നു. പതിയെപ്പതിയെ അതിന്റെ പ്രത്യാഘാതങ്ങൾ സാധാരണജനങ്ങളിൽ പ്രകടമായിത്തുടങ്ങുകയും ചെയ്തു. അന്നുവരെയില്ലാത്ത ശാരീരികാസ്വാസ്ഥ്യങ്ങൾ! ഒരു വർഷത്തിനകം അവരുടെ പുതിയ വീട്ടിൽവച്ച് ജ്യേഷ്ഠസഹോദരൻ മരിച്ചു. താമസിയാതെ ലീലാകുമാരിയമ്മയും ശാരീരികമായി തളർന്നുതുടങ്ങി. തങ്ങളുടേത് ഒറ്റപ്പെട്ട സംഭവമല്ലെന്ന് ഇതിനോടകം മനസ്സിലാക്കിയ ലീലാകുമാരിയമ്മയുടെ മുമ്പിൽ രണ്ടു പോംവഴികളേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകിൽ എല്ലാം വിറ്റുപെറുക്കി നാടുവിടുക. അല്ലെങ്കിൽ ഈ വിഷമഴയെ ഇല്ലായ്മ ചെയ്യുക. എന്തായാലും ഒന്നു നശിച്ചേ പറ്റൂ. തളരാത്ത ഒരു പോരാളിയായി മാറാൻ അവർക്കധികം സമയം വേണ്ടിവന്നില്ല. അപേക്ഷകൾ നിവേദനമായും ബോധവത്കരണമായും രൂപംകൊണ്ടെങ്കിലും ഒരു പ്രയോജനവുമുണ്ടായില്ല. അതുകൊണ്ടായിരിക്കണം ലീലാകുമാരിയമ്മ തന്നിലെ യാചനാഭാവം വെടിഞ്ഞ് നീതിക്കുവേണ്ടി വാശിപിടിച്ചുകൊണ്ട് കോടതിവരാന്തകളിലേക്കു നടന്നെത്തിയത്. കള്ളക്കേസിൽപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും പ്ലാന്റേഷൻ അധികൃതർ ലീലാകുമാരിയെ പിന്തിരിപ്പിക്കാൻ ആവുന്നതും ശ്രമിച്ചു. എന്നാൽ, നിയമപരമായ പോരാട്ടത്തിനു ഫലമുണ്ടാവുകയും മുൻസിഫ് കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.



ലീലാകുമാരിയമ്മ

പിറ്റേന്നുതന്നെ പ്ലാന്റേഷന്റെ ആളുകൾ ലീലാകുമാരിയുടെ വീട്ടിലെത്തി. 'പരാതി പിൻവലിക്കണം. ഇല്ലെങ്കിൽ നിങ്ങളനുഭവിക്കും.' അവർ ആക്രോശിച്ചു. "വിഷമല്ലേ നിങ്ങൾ ഞങ്ങളുടെമേൽ തളിക്കുന്നത്. അല്ലാതെ പനിനീരൊന്നുമല്ലല്ലോ" അവർ ചോദിച്ചു. വാഗ്വാദങ്ങൾ ഇങ്ങനെ നീണ്ടുപോയി. ഇതോടെ അധികൃതർ ലീലാകുമാരിയമ്മയ്ക്കെതിരേ 75 ലക്ഷം രൂപയുടെ നഷ്ടപരിഹാരക്കേസ് രജിസ്റ്റർ ചെയ്യുകയും പ്രകൃതിസ്നേഹികളുടെ രണ്ടു സംഘടനകൾ ചേർന്നു പരിചയപ്പെടുത്തിയ ഡെയ്സി തമ്പിയെന്ന വക്കീൽ സൗജന്യമായി ലീലാകുമാരിയമ്മയ്ക്കുവേണ്ടി കേസു വാദിക്കുകയും ചെയ്തു. അങ്ങനെ 2000 ഒക്ടോബർ 18 ന് നിർണായകമായ ഹൈക്കോടതി വിധിയെത്തി. "എൻഡോസൾഫാൻ മാരകകീടനാശിനിയാണ്. അതു മനുഷ്യജീവന് ഒരു വിലയും കല്പിക്കുന്നില്ല." മജിസ്ട്രേറ്റ് വ്യക്തമാക്കി.

പിന്നീടൊരു അപകടത്തിൽപ്പെട്ട ലീലാകുമാരി 2003 ൽ സർവ്വീസിൽനിന്നു വിരമിക്കുകയാണുണ്ടായത്. അപ്പോഴേക്കും കേരളം ആ പോരാട്ടവീര്യമേറ്റെടുത്തുകഴിഞ്ഞിരുന്നു. 2011 ഏപ്രിൽ 29 ന് സ്റ്റോക്ക്ഹോം കൺവെൻഷനിലുണ്ടായ നിരോധനാജ്ഞയ്ക്കുപിറകിൽ നിർണായകപങ്കുവഹിച്ചത് ഇന്ത്യയുടെ നിലപാടായിരുന്നു. അതിനു കാരണമായത് ലീലാകുമാരി എന്ന വ്യക്തിയുടെ ആരാധ്യമായ പെണ്ണത്തവും.

വ്യക്തികൾ സാമൂഹികാവബോധമുള്ളവരാകുമ്പോൾ ഉള്ളിലെ നന്മമരങ്ങളും താനേ വളരും. 'ഞാൻ' എന്ന അവസ്ഥയിൽ ലഭിക്കാവുന്ന സുഖമേഖലകളെ വേണ്ടെന്നു വയ്ക്കുമ്പോൾ മനുഷ്യർ സാമൂഹികജീവികളാകുന്നു.

ചെറുപ്പംമുതൽക്കേ മൂല്യാധിഷ്ഠിത കാഴ്ചപ്പാടുകളിൽ വളരേണ്ടവരാണു നാം. അപ്പോൾ വെല്ലുവിളികളെ സമചിത്തതയോടെ നേരിടാൻ നമുക്കു സാധിക്കും. ചരിത്രം ആധാരമാക്കി ഇന്നു നാം സംസാരിക്കുമ്പോൾ ഒരു തിരിവെട്ടമെങ്കിലും പരത്താൻ കടപ്പെട്ടവരാണു നാം. അണയാൻ പോകുന്ന മെഴുകുതിരികൾ മറ്റൊരു മെഴുകുതിരിക്കായി പ്രതീക്ഷയോടെ ആളിക്കത്തുന്നതുപോലെ ചരിത്രത്തിന്റെ മണ്ണിലുറങ്ങുന്ന നമ്മുടെ നായികാനായകന്മാർ നമ്മെയും കാത്തിരിക്കുന്നു.

*ലേഖിക പാലാ കാർമ്മൽ പബ്ലിക് സ്കൂളിൽ X-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്*



# ദൈവം ഫ്രേയയോടു സംസാരിക്കുന്നു

കുടുംബബന്ധങ്ങൾ നിലനിർത്തുന്നതിലും ജീവിതമൂല്യങ്ങൾ സംരക്ഷിക്കുന്നതിലും സദാചാരമൂല്യങ്ങൾ പാലിക്കുന്നതിലുമൊക്കെ വളരെ പിറകിലെന്ന് പുറംലോകം കരുതിപ്പോരുന്ന അമേരിക്കയിൽനിന്ന് ഇതാ ഒരു മലയാളിപ്പെൺകുട്ടിയുടെ വിജയഗാഥ.

യു.എസ്.എയിലെ മികച്ച വിദ്യാർത്ഥിക്കുള്ള ഈ വർഷത്തെ പ്രസിഡൻഷ്യൽ അവാർഡ് ലഭിച്ചിരിക്കുന്നത് ഒരു മലയാളി പെൺകുട്ടിക്കാണ്, അരിസോണയിലെ മാരിക്കോപ്പയിൽനിന്നുള്ള ഫ്രാൻസി എബ്രാഹമിന്റെയും നീന ഫ്രാൻസിയുടെയും രണ്ടു മക്കളിൽ ഇളയവളായ ഫ്രേയ ഫ്രാൻസി എബ്രാഹം.

പഠനത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും മികച്ചുനിൽക്കുന്ന ഫ്രേയ നേടിയിട്ടുള്ള അവാർഡുകൾ നിരവധിയാണ്. ജോൺ പോൾ രണ്ടാമന്റെ പേരിലുള്ള യൂത്ത് ലീഡർഷിപ്പ് അവാർഡ്, ബിസിനസ് മത്സരത്തിലെ അന്താരാഷ്ട്രവിജയി, ജെ.എസ്.എ. സ്റ്റേറ്റ് സ്പീക്കർ അവാർഡ്, മാരിക്കോപ്പാ സാന്റാ ക്ലബ് യങ് വിമൻ ഇൻ പബ്ലിക് അഫയേഴ്സ് പ്രഥമ അവാർഡ്, 2018 ലെ ഡെക്കാ ഇന്റർനാഷണൽ കരിയർ ഡവലപ്മെന്റ് കോൺഫറൻസ് വിജയി, മാരിക്കോപ്പാ ഹൈസ്കൂൾ റ്റെൻ ക്ലബ് മെമ്പർ, സംസ്ഥാനത്തെ മികച്ച വിദ്യാർഥി, വാഗ്മി... ഇങ്ങനെ നീളുന്നു ഫ്രേയയ്ക്കു ലഭിച്ച അംഗീകാരങ്ങൾ.

യു.എസ്. പ്രസിഡൻഷ്യൽ സ്കോളർഷിപ്പ് ലഭിച്ച ഫ്രേയയ്ക്ക് വൈറ്റ് ഹൗസിൽ പ്രസിഡന്റിനെ സന്ദർശിക്കുന്നതിനുള്ള അവസരവും ഉടൻതന്നെ ലഭ്യമാകും. വാഷിങ്ടണിലേക്കുള്ള യാത്രയും സന്ദർശനവുമെല്ലാം തികച്ചും സൗജന്യമാണ്.

ഈ നേട്ടങ്ങളുടെയെല്ലാം പിന്നിലുള്ള പ്രചോദനത്തെക്കുറിച്ച് അറിയുമ്പോഴാണ് നമുക്ക് അദ്ഭുതം തോന്നുന്നത്. ഫ്രേയയുടെതന്നെ വാക്കുകൾ: "യു.എസ്. പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയെന്നുള്ളത് ചെറിയ കാര്യമല്ല. അതിനുവേണ്ടു ഞാൻ വളരെയധികം പരിശ്രമിച്ചു. എന്റെ അദ്ധ്വാനത്തെക്കാൾ കൂടുതലായി ദൈവമാണ് എനിക്കുവേണ്ടി പ്രവർത്തിച്ചത്. അമേരിക്കൻ പ്രസിഡന്റിന്റെ അവാർഡ് ഏറെ വിലമതിക്കുന്നതാണ്. എന്നാൽ, എന്റെ ഈശോയുടെ അവാർഡാണ് ഞാൻ ഏറെ വിലമതിക്കുന്നതും ആഗ്രഹിക്കുന്നതും അതിനുവേണ്ടിയാണ് ഞാൻ കൂടുതൽ അധ്വാനിക്കുന്നതും. മറ്റ് എന്തൊക്കെ അവാർഡുകൾ കിട്ടിയാലും അംഗീകാരങ്ങൾ നേടിയാലും എന്റെ ഈശോയുടെ അവാർഡ് ലഭിച്ചില്ലെങ്കിൽ അതൊക്കെ വ്യർത്ഥമാണ്." അമേരിക്കപോലൊരു രാജ്യത്തു പഠിച്ചുവളരുന്ന ഈ പെൺകുട്ടിയുടെ വാക്കുകൾ നമ്മെ അമ്പരപ്പിക്കുന്നവയാണ്.



*ഫ്രേയ ഫ്രാൻസി എബ്രാഹം*

ക്രൈസ്തവജീവിതചര്യകളിൽ തികഞ്ഞ നിഷ്ഠ പുലർത്തിപ്പോരുന്ന മാതാപിതാക്കൾ ഫ്രേയയുടെയും സഹോദരന്റെയും ജീവിതം ദൈവവിശ്വാസത്തിൽ കരുപ്പിടിപ്പിക്കുന്നതിന് വളരെയധികം സ്വാധീനിക്കുന്നു. അവളുടെ പഠിക്കാനുള്ള തീവ്രമായ ആഗ്രഹത്തെക്കുറിച്ചും അന്വേഷണത്വരയെക്കറിച്ചും സഹപാഠികളെ പഠനത്തിൽ സഹായിക്കാനുള്ള സന്മനസ്സിനെക്കുറിച്ചും ഫ്രേയയുടെ അദ്ധ്യാപകർക്കു വളരെയധികം പറയാനുണ്ട്. അരിസോണ യൂണിവേഴ്സിറ്റിയിൽ ബിരുദപഠനത്തിനു ചേർന്നിരിക്കുന്ന ഫ്രേയയ്ക്ക് പീഡിയാട്രിക് ന്യൂറോളജിസ്റ്റ് ആകാനാണ് ആഗ്രഹം.

ഓരോ വിദ്യാർത്ഥിയോടും ഫ്രേയയ്ക്കു പറയാനിത്രമാത്രം: "ദൈവത്തിന് നമ്മോടു വളരെയധികം സംസാരിക്കാനുണ്ട്. നമ്മിൽനിന്ന് അവിടുത്തേക്ക് ഒരുപാട് കേൾക്കാനുമുണ്ട്. നാം അതിന് അവസരം കൊടുക്കണം എന്നുമാത്രം."



ഡോ. സിറിയക് തോമസ്

# പിതൃനക്ഷത്രം

**ജൂൺ 21 നു കടന്നുപോയ പിതൃദിനത്തിന്റെ പശ്ചാത്തലത്തിൽ, ഡോ. സിറിയക് തോമസ് കേരളരാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന ആദർശധീരവ്യക്തിത്വമായിരുന്ന തന്റെ പിതാവ് ശ്രീ ആർ.വി. തോമസിനെ അനുസ്മരിക്കുന്നു:**


**2008** ലായിരുന്നു കേരളത്തിലെ 14 സ്വാതന്ത്ര്യസമരസേനാനികളെക്കുറിച്ച് ‘മുറിവേറ്റ സിംഹങ്ങൾ’ എന്ന പേരിൽ ഞാൻ പുസ്തകമെഴുതുന്നത്. കോഴിക്കോട് പൂർണ്ണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ആ ഗ്രന്ഥത്തിന് അവതാരികയെഴുതിയത് അന്നു മലയാള മനോരമപത്രാധിപരായിരുന്ന ശ്രീ. കെ.എം. മാത്യുവാണ്. അദ്ദേഹത്തിന്റെ പിതാവ് മാമ്മൻ മാപ്പിളയും എന്റെ പിതാവ് ആർ.വി. തോമസും ‘മുറിവേറ്റ സിംഹങ്ങളിൽ’പ്പെട്ടിരുന്നതുകൊണ്ടാവണം അവതാരികയിൽ അദ്ദേഹം പറഞ്ഞു: “ഇക്കൂട്ടത്തിൽ സിറിയക് തോമസിന്റെ പിതാവും എന്റെ പിതാവും ഉൾപ്പെട്ടതു ഞങ്ങളുടെ സ്വകാര്യമായ സന്തോഷം. നക്ഷത്രത്തിന്റെ മകനായി പിറക്കുക എന്നതു ജീവിതത്തിൽ ഏറ്റവും വലിയ സൗഭാഗ്യമാണ്.”

അപ്പൻ ഞങ്ങൾക്ക് അപ്പച്ചനും അമ്മ അമ്മച്ചിയുമായിരുന്നു. രണ്ടുപേരും കടുത്ത കോൺഗ്രസ്സുകാരും സ്വാതന്ത്ര്യസമരസേനാനികളും. വെളുത്ത ഖദർ വസ്ത്രങ്ങളിലല്ലാതെ അവരെ കണ്ട ഓർമ്മയില്ല. ഞങ്ങൾ ആൺമക്കൾക്കും അതുതന്നെയായിരുന്നു ഡ്രസ്കോഡ്. ഇന്നും അതുതന്നെ. പെൺമക്കൾക്ക് പക്ഷേ അവർ ഇളവനുവദിച്ചു. കോട്ടൺ ആവാം. കരയുള്ളതോ ഇല്ലാത്തതോ ആയ ഖദർമുണ്ടും വെളുത്ത ഖദർ ജൂബയും കഴുത്തു ചുറ്റിയിട്ടിരുന്ന കരയുള്ള ഖദർഷാളുമായിരുന്നു അപ്പച്ചനെങ്കിൽ അമ്മച്ചിക്കു ഖദർമുണ്ടും ചട്ടയും കറുത്ത കരയുള്ള ഖദർഷാളുമായിരുന്നു പഥ്യം. പള്ളിയിൽപ്പോകുമ്പോൾ മാത്രം കരയില്ലാത്ത വെള്ള ഖദർഷാളാവും ധരിക്കുക. മരിക്കുംവരെ രണ്ടുപേരും ഖദർവ്രതത്തിൽനിന്നു മാറിയതുമില്ല. മക്കളെയും അതിന നുവദിച്ചതുമില്ല.

അപ്പച്ചനെപ്പറ്റിയുള്ള ഏറ്റവും മധുരമായ ഓർമ്മ എനിക്കു മൂന്നോ നാലോ വയസ്സുള്ളപ്പോഴാണ്. എന്തോ കുസൃതി കാട്ടിയതിനാവണം അമ്മ അടിക്കാനായി വടിയുമായി എന്നെ ഓടിക്കുകയാണ്. അപ്പച്ചൻ ചാരുകസേരയിലിരുന്നു പത്രം വായിക്കുന്നു. ഞാൻ അപ്പച്ചന്റെ കസേര ചുറ്റി ഓടിയിട്ടും അമ്മച്ചി പിൻമാറിയില്ല. മാറി ഓടിയതോടെ എനിക്കും അടവു തെറ്റി. മുന്നിൽ ഭിത്തി. രക്ഷപ്പെടാൻ വഴിയില്ലാതായതോടെ ഭിത്തിയിൽ ചാരി ഞാൻ തിരിഞ്ഞുനിന്നു. എന്നിട്ടു സർവ്വശക്തിയുമെടുത്തു ശബ്ദമുയർത്തി മുദ്രാവാക്യം വിളിച്ചു: “അമ്മേ ഗോബായ്ക്ക്.” അപ്പച്ചന്റെ അനുയായികൾ അക്കാലത്തു സ്ഥിരമായി ജാഥകളിൽ വിളിച്ചുകേട്ടിരുന്ന ‘സർ സി.പി. ഗോബായ്ക്കി’ന്റെ ഓർമ്മയിൽ വിളിച്ചുപോയതാവണം. കസേരയിൽനിന്ന് അപ്പച്ചന്റെ ഉറക്കെയുള്ള പൊട്ടിച്ചിരിയിൽ അമ്മച്ചിക്കും ചിരിപൊട്ടി. കോപമലിഞ്ഞു. ‘ഏലിക്കുട്ടീ, അവനെ വിട്ടേക്കൂ’ എന്ന് കേന്ദ്ര ഇടപെടൽകൂടി ഉണ്ടായതോടെ അമ്മച്ചിയും അയഞ്ഞു. ‘ഇവനെക്കൊണ്ടു ഞാൻ തോറ്റു’ എന്ന ആത്മഗതത്തോടെ അമ്മച്ചി അടുക്കളയിലേക്കു പിൻമാറിയതോടെ ഞാൻ പതിയെ അപ്പച്ചന്റെ കസേരയിലേക്കു ചേർന്നുനിന്നു. അപ്പച്ചൻ എന്നെ മടിയിലേക്കിരുത്തി, അമ്മച്ചി കേൾക്കാതെ ചിരിയോടെ പറഞ്ഞു: “മിടുക്കൻ.” ജീവിതത്തിൽ എനിക്ക് ഇന്നേവരെ കിട്ടിയതിൽ ഏറ്റവും വലിയ പുരസ്കാരവും പ്രശംസയും അതാണെന്നു ഞാൻ കരുതുന്നു. സ്വന്തം അപ്പനിൽനിന്നുള്ള മെരിറ്റ് സർട്ടിഫിക്കറ്റ്!

അടുത്തത് അഭിമാനപർവ്വം. സ്വാതന്ത്ര്യലബ്ധിയെത്തുടർന്നുള്ള രാഷ്ട്രീയമാറ്റങ്ങളുടെ ഫലമായി 1948 ഡിസംബറിലാണ് തിരുവിതാംകൂർ നിയമസഭയുടെ പ്രസിഡന്റായി (സ്പീക്കർ) അപ്പച്ചൻ തിരഞ്ഞെടുക്കപ്പെടുന്നത്. എതിരില്ലാതെയാണ് സ്പീക്കറായത്. തുടർന്ന് പാലായിൽ ജനങ്ങളുടെ വകയായി അലങ്കരിച്ച ഹംസരഥത്തിൽ പൗരസ്വീകരണവും. സ്വീകരണജാഥ കാണാൻ കൊട്ടാരമറ്റം ജംഗ്ഷനിലെ വഴിയോരത്തു ഞങ്ങൾ കാത്തുനില്ക്കുമ്പോഴാണ് അപ്പച്ചൻ ഞങ്ങളെ കാണുന്നത്. രഥം നിന്നു. ആരോ ഞങ്ങളെ - എന്നെയും ജ്യേഷ്ഠൻ ജോർജുകുട്ടിയെയും പിതൃസഹോദരപുത്രനായ മാത്യൂസിനെയും - രഥത്തിലേക്ക് എടുത്തു കയറ്റി. അപ്പച്ചൻ ഞങ്ങളെ രഥത്തിലെ അലങ്കാരക്കസേരയിലിരുന്നു കൈകൊണ്ടു ചേർത്തുപിടിച്ചു. ജന്മദേശം നൽകുന്ന രാജകീയസ്വീകരണവേളയിൽ മക്കളും കൂടെ ഉണ്ടായതിന്റെ അഭിമാനം അപ്പച്ചനും ഉണ്ടായിരുന്നിരിക്കണം. ആനയും അമ്പാരിയും മുത്തുക്കുടകളും ഒക്കെ ചേർന്ന സ്വീകരണം ഞങ്ങളും ആസ്വദിച്ചു. പാലായുടെ രാജവീഥികളിലൂടെയുള്ള ഞങ്ങളുടെ അവിസ്മരണീയമായ ഒരു രഥയാത്ര!

പിന്നീടുള്ള മൂന്നു നാലുവർഷങ്ങൾ തിരുവനന്തപുരത്തായി ഞങ്ങളുടെ താമസവും വിദ്യാഭ്യാസവും. പാർട്ടിയിലെ തലമുതിർന്ന നേതാവും ദിവാൻ സർ. സി.പി. നിയമസഭാ ഡെപ്യൂട്ടി പ്രസിഡന്റ് സ്ഥാനത്തു നിന്ന് ഉദ്യോഗസ്ഥഭൂരിപക്ഷം ഉപയോഗിച്ചു നീക്കം ചെയ്ത പ്രഗല്ഭ നിയമജ്ഞനുമായിരുന്ന ടി.എം. വർഗീസ് ഒരു പ്രത്യേക രാഷ്ട്രീയസാഹചര്യത്തിൽ മന്ത്രിസഭയിൽനിന്നു മാറ്റിനിർത്തപ്പെട്ടപ്പോൾ ഒരു ‘കാവ്യനീതി’ നിവർത്തിയാക്കുവാനായി തനിക്കു കുറച്ചു കാലത്തേക്കെങ്കിലും സ്പീക്കറായാൽ കൊള്ളാമെന്ന ആഗ്രഹം പ്രകടിപ്പിച്ചതോടെ തിരുവിതാംകൂർ - കൊച്ചി സംയോജനത്തിന്റെ സന്ദർഭത്തിൽ ഒരു രാഷ്ട്രീയവിവാദത്തിനും ഇടംകൊടുക്കാതെ പദവിയിൽ ഒരു വർഷംപോലും തികയും മുമ്പേ അപ്പച്ചൻ സ്പീക്കർ പദവി ടി.എം. വർഗീസിനായി ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു. സംസ്ഥാനസംയോജനത്തിന്റെ പേരിൽ പദവിക്കുവേണ്ടി അവകാശമുന്നയിക്കരുതെന്ന് കൊച്ചി നിയമസഭയുടെ സ്പീക്കറായിരുന്ന പ്രഫ. എൽ.എം. പൈലിയോട് അഭ്യർത്ഥിക്കുവാൻ അന്നത്തെ മുഖ്യമന്ത്രി പറവൂർ ടി.കെ. നാരായണപിള്ള ചുമതലപ്പെടുത്തിയതും അപ്പച്ചനെത്തന്നെ. മൂന്നാമതൊരാളെ സ്പീക്കറാക്കുന്നതിന് എഴുതിയ കരാറോ എഴുതാത്ത ധാരണയോ എന്തെങ്കിലുമുണ്ടോയെന്നുള്ള ഒരു തർക്കവും ചോദ്യവും പദവിയൊഴിഞ്ഞ രണ്ടു സ്പീക്കർമാരും ഉയർത്തിയതുമില്ല. ടി.എം. വർഗീസ് തിരു-കൊച്ചി നിയമസഭാ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടതും എതിരില്ലാതെയായിരുന്നു. മന്ത്രിസഭാപുനഃസംഘടനയിൽ കൊച്ചിയുടെ പ്രതിനിധിയായി പ്രഫ. എൽ.എം. പൈലിയെക്കൂടി ഉൾപ്പെടുത്തണമെന്ന് മുഖ്യമന്ത്രി പറവൂർ ടി.കെ.യെ നിർബന്ധിച്ചതും അപ്പച്ചനായിരുന്നുവെന്നു പില്ക്കാലത്ത് എ.പി. ഉദയഭാനുവാണ് വെളിപ്പെടുത്തിയത്.



ആർ.വി. തോമസ്

വീണ്ടും ത്യാഗം ചെയ്യാനായിരുന്നു അപ്പച്ചനു വിധിനിയോഗമെന്നു പറയണം. സംസ്ഥാനത്ത് ആദ്യത്തെ പബ്ലിക് സർവ്വീസ് കമ്മീഷൻ രൂപീകരിക്കുവാനുള്ള നിർദ്ദേശമുണ്ടായപ്പോൾ ചെയർമാൻസ്ഥാനത്തേക്ക് അപ്പച്ചനെയാണ് മുഖ്യമന്ത്രി പറവൂർ ടി.കെ. നിർദ്ദേശിച്ചത്. അപ്പോഴാണ് ശ്രീചിത്തിരതിരുനാളിനുവേണ്ടി ഒരു വ്യവസ്ഥയും കൂടാതെ രാജപ്രമുഖപദവി വിട്ടുകൊടുത്ത കൊച്ചി മഹാരാജാവ് ഐ.സി.എസ്. കാരനായിരുന്ന തന്റെ ബന്ധു രാമവർമ്മ തമ്പുരാനു പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ പദവി ലഭിച്ചാൽ കൊള്ളാമെന്ന ആഗ്രഹം മന്ത്രി പനമ്പള്ളി ഗോവിന്ദമേനോൻ വഴി മുഖ്യമന്ത്രിയെ അറിയിച്ചത്. സംയോജനസമയത്ത് അങ്ങനെയൊരു വ്യവസ്ഥയും കൊച്ചിരാജാവ് പറഞ്ഞതായി വി.പി.മേനോൻ പറഞ്ഞിട്ടില്ലെന്നു മുഖ്യമന്ത്രി നിലപാടു പറഞ്ഞെങ്കിലും കൊച്ചിത്തമ്പുരാന്റെ ആഗ്രഹം തള്ളിക്കളയുന്നതിലെ അനൗചിത്യം മന്ത്രിസഭയിലും ചർച്ചയായി. തനിക്കു സർക്കാർ ഉദ്യോഗപദവിയിൽ താത്പര്യമില്ലെന്നും സജീവരാഷ്ട്രീയത്തിൽ തുടരാനാണിഷ്ടമെന്നും അപ്പച്ചനും വ്യക്തമാക്കി. മൂന്നംഗ പി.എസ്.സി. ചെയർമാൻ സ്ഥാനം രാമവർമ്മ തമ്പുരാനു നൽകുകയും ചെയ്തു. എന്നാൽ, തനിക്കുവേണ്ടി സ്ഥാനമൊഴിഞ്ഞ ആർ.വി. തോമസിനു പിന്നീട് പി.എസ്.സി. ചെയർമാൻപദവും വിട്ടുകൊടുക്കേണ്ടിവന്നുവെന്നത് ടി.എം.വർഗീസിനെ വല്ലാതെ അസ്വസ്ഥനാക്കി. അദ്ദേഹത്തിന്റെ താത്പര്യപ്രകാരമാണ് മന്ത്രി എ.ജെ. ജോണും പാർട്ടിപ്രസിഡന്റായിരുന്ന കുമ്പളത്തു ശങ്കുപ്പിള്ളയും അപ്പച്ചന്റെ ആന്മസ്നേഹിതനായിരുന്ന ജോർജ് തോമസ് കൊട്ടുകാപ്പള്ളിയെയും കൂട്ടി അപ്പച്ചനെ കാണാനെത്തിയത്.

ഇനിയുള്ളത് അപ്പച്ചന്റെ സെക്രട്ടറിയായിരുന്ന ശ്രീ. ജനാർദ്ദനൻനായരുടെ വാക്കുകളാണ്: തനിക്ക് ഒരു സാധാരണ എം.എൽ.എ. എന്ന നിലയിൽ നിയമസഭയിൽ തുടരാൻ ഒരു പ്രയാസവുമില്ലെന്നും സജീവരാഷ്ട്രീയത്തിൽ തുടരാനാണ് താത്പര്യമെന്നും ആർ.വി.സാർ അവരോടു വീണ്ടും വീണ്ടും ആവർത്തിച്ചു. ‘I don’t think government service is my cup of tea’ എന്നായിരുന്നു ജോൺ സാറിനോട് ആർ.വി. സാർ തീർത്തുപറഞ്ഞത്. പി.എസ്.സി. അംഗമായി പി.ജെ. സെബാസ്റ്റ്യനോ ചെറിയാൻ കാപ്പനോ വരട്ടെ എന്നുംകൂടി പറഞ്ഞപ്പോഴാണ് കൊട്ടുകാപ്പള്ളി അവസാന അടവു പ്രയോഗിച്ചത്: “ആർ.വി. ഇന്നുവരെ എപ്പോഴെങ്കിലും ഏലിക്കുട്ടിയെയും മക്കളെയും പറ്റി ചിന്തിച്ചിട്ടുണ്ടോ? ഏലിക്കുട്ടി ഇന്നുവരെ ഒരു നേരമെങ്കിലും വയർ നിറച്ച് ഉണ്ടിട്ടുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ? ഉദ്യോഗം വേണ്ട എന്ന് എത്ര എളുപ്പത്തിൽ പറയാൻ കഴിഞ്ഞു.” കൊട്ടുകാപ്പള്ളിയുടെ അപ്രതീക്ഷിതവാക്കുകൾ അപ്പച്ചനെ സ്തബ്ധനാക്കിയെന്നു ജനാർദ്ദനൻനായരുടെ സാക്ഷ്യം. എ.ജെ. ജോണിനു നേരേ നോക്കുമ്പോൾ, അപ്പച്ചന്റെ കണ്ണുകൾ നിറഞ്ഞിരുന്നുവെന്നും ജനാർദ്ദനൻനായർ. മുഖ്യമന്ത്രിയുടെ ഇഷ്ടംപോലെ ആയിക്കോട്ടെ എന്ന് അപ്പച്ചൻ അപ്പോൾത്തന്നെ സമ്മതവും പറഞ്ഞുവെന്നും ജനാർദ്ദനൻനായർസാർ സാക്ഷ്യപ്പെടുത്തുന്നു.

പി.എസ്.സി. അംഗത്വവും മാസശമ്പളവുമൊന്നും സാമ്പത്തികഭദ്രതയ്ക്കു സഹായകരമായില്ല എന്നതായിരുന്നു യാഥാർത്ഥ്യം. ഉദ്യോഗത്തിൽപോയാലും അപ്പച്ചനു കടം കൂടുകയേ ഉള്ളൂവെന്നു വാദിച്ചത് തന്റെ വിശ്വസ്ത രാഷ്ട്രീയശിഷ്യനായിരുന്ന പ്രഫ. കെ.എം. ചാണ്ടിയാണ്. ഓരോരോ കാര്യങ്ങൾക്കായി തിരുവനന്തപുരത്തുവരുന്ന പഴയ സഹപ്രവർത്തകർക്കു വീട്ടിൽത്തന്നെ ആതിഥ്യമരുളുന്നതായിരുന്നു അപ്പച്ചന്റെ രീതി. അതിഥികൾക്കു ഭക്ഷണം നൽകുന്ന പതിവ് അമ്മച്ചിയും മാറ്റിയില്ല. ഭർത്താവിന് ഉയർന്ന ഉദ്യോഗമായിട്ടും അമ്മച്ചിക്ക് ഒരിക്കലും വയർ നിറച്ചുണ്ണാനായതുമില്ല! കടഭാരം കൂടിയപ്പോൾ അമ്മച്ചിയും ഞങ്ങളും പാലായ്ക്കുതന്നെ തിരിച്ചുപോന്നു. പി.എസ്.സി.യിലെ കാലാവധി അവസാനിക്കാൻ ഒരു വർഷമേ പിന്നെ അവശേഷിച്ചിരുന്നുമുള്ളൂ. സാമ്പത്തികസസമ്മർദ്ദം അത്രമേൽ ഉണ്ടായിരുന്നിരിക്കണം.

1955 ജനുവരി 22 നായിരുന്നു ഹൃദയാഘാതം മൂലം 56-ാം വയസ്സിൽ അപ്പച്ചൻ അന്തരിച്ചത്. അതിനു തൊട്ടുമുൻപത്തെ ക്രിസ്മസിന് അപ്പച്ചൻ അമ്മച്ചിക്കും ഞങ്ങൾ എട്ടുമക്കൾക്കും (ഇളയ സഹോദരിക്ക് അന്നു രണ്ടരവയസ്സുമാത്രം) അപ്പച്ചൻ പേരെഴുതി ഒപ്പിട്ടു പ്രത്യേകം പ്രത്യേകം ക്രിസ്മസ് കാർഡുകൾ പോസ്റ്റിലയച്ചശേഷമാണ് തിരുവനന്തപുരത്തുനിന്നു ക്രിസ്മസ് കൂടാൻ പാലായ്ക്കു വന്നത്. ‘ഇതെന്താ പതിവില്ലാതെ ഇത്തവണ കാർഡൊക്കെ’ എന്ന അമ്മച്ചിയുടെ ചോദ്യത്തിന് ചിരിയോടെ ‘എന്തോ അങ്ങനെ തോന്നി’ എന്നു മാത്രം മറുപടി. അന്ത്യം അടുത്തുവെന്ന എന്തെങ്കിലും തോന്നൽ അപ്പച്ചനുണ്ടായിരുന്നോ? അറിഞ്ഞുകൂടാ.

ത്യാഗത്തിന്റെ ഇതിഹാസമായിരുന്നു അപ്പച്ചന്റെ ജീവിതം. അഭിഭാഷകവൃത്തി ഉപേക്ഷിച്ചാണു രാഷ്ട്രീയത്തിലിറങ്ങിയത്. സ്വാതന്ത്ര്യസമരത്തിന്റെ പേരിൽ പലതവണ അറസ്റ്റും ജയിൽശിക്ഷയും വന്നു. എം.എൽ.സി.യായി. പാലായുടെ ആദ്യ മുനിസിപ്പൽ ചെയർമാനായി. പാലായുടെ ആദ്യ എം.എൽ.എ.യുമായി. ഇന്ത്യൻ ഭരണഘടനാ നിർമ്മാണസമിതിയിൽ അംഗമായി. നിയമസഭാസ്പീക്കറായി. ആദ്യ പി.എസ്.സി.യിൽ മെമ്പറായി.

ജീവിതത്തിൽ എന്നും മൂല്യങ്ങളെ മുറുകെപ്പിടിച്ചു. ആദർശങ്ങളിലുറച്ചുനിന്നു. ഒട്ടേറെപ്പദവികളിലിരുന്നിട്ടും ഒരിക്കൽപ്പോലും ഒരു അഴിമതിയും ആരോപിക്കപ്പെട്ടില്ല. കടമല്ലാതെ ഒന്നും സമ്പാദിച്ചതുമില്ല. ഇല്ലായ്മയിലും മറ്റുള്ളവരെ സഹായിക്കുന്നതിനു മടിച്ചതുമില്ല. ഉറച്ച വിശ്വാസിയായിരുന്നു എന്നും. വേദപുസ്തകത്തിൽ സങ്കീർത്തനങ്ങളായിരുന്നു പഥ്യം. എനിക്കും ഇഷ്ടം സങ്കീർത്തനങ്ങൾ തന്നെ. 91-ാം സങ്കീർത്തനമായിരുന്നു അപ്പച്ചന്റെ ഏറ്റവുമിഷ്ടപ്പെട്ട വേദപുസ്തകഭാഗം. ഞാനും അതു മുടക്കുന്നില്ല. പിതൃസ്മരണയായിത്തന്നെ ഇന്നുമത് ഇടയ്ക്കിടെ വായിക്കുന്നു.

പിതൃനക്ഷത്രം സ്വർഗ്ഗത്തിലിരുന്നു സന്തോഷിക്കുന്നുണ്ടാവും!

■

# ചവിട്ടുനാടകത്തിന്റെ അമരക്കാരി

**പരമ്പരാഗത ക്രൈസ്തവകലാരൂപമായ ചവിട്ടുനാടകത്തിന്റെ അമരക്കാരി സബീന റാഫി വിടപറഞ്ഞിട്ട് ജൂൺ 22 ന് മൂന്നു പതിറ്റാണ്ടായി. പ്രാചീന ക്രൈസ്തവകലാരൂപങ്ങളുടെ ഗവേഷണത്തിനും സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി ആലപ്പുഴയിൽ സ്ഥാപിതമായിരിക്കുന്ന 'കൃപാസന'ത്തിന്റെ ഡയറക്ടർ ഫാ. ഡോ.വി.പി. ജോസഫ് വലിയവീട്ടിൽ സബീന റാഫിയെ അനുസ്മരിക്കുന്നു.**



**ഫാ.ഡോ.വി.പി. ജോസഫ്**

സബീന റാഫി എന്ന സാംസ്കാരികനായികയുടെ ദേഹവിയോഗത്തിന് 30 വർഷം തികയുന്നു. 'ചവിട്ടുനാടകം' എന്ന പാരമ്പര്യകലയെ സ്നേഹിക്കുക, പരിപോഷിപ്പിക്കുക, ഭാവി തലമുറയ്ക്ക് കൈമാറാൻ ഉതകുന്നവിധത്തിലുള്ള രേഖപ്പെടുത്തലുകൾ നടത്തുക, ചവിട്ടുനാടകത്തെ അധികാരസ്ഥാനങ്ങളിൽ അവതരിപ്പിച്ചുകൊണ്ട് അംഗീകാരം നേടിയെടുക്കുക, ചവിട്ടുനാടകത്തിന്റെ വ്യത്യസ്തങ്ങളായ സാഹിത്യ, സംഗീത, നാടകസങ്കേതങ്ങളെ സമ്യക്കായി പ്രതിപാദിക്കുന്ന ആദ്യപുസ്തകത്തിന്റെ ഗ്രന്ഥകർത്തൃത്വം നിർവ്വഹിക്കുക അങ്ങനെ കുറെയേറെ ബഹുമതികളോടെയാണ് സബീനാ റാഫിയെ നമുക്ക് ഓർക്കാൻ കഴിയുക.

ഒരിക്കൽ ചവിട്ടുനാടകകലാകാരനായ ഗോതുരുത്ത് മനക്കിൽ ആശാന്റെ വീട് സന്ദർശിക്കാൻ ഇടയായി. ഞങ്ങൾ പല സ്ഥലങ്ങളിലും പോയി അവസാനം അർദ്ധരാത്രിയോടെയാണ് അവിടെ എത്തിയതാണ്. വൈജ്ഞാനികസാഹിത്യത്തിന് കേരളസാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ച എന്റെ 'ചവിട്ടുനാടക വിജ്ഞാനകോശം' എന്ന ഗ്രന്ഥത്തിന്റെ ഗവേഷണം നടക്കുന്ന കാലമായിരുന്നു അത്.

സബീനാ റാഫിയുടെ ചവിട്ടുനാടകം എന്ന ചെറുഗ്രന്ഥം ഞാൻ 1983-ൽ സെമിനാരിയിൽവച്ചു വായിച്ചതാണ്. സബീനാ റാഫിയുടെ പുസ്തകത്തിലെ മനക്കിൽ ആശാനെക്കുറിച്ചുള്ള പരാമർശങ്ങളാണ് എന്നെ അവിടെ എത്തിച്ചത്. തന്റെ വീടിന്റെ മുൻവശത്തുകൂടി ഒഴുകുന്ന പെരിയാറ്റിലെ ചെളി കോരിയെടുത്ത് വെയിലത്തുവെച്ചു പാകമാക്കി ചവിട്ടുനാടകത്തിന്റെ തൊപ്പി ഉണ്ടാക്കിയതിന്റെ ക്ലേ മോൾഡ് കണ്ടെടുക്കാനായി രാത്രിയിൽ തന്നെ വീടിന്റെ മച്ചിനുമുകളിൽ കയറി. അതിനെക്കുറിച്ച് സബീനാ റാഫിയുടെ പുസ്തകത്തിൽ നിന്നാണ് ഞാൻ വായിച്ചറിഞ്ഞിരുന്നത്. ആ ചവിട്ടുനാടകഗ്രന്ഥത്തിൽ പറഞ്ഞതുപോലെ വളരെ സുന്ദരമായ ഒരു ഹെൽമറ്റ് ടൈപ്പ് മോൾഡ്, ആശാൻ ആറ്റിലെ ചെളികൊണ്ട് ഉണ്ടാക്കിയത് അദ്ദേഹത്തിന്റെ വീടിന്റെ മച്ചിന്റെ മുകളിൽ അപ്പോഴും കേടുകൂടാതെ സൂക്ഷിച്ചിരുന്നു. അപ്പോൾ എനിക്കു മനസ്സിലായി എത്ര കൃത്യതയോടെയാണ്, സൂക്ഷ്മതയോടെയാണ് ചവിട്ടുനാടകചമയങ്ങളെയും, അതിന്റെ മറ്റു വിശദാംശങ്ങളെയും പഴയ തലമുറ സംരക്ഷിച്ചിരുന്നത് എന്നത്.

സബീനാ റാഫിയുടെ ചവിട്ടുനാടകപുസ്തകത്തിന്റെ അവസാന അദ്ധ്യായത്തിൽ, ഭാവിതലമുറ ചവിട്ടുനാടകത്തെ എങ്ങനെ പരിപോഷിപ്പിക്കണമെന്ന് ചില നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു. ചെന്തമിഴ് ഭാഷയിലുള്ള പ്രാചീനചവിട്ടുനാടകത്തെ മലയാളത്തിലേക്കു ഭാഷാന്തരം വരുത്തണം. ചവിട്ടുനാടകത്തിന്റെ സമയദൈർഘ്യം കുറയ്ക്കണം. മൂന്നാമത്തെ നിർദ്ദേശം യുവജനങ്ങളെ ചവിട്ടുനാടകം പഠിപ്പിക്കുന്ന കളരികൾ ഉണ്ടാകണം എന്നതും.

1994-ൽ ചവിട്ടുനാടകം പുനരുദ്ധരിക്കാൻ സംസ്ഥാനതല ശിബിരം വിളിച്ചുചേർത്തപ്പോഴും സബീനാ റാഫിയുടെ ഈ നിർദ്ദേശങ്ങളാണ് മാതൃകയായത്. ചവിട്ടുനാടകത്തെ 1994-ൽത്തന്നെ മലയാളീകരിച്ച്, മലയാളത്തിലെ ആദ്യത്തെ സാമൂഹിക ചവിട്ടുനാടകമായ 'തിരയും തീരക്കാറ്റും' കൃപാസനം എഴുതി അവതരിപ്പിച്ചു. നാടകത്തിന്റെ സമയം രണ്ടര മണിക്കൂറാക്കി. പിന്നെ 1999-ൽ 'മാർ ത്തോമാ സന്ദേശം' എന്ന ചവിട്ടുനാടകം അവതരിപ്പിച്ചപ്പോഴും സമയം ചുരുക്കി, പോർട്ടബിൾ ആക്കി. 2013-ൽ 49-ാമതു സംസ്ഥാന യുവജനോത്സവത്തിൽ ചവിട്ടുനാടകം മത്സരയിനമാക്കുന്നതിനുവേണ്ടിയുള്ള മത്സരനിയമാവലി രൂപപ്പെടുത്തിയെടുക്കുന്നതിന് ഗവൺമെന്റിനെ സഹായിച്ചപ്പോൾ സബീനാ റാഫിയുടെ ഗ്രന്ഥത്തിലെ ഉപസംഹാര നിർദ്ദേശങ്ങളാണ് മാനുവൽ ഉണ്ടാക്കാൻ ഞാൻ ഉപയോഗപ്പെടുത്തിയത്.



സബീന റാഫി

ഈ മേഖലയിൽ ഇത്രയും മുന്നേറ്റം നടത്തിയിട്ടുള്ള വ്യക്തി എന്ന നിലയിൽ മിസിസ് റാഫിക്ക് സ്മാരകങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. കേരള യൂണിവേഴ്സിറ്റിയിൽനിന്ന് ചരിത്രത്തിലും ഇംഗ്ലീഷിലും ബിരുദാനന്തര ബിരുദവും ബി.എഡും സബീന ടീച്ചർ കരസ്ഥമാക്കിയിരുന്നു. 1956 ജൂലൈ ലക്കം സാഹിത്യ പരിഷത്ത് മാസികയിലാണ് ചവിട്ടുനാടകത്തെക്കുറിച്ചുള്ള പ്രൗഢോജ്ജ്വലമായ പ്രബന്ധത്തിന്റെ ആദ്യലേഖനം സബീനടീച്ചർ പ്രസിദ്ധീകരിച്ചത്. ആ ലേഖനത്തിനു ലഭിച്ച സ്വീകാര്യതയുടെ തെളിവാണ് 1957 ഒക്ടോബർ 4 ന് പരിഷത്തിന്റെ കോട്ടയം സമ്മേളനത്തിൽ ചവിട്ടുനാടകം അവതരിപ്പിക്കാൻ ടീച്ചറിന് അവസരം ലഭിച്ചത്. സബീന ടീച്ചറിന്റെ ടീം അവതരിപ്പിച്ച 'വീരകുമാരൻ' എന്ന ചവിട്ടുനാടകമാണ് അന്ന്, ഗോതുരുത്ത് ചവിട്ടുനാടകസംഘം കോട്ടയത്ത് അവതരിപ്പിച്ചത്. തുടർന്ന് 1959-ലെ റിപ്പബ്ലിക് ദിനാഘോഷത്തിലും ഡൽഹിയിൽ ചവിട്ടുനാടകം അരങ്ങേറി. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദും സബീനാടീച്ചറെയും സംഘത്തെയും മുക്തകണ്ഠം പ്രശംസിച്ചു. പിന്നെ എറണാകുളത്തുനിന്ന് ഷാജി ജോർജ്ജിന്റെ പ്രണതാ ബുക്സ്, ചവിട്ടുനാടകഗ്രന്ഥം പുനഃപ്രസിദ്ധീകരിച്ചപ്പോൾ, ആ രണ്ടാംപതിപ്പിന്റെ പ്രകാശനം നിർവ്വഹിക്കാൻ ഷാജി ജോർജ്ജ് എന്നെയാണ് ചുമതലപ്പെടുത്തിയത്. അങ്ങനെ സബീനാ റാഫിയുടെ ചവിട്ടുനാടകസംരംഭവുമായിട്ടു ബന്ധപ്പെടാൻ ഒരു ചരിത്രനിയോഗംപോലെ ഒരു ഭാഗ്യംകൂടി ഉണ്ടായിട്ടുണ്ട്.



ഗോതുരുത്തുകാരെ സംബന്ധിച്ചിടത്തോളം ഇന്ന് ഗോതുരുത്തിനു കിട്ടിയ എല്ലാ പ്രശസ്തിയുടെയും പ്രധാന കാരണം സബീനാ റാഫി തന്നെയാണ്. ഫോർട്ടുകൊച്ചിയിൽ 1600-ൽ രൂപപ്പെട്ടുവന്ന ചവിട്ടുനാടകമാണ് 1900-നു ശേഷം ഗോതുരുത്തിൽ എത്തിയത്. പക്ഷേ, പ്രതിഭാധനയായ മിസിസ് റാഫിയുടെ കൈയിൽ എത്തിയതുകൊണ്ടാണ് പിന്നീട് അത് പുറംലോകം അറിയപ്പെടുന്ന ഒരു സാഹിത്യ സാംസ്കാരിക രൂപമായി മാറിയത്. ■

# ലുത്തിനിയായിൽ ഇനി മൂന്നു യാചനകൾകൂടി



വത്തിക്കാൻസിറ്റി: പരിശുദ്ധ മറിയത്തോടുള്ള ജപമാല പ്രാർത്ഥനയുടെ ലുത്തിനിയായിൽ മൂന്നു യാചനകൾ കൂട്ടിച്ചേർക്കാൻ ഫ്രാൻസിസ് പാപ്പയുടെ നിർദ്ദേശം. ലുത്തിനിയായിൽ 'കരുണയുടെ മാതാവേ' (Mater misericordiae), 'പ്രത്യാശയുടെ മാതാവേ' (Mater spei), 'കുടിയേറ്റക്കാരുടെ ആശ്വാസമേ' (Solacium migrantium) എന്നീ മൂന്നു യാചനകൾ ഉൾപ്പെടുത്തുവാനാണ് പാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ടുള്ള കത്ത് ആരാധനയ്ക്കായുള്ള വത്തിക്കാൻ തിരുസംഘം മെത്രാന്മാരുടെ സംഘങ്ങളുടെ തലവന്മാർക്കയച്ചു.

'കരുണയുടെ മാതാവേ' എന്ന യാചന ലുത്തിനിയായിലെ 'തിരുസഭയുടെ മാതാവേ' എന്നതിനും 'പ്രത്യാശയുടെ മാതാവേ' എന്നത് 'ദൈവവരപ്രസാദത്തിന്റെ മാതാവേ' എന്നതിനും 'കുടിയേറ്റക്കാരുടെ ആശ്വാസമേ' എന്നത് 'പാപികളുടെ സങ്കേതമേ' എന്നതിനുംശേഷം ചേർക്കാനാണ് കത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്.

ആരാധനയ്ക്കായുള്ള തിരുസംഘത്തിന്റെ അധ്യക്ഷൻ കർദ്ദിനാൾ റോബർട്ട് സാറ, സെക്രട്ടറി ആർച്ച് ബിഷപ് ആർതർ റോഷ് എന്നിവർ സംയുക്തമായി പുറപ്പെടുവിച്ച കത്ത് (ജൂൺ 20 ശനിയാഴ്ച) പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിന്റെ തിരുനാൾദിനത്തിലാണ് പരസ്യപ്പെടുത്തിയത്. ലോറെറ്റോയിലെ ലുത്തീനിയ എന്നറിയപ്പെടുന്ന ഇപ്പോഴത്തെ പ്രാർത്ഥനയ്ക്കു നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. 1587-ൽ അന്നത്തെ പാപ്പയായിരുന്ന സിക്സ്റ്റസ് അഞ്ചാമനാണ് ഇതിന് അംഗീകാരം നൽകിയത്.




## ആകാശം ചിന്നിയ മേഘങ്ങൾ

ഉന്മേഷകരവും സൗഖ്യദായകവുമായ ഒരു പ്രഭാതത്തിലേക്കാണ് കുഞ്ഞച്ചൻ കണ്ണുകൾ മിഴിച്ചത്. തട്ടും തടവുമില്ലാതെ ഉറക്കത്തിന്റെ ഒരു പാലാഴി കുഞ്ഞച്ചനിലൂടെ ഒഴുകിപ്പോയി. പാതിരാവിൽ കുറച്ചുനേരം ഉറക്കം നഷ്ടമായെങ്കിലും ബാക്കിയുള്ള നേരമത്രയും കുഞ്ഞച്ചൻ സുഖമായി ഉറങ്ങി.

കട്ടിലിൽ എഴുന്നേറ്റിരുന്ന് കുഞ്ഞച്ചൻ ജപമാലയെത്തിച്ചു. പിന്നെ ഊർജ്ജസ്വലമായ ഒരു പകൽദിനത്തിനുവേണ്ടി പ്രാർത്ഥിച്ചു. ഉണരുമ്പോഴും ഉറങ്ങാൻ കിടക്കുമ്പോഴുമുള്ള ഇത്തിരി സമയവൃത്തമാണ് കുഞ്ഞച്ചനു സ്വന്തമായിക്കിട്ടുക. ആ നേരത്താണ് കുഞ്ഞച്ചൻ കുഞ്ഞച്ചനിലേക്കു തന്നെ തിരിഞ്ഞുനോക്കുക. ആരുടെയും മാദ്ധ്യസ്ഥ്യമില്ലാതെ യേശുവുമായി സംവദിക്കുക.

കുഞ്ഞച്ചൻ അങ്ങനെയാണ്. തന്റെ ഏകാന്തതയുടെ നിമിഷങ്ങളിൽ കുഞ്ഞച്ചൻ യേശുദേവനുമായി സംസാരിക്കും. തന്റെ പ്രവർത്തനങ്ങളെക്കുറിച്ച്. തന്റെ സുവിശേഷവേലയെക്കുറിച്ച്...

പക്ഷേ, യേശു കുഞ്ഞച്ചനെ കേൾക്കുകയല്ലാതെ ഒന്നും സംസാരിക്കാറില്ല. കുഞ്ഞച്ചനെ കേട്ട് വെറുതെ മന്ദഹസിക്കും. അപ്പോൾ ഒരു പാർവ്വണവെട്ടം കുഞ്ഞച്ചനിൽ വന്നു പതിക്കും. കുഞ്ഞച്ചൻ സന്തുഷ്ടനാകും. അത്രയും മതി കുഞ്ഞച്ചന്.

ഇന്നലെ രാത്രിയും കുഞ്ഞച്ചൻ യേശുവുമായി സംസാരിച്ചു. അത് ചീരുകണ്ടന്റെ അമ്മ അന്നയ്ക്കുവേണ്ടിയും ശൗരിയുടെ ഭാര്യ അന്നയ്ക്കുവേണ്ടിയുമായിരുന്നു.

പുലയവിഭാഗത്തിൽപ്പെട്ട ശൗരിയുടെ ആദ്യനാമം ബീരാൻ എന്നായിരുന്നു. ബീരാനെയും ഭാര്യയെയും മാമ്മോദീസ നല്കി ശൗരിയും അന്നയുമാക്കിയത് കുഞ്ഞച്ചനാണ്.

അന്ന പൂർണഗർഭിണിയായിരുന്നു. പ്രസവം അപകടംപിടിച്ചതായിരിക്കുമെന്ന് രാമപുരം ഗവൺമെന്റാശുപത്രിയിലെ ഡോക്ടർ പറഞ്ഞു: "ഓപ്പറേഷൻ വേണം."

ശൗരി ഞെട്ടിപ്പോയി. ഒരു വെള്ളിടി തലയിൽ വന്നു പതിക്കുന്നതുപോലെ അയാൾക്കു തോന്നി. അന്ന പേടിച്ചരണ്ട് അട്ടയെപ്പോലെ ചുരുണ്ടുകൂടി. വിയർത്തു. തളർന്നു.

"വേണ്ട. ചത്താലും വേണ്ട. എന്റെ മേത്ത് കത്തി വെക്കണ്ട."

ശൗരി വിഷമിച്ചു. ചെകുത്താനും കടലിനും നടുവിലെന്നപോലെയായിരുന്നു അയാൾ. ആകാശം ഇടിഞ്ഞുവീഴുന്നതുപോലെ അയാൾക്കു തോന്നി. ഭൂമി പിളരുകയാണ്. അയാൾ സകലദൈവങ്ങളെയും വിളിച്ചു പ്രാർത്ഥിച്ചു. വിലപിച്ചു.

അപ്പോഴാണ് തൊണ്ണംകുഴിയിലെ ജോസഫ്ചേട്ടൻ ശൗരിയോടു ചെന്നു പറഞ്ഞത്:

'നീ പേടിക്കേണ്ട ശൗരീ. അവളെയും കൂട്ടി കുഞ്ഞച്ചന്റെ അടുത്തു ചെല്ല്. കാര്യങ്ങൾക്കു പരിഹാരമുണ്ടാകും."

കുറച്ചുകാലം മുൻപ് ജോസഫ്ചേട്ടനും ഈ അവസ്ഥയിലൂടെ കടന്നുപോയതാണ്. അയാളുടെ ഭാര്യയുടെ പ്രസവവും അപകടംപിടിച്ചതായിരിക്കുമെന്നു ഡോക്ടർ പറഞ്ഞു. ജോസഫ് ചേട്ടന്റെ മുൻപിൽ മറ്റു മാർഗ്ഗങ്ങളൊന്നുമുണ്ടായിരുന്നില്ല. അയാൾ ഭാര്യയെയും കൂട്ടി കുഞ്ഞച്ചന്റെ അടുത്തുചെന്നു.

"രക്ഷിക്കണേ കുഞ്ഞച്ചാ..."

ജോസഫിന്റെ ഭാര്യ കരഞ്ഞുകൊണ്ട് കുഞ്ഞച്ചന്റെ മുൻപിൽ മുട്ടുകുത്തി. കൈകൾ കൂപ്പി. കുഞ്ഞച്ചൻ അവളുടെ കണ്ണുകളിൽ മരണഭയം കണ്ടു.

ആദ്യമൊന്നമ്പരന്നെങ്കിലും കാര്യങ്ങൾ ചോദിച്ചറിഞ്ഞ കുഞ്ഞച്ചൻ അവരെ ആശ്വസിപ്പിച്ചു:

"പേടിക്കണ്ട. വിശ്വസിക്ക്. ഒരു മഹാവൈദ്യൻ സ്വർഗ്ഗത്തിലുണ്ട്."

കുഞ്ഞച്ചൻ അവളുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. ഒരു തരിപ്പ് അവളിലൂടെ കടന്നുപോയി. അവളുടെ ഗർഭപാത്രത്തിൽ ഒരു കുഞ്ഞുജീവൻ ചലിച്ചു.

"ഭൂമിയെയും ആയതുപോലെ മറ്റു ഗ്രഹങ്ങളെയും സൃഷ്ടിക്കുകയും അതിനെ അതിന്റെ ഭ്രമണപഥത്തിൽ ഉറപ്പിക്കുകയും ചെയ്ത ദൈവത്തിന് സകലവും മനസ്സിലാക്കാതിരിക്കാൻ കഴിയോ..."

കുഞ്ഞച്ചൻ അകത്തുചെന്ന് ഒരു ചെറിയ കുപ്പിയിൽ എന്തോ മരുന്നുമായി തിരിച്ചുവന്നു. ജോസഫ്ചേട്ടന്റെ കൈയിൽ കൊടുത്തുകൊണ്ടു പറഞ്ഞു:

"ഇതു മൂന്നു നേരത്തേക്കുണ്ട്. ഇതു കഴിക്കുമ്പഴേക്കും സുഖമാകും. എന്നാ പൊയ്ക്കോ. പൊയ്ക്കോ."

അവർ പോയി. കുഞ്ഞച്ചൻ പള്ളിയിലേക്കും. പള്ളിയിൽ കെടാവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ കുഞ്ഞച്ചൻ അൾത്താരയ്ക്കു മുൻപിൽ മുട്ടുകുത്തി. ജോസഫിന്റെ ഭാര്യയ്ക്കു വേണ്ടിയുള്ള കുഞ്ഞച്ചന്റെ പ്രാർത്ഥന അങ്ങ് സ്വർഗ്ഗത്തോളം നീണ്ടുചെന്നു.

പള്ളിയിൽനിന്നിറങ്ങിയതേ ജോസഫ് ചേട്ടൻ ഭാര്യയോടു പറഞ്ഞു:

''ഒരു നേരത്തേക്കുള്ളത് ഇപ്പഴേ കഴിച്ചോ..."

അവൾ കർത്താവിനോടുള്ള പ്രാർത്ഥനയോടെ അപ്രകാരം ചെയ്തു.

മരുഭൂമിയിലെ മരുപ്പച്ചകൾ പുഷ്ടി പൊഴിക്കുന്നു. കരുണാനിധിയായ മേരീപുത്രൻ കടന്നുപോകുമ്പോൾ ശാദ്വലഭൂമികൾ ആർത്തുചിരിക്കുന്നു. ആകാശത്തിലെ പറവകളും കാട്ടാടുകളും കലമാനുകളും മഴ പെയതു നിറയപ്പെട്ട കുളങ്ങളിൽനിന്നു കുടിച്ച് സന്തോഷിക്കുന്നു. സങ്കടങ്ങളിൽ അന്യപ്പെട്ട ആത്മാക്കളെ ദൈവം സ്നേഹത്താൽ സന്ദർശിക്കുന്നു. അവന്റെ ആണിപ്പഴുതുവീണ കരങ്ങളുയർത്തി തിരുരക്തത്താൽ അനുഗ്രഹിക്കുന്നു.

രാത്രി സുഖകരമായ പേറ്റുനോവിനാൽ അവൾ ആനന്ദമനുഭവിച്ചു. ആകാശത്തുനിന്നുമുള്ള മഞ്ഞിനും കുളിരിനുമൊപ്പം അവൾ ഒരു പുത്രനെ പ്രസവിച്ചു. അവളുടെ ഹൃദയത്തിലും അവളുടെ വായിലും ദൈവാനുഗ്രഹത്താൽ ചിരി നിറഞ്ഞു.

ജോസഫ്ചേട്ടനെ കേട്ട ശൗരിയുടെ ഭാര്യ പറഞ്ഞു: "എനക്കും കുഞ്ഞച്ചന്റെ മരുന്നു മതി."

ശൗരി രണ്ടാമതൊന്ന് ആലോചിച്ചില്ല. ഇറങ്ങിനടന്നു. സമയം പാതിരാവോടടുത്തിരിക്കണം. നേരിയ നിലാവുണ്ട്. നിലാവിൽ വഴിയറിഞ്ഞ് ശൗരി കാലുകൾ വലിച്ചു കുത്തി. കുഞ്ഞച്ചന്റെ വാതിലിൽ മുട്ടി.

ഉറക്കമുണർന്ന കുഞ്ഞച്ചൻ വെട്ടം തെളിച്ചു. വാതിൽ തുറന്നു. മുന്നിൽ ശൗരി.

ശൗരിയുടെ ഭാര്യ പത്തും തികഞ്ഞിരിക്കുകയാണെന്ന് കുഞ്ഞച്ചനറിയാം.

"എന്തു പറ്റീ... ഈ രാത്രീല്...?"

"ഡോക്കിട്ടറെക്കൊണ്ട് സൂചി വയ്ക്കാനും കത്തി വയ്ക്കാനും അന്ന സമ്മതിക്കിയേല. അവൾക്ക് കുഞ്ഞച്ചന്റെ മരുന്നു മതീന്ന്."

കുഞ്ഞച്ചൻ മരുന്നു കൊടുത്തു. എന്നിട്ടു പറഞ്ഞു:

"ഇതു കൊണ്ടുചെന്നു കൊടുക്ക്. വേഗം പൊയ്ക്കോ..."

"ശൗരി മരുന്നും വാങ്ങി തിരിഞ്ഞു. കുഞ്ഞച്ചൻ വീണ്ടും ചോദിച്ചു:

"വെട്ടം വേണോ... രാത്രീല്..."

"വേണ്ട കുഞ്ഞച്ചാ... നെലാവുണ്ട്."

പിന്നെയും കുഞ്ഞച്ചൻ ശൗരിയുടെ ഭാര്യയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനയോടെ ഉറങ്ങാൻ കിടന്നു. മെല്ലെ ഉറക്കത്തിലേക്ക് ആഴ്ന്നുപോയി.

പതിവിലും വൈകിയാണ് കുഞ്ഞച്ചൻ ഉണർന്നത്. അതുകൊണ്ട് തിടുക്കത്തിൽ പ്രഭാതകർമ്മങ്ങൾ കഴിഞ്ഞ് പള്ളിയിലേക്കു പോയി. കുർബാന കഴിഞ്ഞ് കാപ്പി കുടിച്ചെന്നു വരുത്തി കുഞ്ഞച്ചൻ പള്ളിമേടയിൽനിന്നിറങ്ങി. തന്റെ വളകാലൻകുടയുമായി ഇളവെയിൽ നീന്തി കുഞ്ഞച്ചൻ ശൗരിയുടെ വീട്ടിലേക്കു കാലുകൾ നീട്ടിക്കുത്തി.

ശൗരിയുടെ വീടെത്തിയപ്പോൾ കുഞ്ഞച്ചൻ ആശ്വാസം കൊണ്ടു. രണ്ടും രണ്ടായിരിക്കുന്നു. ഒരാൺകുഞ്ഞ്.

പക്ഷേ, കുഞ്ഞ് വളരെ ശോഷിച്ചതായിരുന്നു. മൃതപ്രായനായ ഒന്ന്. അവൻ കൈകാലുകൾ ചലിപ്പിക്കുകയോ കരയുകയോ ചെയ്യുന്നില്ല. അത് പ്രപഞ്ചത്തിനു നേരേ കണ്ണു മിഴിക്കുന്നില്ല. ഈ ലോകത്തോടുള്ള പ്രതിഷേധംപോലെ അത് കണ്ണുകൾ ഇറുകെപ്പൂട്ടി, ക്ലേശപ്പെട്ട് ശ്വാസം വലിച്ചുകൊണ്ടിരുന്നു.



അവിടെയുണ്ടായിരുന്നവർക്കാർക്കും കുഞ്ഞിന്റെ കാര്യത്തിൽ പ്രതീക്ഷയുണ്ടായിരുന്നില്ല. അതവർ കുഞ്ഞച്ചനോടു പറയുകയും ചെയ്തു. അവരോടു കുഞ്ഞച്ചൻ പറഞ്ഞു: "ഇത്തിരി ചാണകവെള്ളമുണ്ടാക്കി അതിലവനെ കുളിപ്പിക്ക്..."

ആളുകളൊന്നമ്പരന്നു. അവശനായ കുഞ്ഞ്. അതിനെ ചാണകവെള്ളത്തിലിട്ടാൽ ചത്തുപോകത്തില്ലേ... ആളുകൾ സംശയിച്ചു. പക്ഷേ, പറഞ്ഞത് കുഞ്ഞച്ചനാണ്. മറുത്തൊന്നും പറയാൻ നിവൃത്തിയില്ല. മാത്രമല്ല, കുഞ്ഞച്ചൻ പാഴ്‌വാക്കുകൾ പറയത്തില്ല. അദ്ദേഹത്തിന്റെ വാക്കുകൾ ദൈവത്തിൽനിന്നെന്നപോലെയാണ്.

പിന്നൊന്നും നോക്കിയില്ല. ആലോചിച്ചില്ല. ചാണകവെള്ളമുണ്ടാക്കി. കുഞ്ഞിനെ ഒരു പാളയിൽ കിടത്തി ചാണകവെള്ളത്തിൽ കുളിപ്പിച്ചു തോർത്തി.

''അവന് സുഖമായിക്കോളും. കർത്താവ് സുഖമാക്കിക്കൊള്ളും."

കുഞ്ഞച്ചൻ അത്രമാത്രം പറഞ്ഞു. പിന്നെ കുഞ്ഞിന്റെ ശിരസ്സിൽ കൈവച്ചു പ്രാർത്ഥിച്ചു. ശേഷം കുഞ്ഞച്ചൻ മടങ്ങി.

കുഞ്ഞച്ചൻ പള്ളിയിലെത്തും മുൻപ് കുഞ്ഞ് കണ്ണു തുറന്നു. അവൻ കരഞ്ഞു. കൈകാലുകൾ ചലിപ്പിച്ചു. ദൈവം വിരൽ തൊട്ടതുപോലെ അവൻ ഊർജ്ജസ്വലനായി. അവൻ പ്രപഞ്ചത്തിനു നേരേ കളങ്കമില്ലാതെ ചിരിച്ചു.

കുഞ്ഞച്ചൻ കാലുകൾ നീട്ടിക്കുത്തി നടന്നു. എത്ര നീട്ടിക്കുത്തിയാലും തന്റേത് ആമനടത്തമാണെന്ന് കുഞ്ഞച്ചനറിയാം. പക്ഷേ, കുഞ്ഞച്ചന് നേരത്തേ എത്തിയേ മതിയാകൂ.

പള്ളിയിൽ കപ്യാരു കാത്തു നില്ക്കും. കൂടെ ഉപദേശിയുമുണ്ടാകും. ചക്കാമ്പുഴയ്ക്കു പോകേണ്ടതുണ്ട്. അവിടെ ഒരു ചാത്തം കഴിക്കാനുണ്ട്. പിന്നെ കതിരൻ എന്ന ദളിതന്റെ കുടിലിൽ പോകണം.


കുഞ്ഞച്ചൻ പലവട്ടം കതിരന്റെ കൂരയിൽ ചെന്നിട്ടുണ്ട്. ക്ഷേമം തിരക്കിയിട്ടുണ്ട്. അസുഖങ്ങൾക്കു മരുന്നു കൊടുത്തിട്ടുണ്ട്. സാമ്പത്തികമായും അല്ലാതെയും സഹായിച്ചിട്ടുണ്ട്. പക്ഷേ, അവർ പള്ളിയിൽ വരാനോ സ്നാനം സ്വീകരിക്കാനോ തയ്യാറായിട്ടില്ല.

പള്ളിയിൽ വരാത്തതോ ജ്ഞാനസ്നാനം സ്വീകരിക്കാത്തതോ അല്ല കുഞ്ഞച്ചനെ വിഷമിപ്പിച്ചത്. അവർ മന്ത്രവാദത്തിനും മറ്റ് ആഭിചാരക്രിയകൾക്കും അടിമകളാണ്. അവരുടെ വീട്ടിൽ കോഴിവെട്ടും ചാട്ടവും തുള്ളലും ഓതിരം കടകംമറിച്ചിലുമൊക്കെ നടക്കാറുണ്ട്. ഉപദേശിമാരിൽനിന്ന് കുഞ്ഞച്ചൻ കേട്ടറിഞ്ഞിട്ടുണ്ട്.

അതാണ് കുഞ്ഞച്ചനെ ഏറെ വിഷമിപ്പിച്ചത്. കാലമിത്ര പുരോഗമിച്ചിട്ടും മനുഷ്യനിത്തരത്തിലുള്ള അനാചാരങ്ങളിൽ ചെന്നുപെടുന്നതെങ്ങനെയെന്ന് കുഞ്ഞച്ചൻ അലോസരപ്പെടുകയും ദുഃഖിക്കുകയും ചെയ്തു.

അവരുടെ ആത്മാവിൽ ജ്ഞാനമില്ല. വെളിച്ചമില്ല. ദൈവത്തിന്റെ മഹത്ത്വം അവർ അറിയുന്നില്ല. അവന്റെ ശക്തിയും കാരുണ്യവും അവർക്കു വെളിപ്പെടുന്നില്ല.

*ശേഷം 17-ാംപേജിൽ*




**ജൂലൈ 5**
**ശ്ലീഹാക്കാലം**
**ആറാം ഞായർ**



നിയ 4:1–8
ഏശ 2:1–5
1 കോറി 10:23–31
ലൂക്കാ 12:57–13:5

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# അപരന്റെ ദുരന്തം നിനക്ക് അടയാളമാകട്ടെ

**നി**യമാവർത്തനപ്പുസ്തകം നാലാം അദ്ധ്യായം മരുഭൂമിയിലൂടെയുള്ള ഇസ്രായേൽജനത്തിന്റെ യാത്രയെ അനുസ്മരിച്ചുകൊണ്ട് മോശ നടത്തുന്ന പ്രഭാഷണത്തിന്റെ സമാപനമാണ്. ഈ വചനഭാഗത്ത് മോശ ജനത്തോടാവശ്യപ്പെടുന്നത് ദൈവം നല്കിയ നിയമം ഇസ്രായേൽ ജനത കേൾക്കുക മാത്രമല്ല, മറിച്ച് അത് അനുഷ്ഠിക്കുകകൂടി വേണം എന്നാണ്. നിയമം കേൾക്കുന്നവർ മാത്രമാകാതെ അതു പ്രവർത്തിക്കുന്നവരാകണം. വചനഭാഗത്ത് ആവർത്തിച്ചുപറയുന്ന കാര്യം നിയമം അനുസരിക്കണം (4,1.3), അനുഷ്ഠിക്കണം



(4,5), പ്രവർത്തിക്കണം (4,6), നിയമം ജീവിക്കണം (4,1) എന്നാണ്. നിയമം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് പത്തു കല്പനകൾ മാത്രമല്ല; പ്രത്യുത തോറായാണ്; ദൈവവചനമാണ്. ദൈവവചനത്തെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനുള്ള ആഹ്വാനമാണ് മോശ നല്കുന്നത്. കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിച്ചപേക്ഷിക്കുന്നവരല്ല, പ്രത്യുത, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതെന്നും (മത്താ 7,21) വചനം ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ വിവേകമതിയായ മനുഷ്യനാണ് എന്നും ഈശോ പഠിപ്പിക്കുന്നുണ്ട്.

എന്തുകൊണ്ട് ഇസ്രായേൽ നിയമം പാലിക്കുന്നവരാകണം എന്നതിന് മോശ വിവിധ കാരണങ്ങൾ ജനത്തെ ഓർമിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ സംരക്ഷണവും അനുഗ്രഹവും അവർക്ക് അനുസരണംമൂലം ലഭിക്കും (4,1), ഇസ്രായേലിനു ദൈവം ചെയ്തിട്ടുള്ള മഹത്തായ ചെയ്തികൾക്ക് അവിടത്തോടു കാണിക്കുന്ന നന്ദിയാണ് അനുസരണം, ദൈവത്തിന്റെ സ്നേഹത്തോടുള്ള മനുഷ്യന്റെ പ്രത്യുത്തരമാണ് അനുസരണം (4,37), അവർ അനുസരിക്കുവാൻ കടപ്പെട്ടവരാണ് കാരണം, അവർ ദൈവത്തിന്റേതാണ് (നിയമ 14,1). അനുസരണം ജനതകളുടെ മുമ്പിൽ ഒരു സാക്ഷ്യമായിരിക്കും. ഇസ്രായേൽ സാക്ഷ്യം നല്കുന്നതിനു വിളിക്കപ്പെട്ടവരാണ്. തങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ അനുസരിക്കുന്നതിലൂടെ ജനതകളുടെയിടയിൽ ഇസ്രായേൽജനം അവിടത്തേക്കു സാക്ഷ്യം നല്കുകയാണ്.

ഇസ്രായേലിനു വരാനിരിക്കുന്ന മഹത്ത്വത്തെക്കുറിച്ചാണ് രണ്ടാമത്തെ വായനയിൽ ഏശയ്യാപ്രവാചകനിലൂടെ സംസാരിക്കുന്നത്. അവസാന നാളുകളിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് യുഗാന്ത്യത്തെക്കുറിച്ചല്ല; മറിച്ച്, ഇസ്രായേൽ അനുഭവിക്കുന്ന കഷ്ടതകൾക്ക് അവസാനം എന്ന അർഥത്തിലാണ്. സിയോനിൽനിന്നു കർത്താവിന്റെ നിയമം പുറപ്പെടും. അവിടത്തെ വചനം ജറുസലേമിൽനിന്നും എന്നു പറയുന്നത് മിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള സൂചനയാണ്. സിയോനിൽനിന്നു പുറപ്പെടുന്ന വചനം മിശിഹാതന്നെയാണ്. കർത്താവ് നല്കുന്ന സമാധാനം സൂചിപ്പിക്കുന്ന വചനമാണ് അവരുടെ വാൾ കൊഴുവും കുന്തം വാക്കത്തിയുമായി അടിച്ചുരൂപപ്പെടുത്തും (2,3) എന്നത്. അതായത് അവരുടെ യുദ്ധോപകരണങ്ങൾ പണിയായുധങ്ങളാക്കി മാറ്റപ്പെടും. യുദ്ധങ്ങൾ അവസാനിക്കും എന്നതിന്റെ സൂചനയാണ് ഇതു നല്കുന്നത്.

മൂന്നാമത്തെ വായന പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽനിന്നാണ്. കോറിന്തോസിലെ വിശ്വാസികൾക്കിടയിലുണ്ടായിരുന്ന ചില പ്രശ്നങ്ങൾക്ക് ഉത്തരം കൊടുക്കുന്നതിന്റെ ഭാഗമായുള്ളതാണ് ഈ വചനഭാഗം. ആദിമസഭയിൽ പ്രത്യേകിച്ച് പൗലോസ് ശ്ലീഹായുടെ പ്രവർത്തനഫലമായി വിജാതീയരുടെയിടയിൽ രൂപംകൊണ്ട കോറിന്തോസിലെ സഭയിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നു. അവയിൽ ഒന്ന് വിശ്വാസത്തിലേക്കു വരാത്തവരുമായുള്ള വിശ്വാസികളുടെ ബന്ധം എപ്രകാരമായിരിക്കണം; അവരുടെ ആചാരങ്ങളോടുള്ള മനോഭാവം എന്തായിരിക്കണം എന്നതാണ്. ശ്ലീഹാ പറയുന്നു: നിങ്ങൾ സമൂഹത്തിൽ ജീവിക്കുമ്പോൾ മറ്റുള്ളർ നിങ്ങളെ ഭക്ഷണത്തിനു വിളിക്കുകയാണെങ്കിൽ അവർ വിളമ്പിത്തരുന്ന എന്തും മനശ്ചാഞ്ചല്യംകൂടാതെ കഴിച്ചുകൊള്ളുക എന്നാണ്. കാരണം ഭൂമിയും അതിലുള്ളതും കർത്താവിന്റേതാണ്. തുടർന്നാണ് ഒരു പ്രത്യേകവിഷയം പൗലോസ് ശ്ലീഹാ ചർച്ച ചെയ്യുന്നത്. അതായത്, കഴിക്കുവാൻ വിളമ്പിയിരിക്കുന്ന ഭക്ഷണം വിഗ്രഹങ്ങൾക്കർപ്പിച്ചതാണ് എന്ന് ആരെങ്കിലും പറഞ്ഞാൽ എന്തു ചെയ്യണം. ഇപ്രകാരമുള്ള മാംസം രണ്ടു വിധത്തിൽ ലഭിക്കാൻ സാധ്യതയുണ്ട്. 1. മേൽപറഞ്ഞ വിധത്തിൽ വിജാതീയരുടെ ഭവനങ്ങളിൽ ഭക്ഷണത്തിനിരിക്കുമ്പോൾ 2 വിഗ്രഹങ്ങൾക്കർപ്പിച്ച മാംസം ചന്തയിൽനിന്നു വാങ്ങുന്നത്. അക്കാലത്ത് വിജാതീയരുടെ ക്ഷേത്രങ്ങളിൽ ബലിയായി അർപ്പിക്കപ്പെടുന്ന മൃഗങ്ങളുടെ മാംസം ചന്തയിൽ വാങ്ങുവാൻ ലഭിക്കുമായിരുന്നു അപ്രകാരമുള്ള മാംസം വാങ്ങി ഭക്ഷിക്കുന്നതും ഒരു വിഷയമായിരുന്നു. പൗലോസ് ശ്ലീഹാ പറയുന്നു: ഒരു യഥാർത്ഥ വിശ്വാസിക്ക് ഇവ കഴിക്കുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല. കാരണം അവനെ സംബന്ധിച്ച് ഒരു ദൈവമേയുള്ളു; മറ്റു ദൈവങ്ങളൊന്നുമില്ല. അതിനാൽ അവന് ഏതു ഭക്ഷണവും കഴിക്കാം. ചുരുക്കിപ്പറഞ്ഞാൽ, പൗലോസ് പറയുന്നു: ഭക്ഷണത്തിനൊന്നും മതമില്ല. എന്നാൽ, വിശ്വാസത്തിൽ ഉറയ്ക്കാത്തവർക്ക് പ്രത്യേകിച്ച് ജനതകളുടെ ഇടയിൽനിന്നു പുതുതായി ഇത് ഒരുപക്ഷേ ഇടർച്ചയ്ക്കു കാരണമാകാം. അതായത്, അവർ ഇത്രയുംനാൾ പൂജിതമായി അർപ്പിച്ചു കഴിച്ചിരുന്നതു തുടർന്നും അതേ മനോഭാവത്തോടെ കഴിക്കാൻ ഇടയുണ്ട്. അത്തരം സാഹചര്യത്തിൽ ഇപ്രകാരമുള്ള ഭക്ഷണം വേണ്ടെന്നു വയ്ക്കുന്നതാണ് ഉത്തമം. നിയമങ്ങളെ വിവേകത്തോടെ ഉപയോഗിക്കണം എന്നാണ് ശ്ലീഹാ പഠിപ്പിക്കുന്നത്.

സുവിശേഷത്തിലൂടെ ലൂക്കാ ശ്ലീഹാ അനുതാപത്തിനും അനുരഞ്ജനത്തിനുമുള്ള ആഹ്വാനമാണ് നല്കുന്നത്. ന്യായാധിപന്റെ പക്കലേക്കു പോകുമ്പോൾതന്നെ ശത്രുവുമായി രമ്യതപ്പെടുവാൻ വചനം ആവശ്യപ്പെടുന്നു. ശിക്ഷ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗമാണിത്. ഈശോ പറയുന്ന രണ്ടുദാഹരണങ്ങളാണ് ലൂക്കാശ്ലീഹാ എടുത്തുകാട്ടുന്നത്. ശീലോഹായിലെ ഒരു ദുരന്തവും, പീലാത്തോസിന്റെ ഒരു ക്രൂരകൃത്യവും. രണ്ടു ദുരിതങ്ങൾ പരാമർശിച്ചിട്ട് ഈശോ ചില പാഠങ്ങൾ പഠിപ്പിക്കുന്നു. ഒരുവന് എന്തെങ്കിലും സഹനമോ ദുരന്തമോ ഉണ്ടാകുമ്പോൾ അത് അവനെതിരേ വിധി പ്രസ്താവിക്കുവാനുള്ള അവസരമായി മാറ്റരുത്. സഹനമോ ദുരന്തമോ ഉണ്ടാകുന്നതു കാണുമ്പോൾ നീ അവരെക്കാൾ മെച്ചപ്പെട്ടവനാണ് എന്നു ചിന്തിക്കരുത്. നിനക്ക് ഒരു അടയാളമായി അവ മാറണം. അവ നിന്നെ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കണം. യഥാർത്ഥത്തിൽ ഈ കൊറോണാക്കാലം നമുക്കു നല്കുന്ന വിചിന്തനവും ഇതു തന്നെയല്ലേ?

□

# സംഗീതം ഒരു ഔഷധം

**ജൂൺ 21 ന് മറ്റൊരു ലോകസംഗീതദിനം കൂടി കടന്നുപോയി**

മനുഷ്യകുലത്തിനു ദൈവം നല്കിയ ദിവ്യൗഷധമാണ് സംഗീതം. ഈ വിശ്വംമുഴുവൻ സംഗീതത്തിന്റെ ഭാഗങ്ങളായ ശ്രുതിയും താളവും കൊണ്ടു നിറഞ്ഞുനിൽക്കുന്നു. പ്രകൃതിയുടെ ഓരോ ചലനവും സംഗീതാത്മകമാണ്. ഈ പ്രകൃതിയുടെ ഭാഗമായ മനുഷ്യനും സംഗീതാത്മകമാണ്. മനുഷ്യശരീരംതന്നെ ഒരു വീണയാണെന്നാണ് ഇന്ത്യൻസംഗീതശാസ്ത്രം വിവക്ഷിക്കുന്നത്. ഈ ലോകത്തിലെ ഏറ്റവും മനോഹരമായ സംഗീതോപകരണം ഏതാണെന്നുചോദിച്ചാൽ ഉത്തരം മനുഷ്യശരീരം. മനുഷ്യശരീരത്തിലെ ഓരോ



ചലനവും താളാത്മകമാണ്, സംഗീതസാന്ദ്രമാണ്. തിരുസഭയുടെ ഏറ്റവും ചെറിയ ഘടകമായ കുടുംബം സംഗീതാത്മകമാണ്. കുടുംബജീവിതത്തിന് മാതാപിതാക്കളുടെ, കുടുംബാംഗങ്ങളുടെ, ഭാര്യാഭർത്താക്കന്മാരുടെ സ്വരച്ചേർച്ച അനിവാര്യമാണ്.

സപ്തസ്വരങ്ങളിലൂടെ ഒഴുകിയെത്തുന്ന സംഗീതം ഒരു ആകാശഗംഗയായി ഒഴുകി ലോകത്തിന്റെ വിവിധ സംസ്കാരങ്ങളിൽ ലയിച്ച് വ്യത്യസ്തങ്ങളായ ശൈലികളും രൂപവും പ്രാപിച്ചിരിക്കുകയാണിന്ന്. സംഗീതം പ്രാചീനമാണെങ്കിലും 1982 മുതലാണ് വിശ്വസംഗീതദിനം ജാക്‌ലാങ്ങ്, മോറിസ് ഫ്ളൂവേർട്ട് എന്നിവരുടെ നേതൃത്വത്തിൽ പാരീസിൽ ആഘോഷിക്കാനാരംഭിച്ചത്.

ലോകംമുഴുവൻ കോവിഡിന്റെ വേദനയിലും ഭീതിയിലും കഴിയുന്ന ഈ വർഷം സംഗീതം എല്ലാവർക്കും സൗഖ്യദായകമായ ഔഷധമായി മാറട്ടെ. മനുഷ്യമനസ്സിലെയും ശരീരത്തിലെയും തിന്മയുടെ അംശത്തെ അലിയിച്ച് സംഗീതം അവിടെ നന്മയുടെ, സന്തോഷത്തിന്റെ, സമാധാനത്തിന്റെ രക്ഷയുടെ ഊർജ്ജം നിറയ്ക്കട്ടേയെന്ന് ആശംസിക്കുന്നു.

*ഫാ. ഡോ. പോൾ പൂവത്തിങ്കൽ സിഎംഐ.*

# അഗസ്ത്യായനം

15-ാം പേജ് തുടർച്ച

കുഞ്ഞച്ചൻ പള്ളിയിലെത്തുമ്പോൾ വെയിൽ കനത്തുതുടങ്ങിയിരുന്നു. കപ്യാരും ഉപദേശിയും കാത്തുനില്പുണ്ട്. അവരോടൊപ്പം മറ്റു രണ്ടുപേരും. അതു ചീരുകണ്ടനും അവന്റെ ഭാര്യ കുറുമ്പയുമായിരുന്നു.

"നിങ്ങള് വന്നിട്ട് അധികനേരമായോ...?" കുഞ്ഞച്ചൻ ചോദിച്ചു.

"ഇവര് ഇപ്പോ വന്നതേയുള്ളൂ." ഉപദേശിയാണ് മറുപടി പറഞ്ഞത്.

കുർബാന കഴിഞ്ഞ് കുഞ്ഞച്ചൻ എവിടേക്കാണു പോയതെന്നു കപ്യാർക്കോ ഉപദേശിക്കോ നിശ്ചയമുണ്ടായിരുന്നില്ല. കുഞ്ഞച്ചൻ അങ്ങനെയാണ്. കുഞ്ഞച്ചന്റെ വഴികൾ മനുഷ്യന്റെ ശിരോലിഖിതങ്ങൾപോലെ ചിതറിക്കിടക്കുന്നു.

"ചാത്തത്തിനു പോകേണ്ടേ കുഞ്ഞച്ചാ." കപ്യാര് ചോദിച്ചു.

"പോണം. അതിനു മുമ്പ് ഒരു കാര്യമുണ്ട്."

കുഞ്ഞച്ചൻ മുറിയിൽനിന്ന് രണ്ടു മെഴുകുതിരിയെടുത്ത് ചീരുകണ്ടന്റെ കൈയിൽ കൊടുത്തു. പിന്നെ ചീരുകണ്ടനെയും കുറുമ്പയെയും കൂട്ടി സെമിത്തേരിയിലേക്കു നടന്നു. ഒപ്പം കപ്യാരും ഉപദേശിയും.

സെമിത്തേരിയിൽ അന്നയുടെ കുഴിമാടത്തിൽ ചീരുകണ്ടൻ മെഴുകുതിരികൾ കത്തിച്ചു. കുഞ്ഞച്ചൻ ഒപ്പീസ് ചൊല്ലാൻ തുടങ്ങി.

ചീരുകണ്ടനെ സംബന്ധിച്ചിടത്തോളം അപരിചിതമായ ഒന്നായിരുന്നു ആ പ്രാർത്ഥനകൾ. അവന്റെ കണ്ണുകൾ മൺകൂനയിൽ നട്ട മെഴുകുവിളക്കുകളുടെ ആടിയുലയുന്ന നാളങ്ങളിൽ തറഞ്ഞുനിന്നു.

മൺകൂനയ്ക്കടിയിൽനിന്ന് അമ്മ തേയിയുടെ ചീരാ എന്നുള്ള വിളി അവന്റെ കാതുകളിൽ വന്നു വീഴുന്നതുപോലെ തോന്നി. അവന്റെ കണ്ണുകൾ സജലങ്ങളായി. അവൻ വിതുമ്പിപ്പോയി. ചീരുകണ്ടന്റെ കണ്ണുകളിൽനിന്ന് അവന്റെ അമ്മയ്ക്കായി ആദ്യത്തെ കണ്ണീർത്തുള്ളി കുഴിമാടത്തിൽ വീണു. അന്നയുടെ മനസ്സ് കുളിർത്തിട്ടുണ്ടാകണം.

ഒപ്പീസ് കഴിഞ്ഞു. കുഞ്ഞച്ചൻ അവരെ പള്ളിമേടയിലേക്കു കൂട്ടി. അവർക്കു കാപ്പി കൊടുത്തു. ഉപദേശിയെക്കൊണ്ട് ഇടങ്ങഴി അരിയും. അവർ പുറപ്പെടാൻ നേരം കുഞ്ഞച്ചൻ പറഞ്ഞു:

"പറ്റുമെങ്കിൽ നാളെ രാവിലെ കുർബാനയ്ക്കു വരിക. അന്നയുടെ കുഴിമാടത്തിൽ പ്രാർത്ഥിക്കുക."

"ഏങ്കള് വരാം കുഞ്ഞച്ചാ." കുറുമ്പയാണ് മറുപടി പറഞ്ഞത്. കുഞ്ഞച്ചൻ ചീരുകണ്ടനോടായി വീണ്ടും പറഞ്ഞു:

"മന്ത്രവാദം ഉപേക്ഷിക്കണം ചീരുകണ്ടാ. അത് ദൈവമായ കർത്താവിനും അന്നയുടെ ആത്മാവിനും ഇഷ്ടമാകില്ല!

ചീരുകണ്ടനിലൂടെ ഒരു ഉഷ്ണക്കാറ്റ് കടന്നുപോയി. ചീരുകണ്ടൻ ആടിയുലഞ്ഞു. തന്റെ കാലുകൾ ഭൂമിയിലേക്ക് ആഴ്ന്നുപോകുന്നപോലെയും ശിരസിനു കാറ്റുപിടിക്കുന്നതുപോലെയും അയാൾക്കു തോന്നി.

ഒരു തളർച്ച ചീരുകണ്ടനെ പിടികൂടി. മന്ത്രവാദം ഉപേക്ഷിക്കുക. അത് തനിക്കാകുമോ? അപ്പനിൽനിന്നു കൈമാറിക്കിട്ടിയതാണ് മന്ത്രവിധികൾ. അതങ്ങനെ പെട്ടെന്ന് ഒറ്റദിവസംകൊണ്ട് എങ്ങനെയാണ് ഉപേക്ഷിക്കുക?

മന്ത്രവാദി ചീരുകണ്ടനിൽനിന്ന് വെറും ചീരുകണ്ടനിലേക്കുള്ള കൂടുമാറ്റം അത്ര എളുപ്പമല്ലെന്ന് ചീരുകണ്ടൻ അറിഞ്ഞു. എന്നാലും ചീരുകണ്ടൻ പറഞ്ഞു:

"ഉപേക്ഷിക്കാം."

ചീരുകണ്ടൻ അത് ബോധപൂർവ്വം പറഞ്ഞതല്ല. അറിയാതെ ആ വാക്കുകൾ നാവിൽനിന്നു വഴുതിവീണതാണ്.

ചീരുകണ്ടൻ ചെറുതായൊന്നു വിറച്ചു. തന്റെ സേവാമൂർത്തി ചാത്തനാണ്. കരിങ്കുട്ടിച്ചാത്തൻ. ചാത്തൻ വിളിച്ചാൽ വിളിപ്പുറത്തെന്നാണ് അപ്പൻ പറഞ്ഞുതന്നിട്ടുള്ളത്.

കൂരയിരിക്കുന്ന കുന്നിന്റെ താഴെ കാഞ്ഞിരമരത്തിന്റെ ചുവട്ടിൽ ചാത്തന്റെ കരിങ്കൽവിഗ്രഹമുണ്ട്. വെള്ളിയാഴ്ചകളിൽ ചീരുകണ്ടൻ ചാത്തന് മലരും പൂവും നേദിക്കാറുണ്ട്. തുള്ളിയുറയാറുണ്ട്. ഇളനീര് കൊടുക്കാറുണ്ട്.

ആ ചാത്തനെയാണ് ഉപേക്ഷിക്കേണ്ടത്. അതിന്റെ ഫലം എന്താകുമെന്നു ചീരുകണ്ടൻ പേടിച്ചു.

"ഒന്നും പേടിക്കേണ്ട ചീരുകണ്ടാ. കർത്താവ് നിന്നോടൊപ്പമുണ്ട്. നിന്റെ ഓരോ കാൽവയ്പിലും കർത്താവിന്റെ നോട്ടമുണ്ട്. നിന്റെ മുന്നിലും പിന്നിലും അവൻ നിനക്കു കൂട്ടായുണ്ട്..." കുഞ്ഞച്ചൻ പറഞ്ഞു.

ചീരുകണ്ടൻ കണ്ണുകൾ വിടർത്തി കുഞ്ഞച്ചനെ നോക്കി. തന്റെ മനസ്സിന്റെ വ്യാകുലങ്ങൾ വായിച്ചെടുത്തതുപോലെയായിരുന്നു കുഞ്ഞച്ചന്റെ വാക്കുകൾ. അത് ചീരുകണ്ടനെ അദ്ഭുതപ്പെടുത്തി.

കുഞ്ഞച്ചൻ അത്ര നിസ്സാരനല്ലെന്നു ചീരുകണ്ടൻ നിനച്ചു. മറ്റുള്ളവരുടെ മനസ്സും ചിന്തകളും ഗ്രഹിക്കാൻ കഴിയുന്ന ആളാണ്. സൗമ്യമായ പെരുമാറ്റവും സ്നേഹവും ദയയുംകൊണ്ട് ആരെയും കീഴടക്കാൻ കഴിവുള്ള മനുഷ്യൻ. എല്ലാറ്റിനുമുപരി ദൈവത്തെ മുഖാമുഖം കാണുന്ന ഒരാൾ.

ചീരുകണ്ടൻ അങ്ങനെയൊരു തീർപ്പിലേക്കെത്തി. ദൈവത്തെ മനസ്സിൽ അനുഭവിക്കുന്ന ഒരാൾക്കേ ഇത്ര എളിമയോടെ, താഴ്മയോടെ മറ്റുള്ളവരോടു പെരുമാറാൻ കഴിയൂ. ഇത്രമേൽ സ്നേഹം കൊടുക്കാൻ കഴിയൂ.

തന്റെ സേവാമൂർത്തിയായ ചാത്തൻ സ്നേഹത്തിന്റെ ഏതു പാഠങ്ങളാണ് തനിക്കു ചൊല്ലിത്തന്നിട്ടുള്ളത്...? ആഭിചാരക്രിയകളുടെ ഏതു ദശാസന്ധികളിൽ വച്ചാണ് ചാത്തനെ തനിക്ക് അനുഭവം?

സത്യത്തിൽ തനിക്കെന്തറിയാം... ചീരുകണ്ടൻ സ്വന്തം ഹൃദയത്തിലേക്കു തിരിഞ്ഞുനോക്കി. ഇല്ലാത്ത മന്ത്രസിദ്ധികളുടെ പേരു പറഞ്ഞ് താൻ ഇത്രകാലം ആളുകളെ ചതിക്കുകയായിരുന്നില്ലേ... മന്ത്രതന്ത്രാദികളുടെ ഏതു പൂജാവിധികളാണ് തനിക്കറിയാവുന്നത്...? അപ്പൻ തേവൻ എന്താണ് തനിക്ക് ഓതിത്തന്നിട്ടുള്ളത്...?

ഒന്നുമില്ലെന്ന് ചീരുകണ്ടൻ കണ്ടു. അകംപൊള്ളയായ ഒരാൾ. അറിവുകേടുകൾ മാത്രം ശിരസ്സിൽ വഹിക്കുന്ന ഒരാൾ. ഒരു പുഴു. ഒരു പുൽക്കൊടി. അതു മാത്രമാണു താൻ.

ഒരു മെഴുകുതിരിപോലെ ചീരുകണ്ടൻ ഉരുകിത്തുടങ്ങിയിരിക്കുന്നു. ഇത്ര കാലം താൻ കാത്തുവച്ച, മന്ത്രവാദി, സിദ്ധൻ എന്നൊക്കെയുള്ള അഹങ്കാരത്തിന്റെ മലനിരകൾ ഇടിഞ്ഞുതാഴുകയാണ്. താൻ നിസ്സഹായനായ ഒരു സാധാരണമനുഷ്യൻ മാത്രമാണ്.

"പറ്റുന്ന ദിവസങ്ങളിലെല്ലാം പള്ളിയിൽ വരണം. അന്നയ്ക്കുവേണ്ടി പ്രാർത്ഥിക്കണം. ഈ ലോകത്തിലെ ജീവിതം മാത്രമാണ് അന്നയ്ക്കു നഷ്ടമായത്. സ്വർഗ്ഗത്തിൽ അന്ന ദൈവത്തോടൊപ്പം ചിരകാലം ജീവിക്കും. അതിനു ചീരുകണ്ടന്റെ നല്ല ജീവിതവും പ്രാർത്ഥനയുമൊക്കെ ആവശ്യമുണ്ട്." കുഞ്ഞച്ചൻ ചീരുകണ്ടനോടായി പറഞ്ഞു.

ചീരുകണ്ടൻ തലയനക്കി സമ്മതിച്ചു. പിന്നെ ഉപദേശി, വാദ്യപ്പുരയിലെ വീപ്പയിൽനിന്ന് അളന്നു കൊടുത്ത അരിയുമായി മടങ്ങുംമുമ്പ് കുഞ്ഞച്ചൻ ഒന്നുകൂടി ചീരുകണ്ടനോടു പറഞ്ഞു:

"ഒരു നല്ല ഗൃഹനാഥനായി കുറുമ്പയ്ക്കും കുഞ്ഞിനും വേണ്ടി ജീവിക്കുക. മാത്രമല്ല കുറുമ്പയല്ലാതെ മറ്റൊരു ഭാര്യ നിനക്കുണ്ടാകരുത്."

ഒരു നിമിഷം കുഞ്ഞച്ചന്റെ വാക്കുകളിൽ ചീരുകണ്ടൻ പിടഞ്ഞു. തളർന്നു. താൻ ഏതോ നിലയില്ലാക്കയത്തിൽ ചെന്നു പെട്ടതുപോലെ ചീരുകണ്ടനു തോന്നി.

"എന്നാ പൊയ്ക്കോ പൊയ്ക്കോ..." കുഞ്ഞച്ചൻ പറഞ്ഞു.

കുഞ്ഞച്ചൻ തിരിഞ്ഞുനടന്നു. തന്റെ നേരേ നീണ്ടുവരുന്ന കുറുമ്പയുടെ കണ്ണുകളെ അഭിമുഖീകരിക്കാനാകാതെ ചീരുകണ്ടൻ ആകാശത്തേക്കു നോട്ടം നീട്ടി. പള്ളിയുടെ മുഖവാരത്തിനു മുകളിലെ കുരിശ് രക്തപങ്കിലമായ ഒരു സ്വപ്നംപോലെ തോന്നിച്ചു.

തനിക്കു മറ്റു സ്ത്രീകളുമായി ബന്ധമുണ്ടെന്ന് കുഞ്ഞച്ചൻ അറിഞ്ഞിരിക്കുന്നു. പക്ഷേ, അതെങ്ങനെ? അതാണ് ചീരുകണ്ടനെ അദ്ഭുതപ്പെടുത്തിയത്. ഒരു പക്ഷേ, ദൈവത്തിന്റെ ഒരു കരം കുഞ്ഞച്ചനിൽ പ്രവർത്തിക്കുന്നുണ്ടാകാം.

കെട്ടഴിഞ്ഞുപോയ ഒരു താളിയോലഗ്രന്ഥം പോലെയാണ് താനെന്നു ചീരുകണ്ടൻ അറിഞ്ഞു. അടിമുടി എല്ലാ ഏടുകളും കുഞ്ഞച്ചൻ വായിച്ചറിഞ്ഞിരിക്കുന്നു. കുഞ്ഞച്ചനു മുൻപിൽ താൻ മലർക്കെ തുറക്കപ്പെട്ടവനാണ്.

എത്ര നേരമാണ് താൻ ചലനമറ്റങ്ങനെ നിന്നുപോയതെന്ന് ചീരുകണ്ടനു നിശ്ചയമുണ്ടായിരുന്നില്ല. കുറുമ്പയുടെ ചോദ്യമാണ് ചീരുകണ്ടനെ ഉണർത്തിയത്.

"വരണില്ലേ...?"

അയാൾ വിഷമിച്ച് കാലുകൾ പറിച്ചുകുത്തി. വെയിലിന് വല്ലാത്ത ചൂട്. തോളിലിരിക്കുന്ന മുന്നാഴി അരിയുടെ കിഴിക്ക് വല്ലാത്ത ഭാരം.

അഴകിയും ചെല്ലയും ചീരുകണ്ടനിലൂടെ കടന്നുപോയി. അവർ ചിരിച്ചും കൈമാടിയും ചീരുകണ്ടനെ പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. ചീരുകണ്ടൻ അവർക്കു നേരേ മനസ്സിന്റെ വാതിലുകളടച്ചുകളഞ്ഞു.

കുറുമ്പ പിന്നെയും നോക്കുന്നുണ്ട്. അവളുടെ കണ്ണുകളിൽ സംശയത്തിന്റെ കനലുകൾ തിളങ്ങുന്നത് ചീരുകണ്ടൻ കണ്ടു. അന്നാദ്യമായി അയാൾ കുറുമ്പയെ പേടിച്ചു. അവളുടെ ഏതെങ്കിലും ഒരു ചോദ്യം അഭിമുഖീകരിക്കാനുള്ള ത്രാണിയില്ലാതെ ചീരുകണ്ടൻ നടന്നു. ഏതു നിമിഷവും കുറുമ്പയിൽനിന്നൊരു ചോദ്യമുണ്ടാകാം.

"ഏനല്ലാതെ നിങ്ങക്ക് വേറെ പെണ്ണുണ്ടോ?"

പക്ഷേ, അതുണ്ടായില്ല. കുറുമ്പ ഒന്നും ചോദിച്ചില്ല. പകൽ വെയിൽ രൂക്ഷമായിരുന്നു. അന്ന് ചീരുകണ്ടൻ എവിടേക്കും പോയില്ല. ഉപ്പും കാന്താരിയും വച്ചു ചതച്ച ചമ്മന്തി കൂട്ടി കഞ്ഞി കുടിച്ച്, ചീരുകണ്ടൻ കൂരയ്ക്കുള്ളിൽ മലർന്നുകിടന്നു. കൂരയുടെ മുകളിലെ കണ്ണോട്ടകളിലൂടെ സൂര്യൻ ഇറങ്ങിവന്ന് ചീരുകണ്ടന്റെ കണ്ണിൽ കുത്തി. അയാൾ കണ്ണുകൾ ഇറുക്കിയടച്ചു.

കൂരയ്ക്കു പുറത്ത് വെളിയിടങ്ങളിലെ പൊന്തക്കാടുകളിൽ കരിയിലംകിളികൾ കലപില കൂട്ടുന്നത് ചീരുകണ്ടൻ കേട്ടു. അവയുടെ ചിലമ്പൽപോലെയായിരുന്നു ചീരുകണ്ടന്റെ മനസ്സും. അത് അശാന്തമായിരുന്നു. അമ്മ തേയിയും കുറുമ്പയും ചെല്ലയും അഴകിയും പിന്നെ കുഞ്ഞച്ചനും ചീരുകണ്ടനെ മഥിച്ചുകൊണ്ടിരുന്നു.

ചീരുകണ്ടനെ ശാന്തനാക്കാൻ ചീരുകണ്ടൻ വൃഥാ ശ്രമിച്ചു. മനസ്സ് ഇളകിമറിയുകയാണ്. കോളുകൊണ്ട കടൽപോലെ. പിന്നെയെപ്പോഴോ ആരോ തന്റെ അടുത്തുവന്നു കിടക്കുന്നതും ഒരു കരം അരുമയോടെ തന്റെ മേൽ പതിയുന്നതും ചീരുകണ്ടൻ അറിഞ്ഞു. അത് കുറുമ്പയാണെന്നറികെ നേരിയ ഭയത്തോടെ ആണെങ്കിലും ചീരുകണ്ടൻ ചോദിച്ചു:

"ഉം..."

"നമുക്കും വേദത്തിൽ ചേരാം..." കുറുമ്പ പറഞ്ഞു.

ചീരുകണ്ടൻ ഒന്നു നടുങ്ങി. ഒരു മദ്ധ്യാഹനക്കാറ്റ് പിടഞ്ഞ് കുന്നുകയറി വന്നു.

*(തുടരും)*

**കവിത** | **പ്രഫ. തോമസ് കണയംപ്ലാവൻ**

## കൊറോണാപ്പുരാണം

ഇത്തിരി മാംസ്യവു,മതിൻമീതെ തെല്ലു കൊഴുപ്പുമായ്
നിത്യവും കൊറോണാ വൈറസ് തപസ്സിരിപ്പൂ!
ജീവകോശമൊന്നുമായി പ്രണയത്തിലായാൽ മാത്രം
കോവിഡെന്ന മഹാരോഗമവൻ പരത്തും
ഈ മഹാമാരിയാലിന്നു ലോകമാകെ നടുങ്ങുന്നു
ഭൂവിലെങ്ങും മരണത്തിൻ വിളവെടുപ്പായ്!
മൃത്യുദംശമേറ്റു മർത്ത്യർ ചത്തുവീഴുന്നനാഥരായ്;
പ്രത്യൗഷധമില്ലാതെ നാം പകച്ചുനില്പൂ!
നിശ്ചയമായിതിനുള്ള വാക്സിൻ കണ്ടുപിടിക്കുവാൻ
നിരന്തരം ഗവേഷണം നടത്തണം നാം
അതുവരെക്കർശനമാം ജാഗ്രത നാം പുലർത്തണം;
ശുചിയായി ജീവിക്കേണ;മകലം വേണം
സഞ്ചരിച്ചീടൊല്ലാ മാസ്ക്കു ധരിക്കാതെ പുറത്തെങ്ങും;
പുഞ്ചിരിക്കാൻ മറക്കും നാമിതു തുടർന്നാൽ.
വർണ്ണം, വർഗ്ഗം, ജാതി, മത,മിവയ്ക്കെല്ലാമുപരിയായ്
മന്നിൽ മർത്ത്യരൊന്നായിപ്പോളണിനിരന്നു!
പാപമാർഗ്ഗം കൈവെടിഞ്ഞുനിഷ്കളങ്കമനസ്സോടെ
പ്രാർത്ഥനയിലാശ്രയിച്ചു ദിനങ്ങൾ പോക്കാം
ഭാവിയിലെ ജനങ്ങളിക്കൊറോണയെപ്പുരാണമായ്
കാണുമെന്നു നിനച്ചിന്നു സമാശ്വസിക്കാം!



പ്രണയപാഠാവലി (46)



ഡോ. ആന്റണി ജോസ്

**ബൗ**ൺസ് ബോൾ ഗെയിമിൽ പന്തിനെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതാണ് പോയിന്റ് നേടുന്നതിനുള്ള വ്യവസ്ഥ. എന്നാൽ, പന്തു നീങ്ങുന്നവഴി അത്ര സുഗമമല്ല. വഴി നിറയെ ഡേഞ്ചർ ബ്ലോക്കുകൾ പതിയിരിക്കുന്നു. അതിൽ തട്ടാതെ വേണം ലക്ഷ്യത്തിലേക്കു കുതിക്കുവാൻ. ഇനി എങ്ങാനും തട്ടിയാലോ? അതുവരെയുള്ള നമ്മുടെ മുഴുവൻ ശ്രമങ്ങളും പരാജയപ്പെടും.




ഒരു വ്യക്തിയിൽ രൂപപ്പെടാവുന്ന ചിത്തക്ഷതങ്ങൾ - അവിശ്വാസം, ഭയം, കുറ്റബോധം, അപകർഷത, നിരാശ, അലസത എന്നിവയാണെന്നു മുമ്പു കാണുകയുണ്ടായി. എല്ലായ്പോഴും ഇവ ഒരുമിച്ച് ഒരു വ്യക്തിയിൽ കാണപ്പെടണമെന്നില്ല. ഒറ്റയ്ക്കോ, പലവിധത്തിൽ സംയോജിച്ചോ അതുണ്ടാകാം. ചിത്തക്ഷതങ്ങൾ ഒരു വ്യക്തിയിൽ ഇല്ലാതിരിക്കുക എന്നത് അപൂർവ്വത്തിൽ അപൂർവ്വമായ കാര്യമായിരിക്കും.

ഭാര്യ ഉത്കണ്ഠയുള്ള ആളാണ് (ഭയം). ഏതു കാര്യവും പരിഹരിക്കാനാവാത്ത ഒരു ഇടങ്ങേടായി മാറുമോ എന്നാണ് ആശങ്ക.

ഭർത്താവാകട്ടെ സ്മാർട്ടാണ്. നല്ല ആത്മവിശ്വാസമുള്ള പ്രകൃതം. പുതിയ അറിവുകൾ, അനുഭവങ്ങൾ - അയാൾക്കു ഹരമാണ്. ഇരുവരുടെയും സംഗമവേദിയായ കുടുംബത്തിൽ എന്തൊക്കെ സംഭവിക്കുന്നുണ്ടായിരിക്കും?

അവൾക്കെപ്പോഴും ടെൻഷനാണ്. കുട്ടികൾ സ്കൂളിൽനിന്നു താമസിച്ചുവന്നാൽ (എന്തോ അരുതാത്ത പണിക്കു പോയി?) നേരത്തേ വന്നാൽ (ക്ലാസ് കട്ട് ചെയ്തോ?) ഒക്കെ ടെൻഷൻ. രാത്രി ഉറക്കമിളച്ചു പഠിച്ചാൽ ആരോഗ്യം നഷ്ടപ്പെടുമോ എന്നു വേവലാതി. കളിക്കാൻ പോയാൽ പഠനം ഉഴപ്പുമെന്ന് ഉറപ്പ്!

ഇതെല്ലാം കണ്ടും കേട്ടും സഹിച്ചു നിൽക്കുന്നതിനു പുറമേ, ഭർത്താവിന് സ്പെഷ്യലായി വേറെയുമുണ്ട് ചുമടുകൾ. പച്ചക്കറി വാങ്ങിയാൽ വിഷത്തെക്കുറിച്ച്, ടെൻഷൻ, ലോണെടുത്താൽ ജപ്തിയെക്കുറിച്ചു ടെൻഷൻ, ബിസിനസ് തുടങ്ങിയാൽ പരാജയത്തെക്കുറിച്ചു ടെൻഷൻ... ഇങ്ങനെ പോകുന്നു.

ഭയം പ്രണയത്തിന്റെ ഊഷ്മളത നഷ്ടപ്പെടുത്തും. ഇവിടെയും അതാണുണ്ടായത്. തന്റെ എത്ര നല്ല തീരുമാനത്തെയും, ഉപദ്രവത്തിനുള്ള ആയുധമാക്കുകയാണവൾ. ആ ബോധ്യം നാൾക്കുനാൾ രൂഢമൂലമായി. ഒരു ദിവസം സഹികെട്ടു പറയേണ്ടി വന്നു: "ജീവിതം നശിപ്പിക്കാൻ ഓരോന്നു വന്നോളും."

അതു കേട്ടതോടെ അവളുടെ സകല പ്രതീക്ഷയും തകർന്നു. തന്റെ ഭയാശങ്കകൾക്ക് അത്താണിയായിരുന്നയാൾ, തന്നെക്കൊണ്ടു മടുത്തിരിക്കുന്നു! ഇവിടെ ഒരു ദൂഷിതവലയം രൂപപ്പെടുകയായി. ഇനി അവർ പരസ്പരം തകർച്ചയ്ക്കും തളർച്ചയ്ക്കും ആക്കം കൂട്ടും. അതായത്, അയാളുടെ ഓരോ വാക്കും അവളുടെ ഭയമെന്ന ചിത്തക്ഷതത്തെ വ്രണപ്പെടുത്തിക്കൊണ്ടിരിക്കും. അതിനുള്ള അവളുടെ പ്രതികരണം, അയാളുടെ നിരാശയെയും.

കസിന്റെ ബൈക്കിൽ അയാളുടെ പിന്നിലിരുന്നു യാത്ര ചെയ്ത ഭാര്യയെക്കുറിച്ച് അറിയുന്ന ഭർത്താവ് (അവിശ്വാസം), ഉദ്യോഗസ്ഥനായ ഭർത്താവിന്റെ സഹപ്രവർത്തകൻ ഒരുക്കിയ പാർട്ടിയിൽ വീർപ്പുമുട്ടിയ വീട്ടമ്മയായ ഭാര്യ (അപകർഷത), ഒരു പരിധി വിട്ട് കഷ്ടപ്പെടാൻ വൈമുഖ്യമുള്ള ഭാര്യയെ ആദായം കിട്ടാൻ ആടു വളർത്തലിനു നിർബന്ധിക്കുന്ന ഭർത്താവ് (അലസത), എത്ര നന്നായി പാചകം ചെയ്താലും അമ്മായിയമ്മയുടെ പഴി കേൾക്കുന്ന ഭാര്യ (നിരാശ) - ഇവരൊക്കെ പ്രണയത്തിന്റെ പ്രതിരോധശക്തി ചോർന്നു പോയവരല്ലേ?

ചിത്തക്ഷതപീഡയനുഭവിക്കുന്ന പങ്കാളിയോടുള്ള പെരുമാറ്റം എങ്ങനെയായിരിക്കണം? കരുണ വേണം. അതാണല്ലോ പ്രണയത്തിന്റെ സി.പി.യു. അതിൽനിന്ന് അടിയന്തരമായി രൂപപ്പെടേണ്ടത് വിശ്വസ്തതയാണ്. നമ്മിൽ വിശ്വസ്തത യഥാർത്ഥത്തിൽ ഉണ്ടെങ്കിൽ, പങ്കാളി നമ്മെ വിശ്വാസത്തിൽ എടുത്തുകൊള്ളും. ഏതു ചിത്തക്ഷതത്തിലും പങ്കാളിയുടെ വിശ്വസ്തതാപൂർണ്ണമായ പിന്തുണ സമാനതകളില്ലാത്ത പ്രത്യൗഷധമാണ്.

ഇണയെ പഠിക്കുന്ന പങ്കാളി ഒരു പരമാർത്ഥം തിരിച്ചറിയണം. അവളുടെ ചിത്തക്ഷതങ്ങൾ അവളുടെ തന്നെ ബോധപൂർവ്വമായ സൃഷ്ടികളല്ല. ബൗൺസ് ബോൾ ഗെയിം പോലെ ജീവിതയാത്രയിൽ അവളുടെ കരംപിടിക്കുക; കരുതലോടെ.

അവളെ നിരാലംബയാക്കുന്ന സകലതിനുമെതിരേ വിശ്വസ്തതയുടെ ചുറ്റുമതിൽ ഉയരണം, അവിടെയാണ് അവളുടെ/ അവന്റെ ക്ഷതങ്ങൾ സൗഖ്യപ്പെടുക.

■

# സൗഖ്യത്തിന്റെ തരംഗങ്ങൾ



സി. മേരി ജയിൻ എസ്.ഡി.

**ഒ**രു യുഗപരിവർത്തനത്തിന്റെ കാലഘട്ടത്തിലാണു നാം നില്ക്കുന്നത്. പ്രപഞ്ചശക്തികൾ വർത്തമാനകാലജീവിതത്തെ കൂടുതൽ കൂടുതലായി സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടവുമാണിത്.

പരമസത്യം ഗ്രഹിക്കാൻ നമുക്കു കഴിയുന്നില്ല. പ്രപഞ്ചശക്തികളുടെ ആന്തരികവും ബാഹ്യവുമായ വിളയാട്ടം നിസ്സഹായതയോടെ നോക്കിനില്ക്കേണ്ടി വരുന്നു. കൊറോണ ലോകമാസകലം സംഹാരതാണ്ഡവം നടത്തുകയാണ്. ആത്മാവും ശരീരവും ഒരുപോലെ നശിച്ചുകൊണ്ടിരിക്കുന്നു.

ചില പ്രാപഞ്ചികനിയമങ്ങളെ ആധാരമാക്കി യുഗങ്ങൾ മാറി വരുന്നു. ഓരോ യുഗത്തിലും അതിന്റേതായ ആത്മീയോൽക്കർഷം ഉണ്ടാവുകയും മനുഷ്യന് കൂടുതൽ ആത്മീയമായ ഉൾക്കാഴ്ച ഉണ്ടാവുകയും ചെയ്യുന്നു. ഇഹലോകവാസം ക്ഷണികമാണെന്നും ശാശ്വതജീവൻ ഈശ്വരനിലാണെന്നും നാം തിരിച്ചറിയണം.

നാം ജീവിക്കുന്നത് ആണവയുഗത്തിലാണ്. എങ്കിലും കൊറോണാകാലം ഈ യുഗം ആത്മീയമൂല്യങ്ങളിലധിഷ്ഠിതമായ ഒരു ജീവിതശൈലി നമുക്കു കാട്ടിത്തരുന്നു. ഓരോരുത്തരും സത്യം കണ്ടെത്താൻ അവനവന്റെ ഉള്ളിലേക്കു തിരിയണം. ഭൗതികലോകത്തിന്റെ ആഡംബരങ്ങളെല്ലാം ഒന്നൊന്നായി തകർന്നുവീഴുകയാണ്. മഹാരോഗത്തിന്റെ പിടിയിൽപ്പെട്ട് ലക്ഷങ്ങൾ മരിക്കുന്ന കാഴ്ച. കണ്ടുനില്ക്കുന്നവരിൽ ഭീതി മറ്റൊരു സാംക്രമികരോഗംപോലെ പടർന്നുപിടിക്കുന്നു.

ഇത്തരമൊരവസ്ഥയിലും ജീവന്റെ ദാതാവും രക്ഷകനുമായ ദൈവം നമ്മെ വിട്ടുകളയുന്നില്ല. കാരണം, ദൈവം സ്നേഹമാകുന്നു. മനുഷ്യന് എത്രമാത്രം ആവശ്യങ്ങൾ വർദ്ധിക്കുന്നുവോ അത്രമാത്രം ശക്തിയിലും വീര്യത്തിലും ദൈവാത്മാവ് ഈ ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും. തന്റെ മക്കളെ അവൻ വഴി കാട്ടി നടത്തുന്നു. അവർക്കു ശാന്തി പ്രദാനം ചെയ്യുന്നു.

സർവ്വശക്തികളുടെയും ഉറവിടവും ജീവചൈതന്യത്തിന്റെ മൂലബിന്ദുവും സർവ്വേശ്വരനാകുന്നു. ഇതാണ് രക്ഷയുടെ ആദ്യത്തെ പടി. കളങ്കരഹിതമായ വികാരവിചാരങ്ങളിലൂടെ മറ്റുള്ളവരുമായി സമാധാനം പങ്കിടുക രണ്ടാമത്തെ പടി. മനുഷ്യൻ തന്റെ സഹജീവിയെ സ്നേഹിക്കാൻ തുടങ്ങുമ്പോൾ, അവന്റെ കഷ്ടതയിൽ ആർദ്രതയുണ്ടാകുമ്പോൾ അവന്റെ കഷ്ടത നമ്മുടേതാവു



ന്നു. സഹജീവികളെ തന്നെപ്പോലെതന്നെ കാണുമ്പോൾ, അവരെ അടുത്തറിയുമ്പോൾ, ആന്തരികവൈദ്യനും ആത്മാവിന്റെ രക്ഷകനുമായ ക്രിസ്തുവുമായി നാം കൂടുതൽ അടുക്കുന്നു. കാരണം, നമ്മിലെ ദൈവികചൈതന്യമാണ് ക്രിസ്തു. അവനാണ് നമ്മുടെ വഴിയും ജീവനും. അവൻ മാത്രമാണ് ഏവരുടെയും ആന്തരികവൈദ്യനും ആശ്വാസദായകനും. നശ്വരലോകത്തിന്റെ ഭ്രമത്തിൽപ്പെടാതെ സത്യലോകം അന്വേഷിക്കുകയും ഒരിക്കലും നശിക്കാത്ത ഇടങ്ങളിൽ ഉറച്ചുനില്ക്കാൻ ശ്രമിക്കുകയും ചെയ്യാം.

# മാർ പീറ്റർ കൊച്ചുപുരയ്ക്കൽ അഭിഷിക്തനായി





**പാ**ലക്കാട് രൂപതയുടെ പ്രഥമസഹായമെത്രാനായി മാർ പീറ്റർ കൊച്ചുപുരയ്ക്കൽ അഭിഷിക്തനായി. ജൂൺ 18 ന് രാവിലെ 10.20 ന് നിയുക്തമെത്രാനും മറ്റു ബിഷപ്പുമാരും പ്രദക്ഷിണമായി ചക്കാന്തറ സെന്റ് റാഫേൽസ് കത്തീഡ്രലിൽ പ്രവേശിച്ചതോടെ ചടങ്ങുകൾക്കു തുടക്കമായി. മുഖ്യകാർമ്മികനായ പാലക്കാട് ബിഷപ് മാർ ജേക്കബ് മനത്തോടത്തും നിയുക്തമെത്രാനും ചേർന്നു തിരിതെളിച്ചതോടെ തിരുക്കർമ്മങ്ങൾ ആരംഭിച്ചു.

നിയുക്തമെത്രാന്റെ മാതൃരൂപതയായ പാലാ രൂപതാദ്ധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ഇരിഞ്ഞാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ എന്നിവർ സഹകാർമ്മികരായി. തൃശൂർ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് വചനസന്ദേശം നൽകി.

ബിഷപ് കൊച്ചുപുരയ്ക്കലിനെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ ഉത്തരവ് പാലക്കാട് രൂപത ചാൻസലർ ഫാ. ജെയ്മോൻ പള്ളിനീരാക്കൽ വായിച്ചു. കത്തീഡ്രൽ വികാരി ഫാ. ജിജോ ചക്കാലയ്ക്കൽ മലയാളപരിഭാഷ വായിച്ചു. റോമിലെ പൗരസ്ത്യതിരുസംഘം തലവൻ കർദ്ദിനാൾ ലെയനാർദോ സാന്ദ്രിയുടെ സന്ദേശം സെന്റ് മേരീസ് മൈനർ സെമിനാരി റെക്ടർ ഫാ. ജോസ് പൊൻമാണി അവതരിപ്പിച്ചു.

വിശ്വാസപ്രഖ്യാപനത്തിനും വിധേയത്വപ്രഖ്യാപനത്തിനും ശേഷം നിയുക്ത ആർച്ചുബിഷപ്പിന്റെ നെറ്റിയിൽ മൂറോൻ അഭിഷേകം ചെയ്തു. സ്ഥാനചിഹ്നങ്ങളായ മുടിയും അംശവടിയും ധരിപ്പിച്ചതോടെ മെത്രാഭിഷേകകർമ്മങ്ങൾക്കു സമാപനമായി. തുടർന്ന് പുതിയ ബിഷപ്പിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അഭിഷേകച്ചടങ്ങുകൾക്കു വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പള്ളി നേതൃത്വം നൽകി. ടൂണീഷ്യയിലെ ലാറസ് ആണ് മാർ പീറ്റർ കൊച്ചുപുരയ്ക്കലിന്റെ സ്ഥാനിക രൂപത.

സുൽത്താൻപേട്ട ബിഷപ് ഡോ. പീറ്റർ അബിൻ അന്തോണി സ്വാമി, മൂവാറ്റുപുഴ ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്, ഹൊസ്സൂർ രൂപത ബിഷപ് മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ, തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, വൈദികർ, സന്ന്യസ്തർ, കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു. ഫാ. മാത്യു ഇല്ലത്തുപറമ്പിൽ ആർച്ചുഡീക്കനായി.

1964 മേയ് 29 ന് പാലാ രൂപതയിലെ മരങ്ങോലിയിൽ കൊച്ചുപുരയ്ക്കൽ മാണി അഗസ്റ്റിന്റെയും ഏലിക്കുട്ടിയുടെയും ഏഴുമക്കളിൽ ആറാമനായി പീറ്റർ ജനിച്ചു. 1980 ജൂൺ 20 ന് സെമിനാരിയിൽ ചേർന്നു. 1990 ഡിസംബർ 29 നു മരങ്ങോലി സെന്റ് മേരീസ് പള്ളിയിൽ പാലാ ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിലിൽ നിന്നു തിരുപ്പട്ടം സ്വീകരിച്ചു.

# കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര

1–ാം പേജ് തുടർച്ച

സ്വകാര്യവാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിലായി. നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ ഒമ്പതു മുതൽ ആരാധനാലയങ്ങൾ തുറന്നു പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്നതിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാകർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗവ്യാപന നിയന്ത്രണത്തിനുവേണ്ട മുൻകരുതലുകൾ എടുത്തേതീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമുണ്ടെന്നറിഞ്ഞാൽ, ആരാധനാലയങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്നഭ്യർത്ഥിക്കുന്നു. പൊതുസമൂഹം സാധാരണ ജീവിതശൈലിയിലേക്കു വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശികജീവിതം ക്രമേണ സാധാരണഗതിയിലേക്കു വരണമെന്നതാണു നമ്മുടെ ലക്ഷ്യം.

**ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ**

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡുകാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അല്മായരും ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിൽ ദത്തശ്രദ്ധരായിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതുകൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബപ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസവിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

> **സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കുംവേണ്ടി യഥാസമയം വേണ്ടതു നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. വ്യക്തികളും സഭാസംവിധാനങ്ങളും ആവശ്യത്തിൽ കവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടി വയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം.**

വിശ്വാസജീവിതത്തിനു നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽനിന്ന് അകറ്റുവാൻ പരിശ്രമിക്കാം. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം, മനുഷ്യജീവനെതിരെയുള്ള അക്രമങ്ങൾ, സാമൂഹിക മാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചാരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്കു പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേക്കു തിരിച്ചുവന്നുകൊണ്ടിരിക്കുകയാണല്ലോ. അവർക്കാവശ്യകമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യമായ സ്കൂൾ-കലാലയ വിദ്യാഭ്യാസസൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തിക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയവിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കുന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ, അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ടു കാണുന്നു. മനുഷ്യത്വത്തിനു നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടത് ലോകജനതയുടെ സാംസ്കാരികോന്നമനത്തിന് ആവശ്യമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയവിവേചനം നമ്മുടെ വിശ്വാസത്തിനു കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയവ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽനിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരായിക്കണ്ട്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹിക മാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉത്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയുംവിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമ പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷി ചെയ്യണം. ഒരിഞ്ചു കൃഷിഭൂമിപോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യരാഷ്ട്രസംഘടനയുടെ മുന്നറിയിപ്പുപ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉത്പാദിപ്പിക്കുന്നവ കൊണ്ടുതന്നെ നമുക്കു ഭക്ഷിക്കാൻ വേണ്ടവ ലഭിക്കുമെന്നാണു വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ഗ്രോബാഗുകളിലും ടെറസുകളിലും കൃഷിചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷികവിളകൾ ന്യായവിലയ്ക്ക് എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യങ്ങളിലും ഇതര രാജ്യങ്ങളിലും വില്പനസാധ്യതയുള്ള വിളകളിലേക്കു നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാകോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്കു നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതു നന്നായിരിക്കും. ചെറുകിടവ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

> **വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയുംവിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമ പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷി ചെയ്യണം. ഒരിഞ്ചു കൃഷിഭൂമിപോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം.**

കോവിഡ്കാലത്തു വന്ന സാമ്പത്തികമാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണപരിശ്രമങ്ങൾ കൂടിയേ തീരൂ. അതോടൊപ്പം, കേന്ദ്രസംസ്ഥാന സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന കോവിഡനന്തര സാമ്പത്തികോന്നമന പ്രവർത്തനങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യരാജ്യമെന്ന നിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരേ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിഞ്ഞാൽ പൊതുമനഃസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷമൂല്യങ്ങൾക്കനുസൃതമാക്കാൻ കോവിഡുകാലത്തും കോവിഡനന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്കു പങ്കുചേരാം.

□

Deepanalam Weekly

RNI No : 16998/68
Vol. 53 No. 9 Date of Publication 25 June 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

# തമ്പാൻസ്
# മേവട മെഡിക്കൽ സെന്റർ

Estd: 1925

**പി. ഒ. മേവട, കോട്ടയം-686573**

**PH: 04822 - 269155 (വൈദ്യശാല), 268833 (ഹോസ്പിറ്റൽ), 267033 (Res)**

- ദിവംഗതനായ വൈദ്യകലാനിധി മേവടത്തമ്പാന്റെ ദീർഘദർശനവും മാർഗ്ഗദർശിത്വവും കൊണ്ടു വളർന്ന ഒരു സ്ഥാപനം. 95 ൽ പരം വർഷത്തെ സേവനപാരമ്പര്യം.
- ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമ്മിക്കുന്നു.
- നേഴ്സിംഗ് ഹോമിൽ പിഴിച്ചിൽ, ധാര, നവരക്കിഴി തുടങ്ങിയ മറ്റു സ്നേഹ-സ്വേദ കർമ്മങ്ങളും നിർവഹിക്കുന്നു.
- അലോപ്പതി ആശുപത്രിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.



യശഃശരീരനായ
ശ്രീ. തമ്പാൻ വൈദ്യൻ
(കെ.കെ. കർത്താ)

**ഫിസിഷ്യൻസ്**

1. ഡോ. കെ. ഗോപാലകൃഷ്ണൻ BAM, MBBS (Rtd. Civil surgeon) (എല്ലാ ദിവസവും)
2. കെ. രാജഗോപാൽ BSc.B.A.M (എല്ലാ ദിവസവും)

---

**90-ൽപരം വർഷങ്ങളിലൂടെ ആർജ്ജിച്ച വളർച്ചയും വിശ്വസ്തതയും...**




നവീകരിച്ച വൈദ്യശാല

# S.S.V. ഫാർമസി

**കരിങ്കുന്നം P.O. തൊടുപുഴ**

**Ph: 04862 - 242287**

**എല്ലാവിധ ആയുർവ്വേദചികിത്സകൾക്കും ഔഷധങ്ങൾക്കും വിശ്വസ്തസ്ഥാപനം**

ചീഫ് ഫിസിഷ്യൻ: ഡോ. ജയഘോഷ് BAMS

**പരിശോധനാസമയം:** രാവിലെ 9.30 മുതൽ 1 വരെ
ഉച്ചകഴിഞ്ഞ് 3.30 മുതൽ 5.30 വരെ,
ഞായർ ഉച്ചവരെ

**ഹോമിയോ ക്ലിനിക്**

ഡോ. അനു ജയഘോഷ് BHMS

---

# അമലാ ആയുർവ്വേദ ഹോസ്പിറ്റൽ

**അട്ടിക്കൽ, പൊൻകുന്നം, ഫോൺ: 04828-221058, Mob: 9447773241**

**A MULTI-SPECIALITY & RESEARCH CENTRE**

- വാതരോഗങ്ങൾ, ത്വഗ്രോഗങ്ങൾ, സോറിയാസിസ്, നട്ടെല്ലുരോഗങ്ങൾ, തളർവാതം, അർശസ്സ്, പ്രമേഹം, ആസ്ത്മ, കരൾരോഗങ്ങൾ, വൃക്കരോഗങ്ങൾ, സ്ത്രീരോഗങ്ങൾ, ബാലരോഗങ്ങൾ എന്നിവയ്ക്ക് പ്രത്യേക ചികിത്സ.
- പിഴിച്ചിൽ, തിരുമ്മ്, നവരക്കിഴി, പഞ്ചകർമ്മചികിത്സ എന്നിവയ്ക്ക് പ്രത്യേക ചികിത്സാവിഭാഗം.
- ഒടിവ്, ചതവ്, ഉളുക്ക് ഇവയ്ക്ക് മർമ്മചികിത്സ.
- സ്ത്രീകൾക്കുവേണ്ടി പ്രത്യേക വിഭാഗവും, ഡോക്ടറുടെ സേവനവും ലഭ്യമാണ്.

***പരിശോധനാസമയം:*** രാവിലെ 9 മുതൽ 1 വരെ, ഉച്ചകഴിഞ്ഞ് 3.00 മുതൽ 6.30 വരെ (ഞായർ അവധി)

**ഫിസിഷ്യൻസ് :**

ഡോ. കെ.എം. ഫിലിപ്പ് B.A.M.
ഡോ. സോഫിയ ഫിലിപ്പ് B.A.M.
ഡോ. സെബാസ്റ്റ്യൻ ഫിലിപ്പ് B.A.M.S., M.D (Ay)
ഡോ. ലിൻഡാ സെബാസ്റ്റ്യൻ B.A.M.S.

---

**എല്ലാവിധ ഇംഗ്ലീഷ് - ആയുർവ്വേദ - വെറ്റിനറി മരുന്നുകൾക്കും വിശ്വസ്തസ്ഥാപനം**

# NIRAPPEL MED +

(നിരപ്പേൽ നാരായണൻ വൈദ്യനാൽ 1947 ൽ സ്ഥാപിതം)

ന്യൂ മുനിസിപ്പൽ കോംപ്ലക്സ്, വലിയപാലത്തിനു സമീപം
മെയിൻ റോഡ്, **പാലാ**

**Phone: 7559927020**

ആയുർവ്വേദഫിസിഷ്യന്റെ സേവനം ലഭ്യമാണ്

എല്ലാവിധ ഇൻസുലിനും 15 % മുതൽ 20% വരെ വിലക്കുറവിൽ ലഭിക്കുന്നു

ഡോ. സച്ചിൻ ദിലീപ് നിരപ്പേൽ BAMS (ഫിസിഷ്യൻ)

വിപണിയിൽ പ്രചാരമേറുന്നു...: **ബീനാ ഹെയർ ടോണിക്**

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com